There are many things that are wrong here on Earth. Fresh air, for instance, is becoming rare in big cities. Rivers and Oceans are full of harmful chemicals. Industries have usurped two thirds of the worlds forest areas. Devastating food problem is chasing man away to death.

But space which is hitherto considered as the only hope for man promises a way out. The very nature of the conquest of space boosts our morale. What a relief to think of an educational satellite, just when a UNESCO survey has declared an alarming increase in the illeterate population in the world. Again how interesting and rewarding would be the vital crop surveys from satellites! The infra-red sensors and cameras would rediscover the worlds resources and provide an invisible but real shield against the Malthusian devil !! Products unheard of now may well emerge as 'made in space' Under zero gravity it is considered possible to combine materials with different densities and properties, like glass and steel, ceramics and plastics. The experiments conducted by Apollo-14 astronauts claim that crystals of great purity and size could be formed in space. They grew electronic crystals ..... the valuable chips for T V, the computer and the radio. Attepts are being made to separate biological molecules in liquids in gravity-free space. Let us hope, in the near future purer vaccines, antibiotics and enyzymes would flow down from the 'factories in space'. Scientists believe that within a decade or so power could be generated entirely from Solar energy which is now being wholely wasted. However to define the uses of space is to limit our imagination to the experiences of today, leaving almost no scope for the totally unspected.

**Seeds of life in Space !!**

Are the someother intelligent beings elsewhere in space ? While no definite answer can be given, there have been exciting developments in this field in recent years. The chemist has joined the astronomer in this detective hunt for the life-forms in space. Only a few months before, the discovery of formaldehyde, ammonia and water were found in some

BEST WISHES FROM:

# Prabhu & Bros.

HARDWARE & PAINT DEALERS

"ROCK HILL" BUILDINGS

BANERJEE ROAD, COCHIN-18.

Phone: 33621

WITH BEST COMPLIMENTS FROM

# Sreedhar Medicals

CHEMISTS & DRUGGISTS

ERAMALLOOR

VISIT!

# HOTEL MANAGE

THEVARA

FOR DELICIOUS MEALS

PARTIES WILL BE ARRANGED ON ORDER

HEARTY GREETINGS FROM

# INDIAN HARDWOODS,

EXPORTERS

POST BOX No. 298

COCHIN-2.

# ROMANTIC MANUSCRIPT OF A FUTILE LOVER

N. PADMANABHAN
III B. A. Economics

Oh! my little babe, if you worship the rays of sun God; you will learn that I am the sun; cupid is the suns ray; prince is the hilarious earth; you the romantic mysterious golden moon and others enterprising earthlings. I know not your hand or voice, which I wish to know and as a token of love, affection and friendship possess your image-fac-simille. Hey! Moonlit face you are naive and sober, so guide the beam of sun to love unto love. Ah! worthy angel I bestow upon you my best wishes for a happy fettered life with your fiancee by the bond of love and marriage.

You are a cheese cute little doll with a beauty like an alligator waiting on the bulrushes onslaught, and a willowy figure with a melodious bewitching voice "May be I am your cuss but no doulet you are my puss; like we go like we come; sawyers blandishing your rawness; not I your house, naught you my spouse; sought your wrought and caught your trot, but all in rot". Hah! Beauty bounty fair lady skulk a chaım for a roulette bait or treat as to your courtship. May Allah bless you with eterual happiness and let me wish you a wonderful wedded life with your betrothed.

I do not need your autogragh anymore.

Fie your will unto me and nip thou soul to me you will see me foudling you, yourself and your everything. Lastly, at least after visualiqing this memento mail an imprint of yours to me. I would blown an avalanche of kisses. Oo! No time and distance never break the bond of love so love thou that loveth. Hatered is dreadful and love is dreamful I like to dream rather than dread. Nice kid forget time not for I am a passing cloud with futile shape. For once be of your age and scram through this world of flisting with philanderes and make sincere love. Fate smiles upon me sardonically for feeling this way and I laugh in turn neuratically.

You are really a sight in Doldrums and you female of the species turn youth into a world full of love in charm. Think of this spiteful and remorseful giant in the least for he will haunt you every now and them, Remember me when you are a mistress in distress or when as happy as Adam Eve and go through 'his romance of mine whence your spirits may be prospered and enlightened to the seventh heaven.

Longing for you my dear cupid-lady love.

Human knowledge is a means to human liberation. Although knowledge is a product of practice, who can deny the influence of knowledge or practice? Knowledge liberates human beings from being mere slaves of nature. As explained earlier our knowledge is imperfect and incomplete perpetually, being supplemented and perfected. This growth is due to man's ever growing thirst to conquer nature, to organise his own society to solve the new contradictions.........So it is only natural that ever growing knowledge should contribute to the realisation of that mastery, better organisation, solutions.........to the realisation of a full and better life.

To liberate means to set free. Naturally many a fundamental question arise; 'For what'? . 'For whom'? . 'From where'? Our universities have to be freed from the present rotten structures. It is not my intention to give a woeful litany of the defects of our system. The spoon-feeding type of education has removed out any remanants of self-reliance in students. The 'banking' type of education has destroyed the creative power of student. The students have been reduced to 'containers' to be 'filled' by teachers. The examination burden of education has often been criticised. Our curriculum of studies has little relevance to our life or our needs. We have to understand that modernisation does not necessarily imply westernisation. Today our universities turn out millions of students who are culturally alienated from the toiling millions. It is fostering unhealthy relationships between sexes, the narrative character of student-teacher relationship and it's emphasis on individual development at the stake of social purposes of education. One could fill pages with such anomalies.

Present education, we receive is divorced from productive labour. It is a major defect of our system that it is alienated from real life and labour. There is no connection between actual tasks of organisation of social labour and teaching. Another fundamental drawback, may the greatest, is the class nature of our education. This is often 'overlooked'. The capitalist education we receive is alien to the needs of society. The class nature of our education is evident from the low rate of literacy prevalent among the people. The whole system of education is monopolised by vested interests - religions, communal elements - spreading their poisonous ideologies. The education today is monopolised by the rich. It helps the rich to get educated and keep the exploited millions still under their capitalist yoke and thus perpetuate the system. Thus our education-system instead of leading itself to the solution of these contradictions has really deepened them.

Though liberation of man from ignorance is significant, freedom from ignorance or attainment of education in itself is useless, unless it does not serve as a guide to action. Knowledge without action is meaningless. So our knowledge must be a stimulant to further the liberation of man from his alienation. The economic alienation of man is the basic alienation because to a greater or lesser degree they define the character of other socio-political alienation. Those who do no work have every thing and those who do work get nothing. Thus society is divided into classes:- 'the haves and the have nots'. This is the principal contradiction of our society- "capitalist exploiters and the proletarian exploited." Man has to be liberated from his alienations and has to discover solutions for these contradictions. This liberation can be brought about by revolutionary activities. Today a part of humanity is seperated from it and is reduced to things used for the enjoyment of a handful few. Their future has to be fought for. The new education must be directed towards the achievement of this

# LIBERATION AND UNIVERSITIES

B. Chandra Mohan II. B. Sc (Phys)

A University is what it does. It is not my intention to formulate a precise definition for the term university. Such a defnition however comprehensive it might be, cannot serve any useful purpose, unless it is accompanied by elaborate explanations, such a venture is hazardous and at best imperfect. A university conserves communicates and creates knowledge.

University preserves the heritage and tradition of the past and conserves knowledge. It is the greatest cultural institution of the nation. The cultural traditions of the country are passed on to new generations through a university. Our liberative dynamics can hardly bear fruits unless it reflects the cultural traditions. Culture is not a set of lifless symbols, but a dynamic living momentum. Culture gives us a historical sense. The cultural history is a part of the objective material reality that determine the consciousness of man. Future is formed in the womb of the present and the present is the outcome of the past. It is foolish to try to divorce the future from the past.

A university stimulates and creates knowledge. Education should not only transmit knowledge but also transform man. It should stimulate creative thought. It is the Kindergarten fo creative spirit. Without the creation of this spirit, universities can make little contribution to the devlopment or liberation of man.

But what is knowledge. "Knowledge is the sum of conception, views and propositions established and tested as correct reflections, so far as they go, of objective reality, "knowledge is primarily a social product. It is created by individuals, but we have to bear in mind that it is not built by individuals in isolation but acting in co-operation with other individuals. The roots of knowledge lie in the social activities of man mainly the development of production. Knowledge is initiated by human preception. This knowledge based on practice, is verified through practice. This is the cycle of development of knowledge and it is never-ending. For, as new problems arise, new extensions will be made in the horizons of knowledge. What is relevant here for us is that if our knowledge is not to be stagnant but dynamic and growing our knowledge has to be brought to solve the problems of practice. "Practice, knowledge; more practice more knowledge; the cyclic repetition of this pattern to infinity and with each cycle the elevation of the content of practice and knowledge to a higher level......". Knowledge is never complete and perfect and there is always room for expansion. It has always to be supplemented and corrected.

Knowledge reveals the fundamental necessity that is underlying all change. The contradiction in society necessitates a particular change. But in reality we find that the change through fundamental and radical, often assume an accidental character rather than being the result of conscious devleopment. Universities liberate man from ignorance. Acquisition of knowledge and subsequent liberation from ignorance enable us to visualise the necessities of social development and take decisions accordingly. We can control ourselves and external nature to achieve those historical necessities. More important, education frees development from its accidental nature. The scope for operations of chances can be eliminated.

Phone at: 32691

FOR
BEST TAILORING
&
DRY CLEANING

TOMJOS

CHITTOOR ROAD, SOUTH JN: COCHIN-16.

*Compliments from:—*

S. T. REDDIAR & SONS

ESTD: 1886

Quilon, Alleppey, Ernakulam.

*With best compliments from:—*

HOTEL MAHARAJ [Pvt: Ltd]

COCHIN-3
Phone: 6361
(4 Lines)

*With best wishes from:—*

YOGY BEEDI

C/o L. J. PATEL & Co;
COCHIN-1
Phone: 24433

*Hearty greetings from:—*

XAVIER'S TAILORING

PERUMANUR, COCHIN-15.

liberation. The university should play an active role in the shaping of this history. It has to involve and commit itself in such struggles. How can university respond to this social necessity?.

Primarily the university must act as the consciousness of society's aspirations and efforts. It must reflect national life and respond to the longings of the people. It must identify itself with the struggle of the oppressed-not-pseudo-participation but committed involvement. It must physically involve itself in such struggles, only through such committed involvements it can become the mirror of that nation. Examining the Indian university scene one is taken aback with the lack of identification with the oppressed or even participation in developmental pragrammes. The youth can become a great agency for liberation only when it joins hands with the peasants and the proletariat.

The new liberated education will not be for the elite few as is today, but for the people. It will no more be for the rich few who monopolise the education today to perpetuate their oppressive structures, the new education will be intended to produce a new man fired with the knowledge and enthusiasm to transform man and society.

How this liberation is to be achieved is indeed a great problem. And I am quite unable to provide a blue print for action. Whatever be the cause of blue prints chosen (many have been forwarded already). I believe that the students will have a great role to play in their implementation. They have a decisive role to play in the change of the structures and content of their education. The violent student struggles in many countries in the past years point towards this direction.


*With Best Wishes from:-*

**LISA FILMS**

T. D EAST ROAD
ERNAKULAM, COCHIN-11.
Phone:- 32227

*Coming Shortly:-*

Jugal Production's

**KHOJ**

(Hindi-Eastman Colour)

★ing:-
DEEPAK KUMAR,
SATHURGANA SINHA,
JAYASREE T. etc:



Telephone: 24700

Telegrams: "PAPER"

**ISMAIL & DEVASSY**

**MERCHANTS & AGENTS**

P. B. NO. 95, Bazaar Road
MATTANCHERI, COCHIN-2.

Sole Distributors for: THE TITAGHUR PAPER MILLS CO; LTD.
THE GANGES PRINTING INK FACTORY LTD.

PARTNERS: M. ISMAIL, A. L. DEVASSY

# Distinguished guests



Prof: K C. Chacko
Pro: Vice-Chancellor, Cochin University
Inaugurated the College Union



Dr: Govinda Shenoy
Inaugurated Hindi Association



Rev: Fr. Xavier Kaniampuram
Chief Guest of Annual Sports Day



Dr. Xavier
Inaugurated Chemistry Association



Sri. S. K. Mukerjee
Inaugurated Economics Association



Sri. K. M. Kannampilly,
Former Indian Ambassador to Indonesia addressed
the Valedictory Function of the College Union

# They Steered Various Associations



PREMAN C. N.
Malayalam Editor



CLEETUS
HindiEditor



VASUDEVAN N.
Commerce Representative



VARGHESE V. A.
Science Representative



MOHANDAS
Art's Representative



P. J. ANTONY
2nd Language Malayalam
Asso: Secretary



GEORGE K. V.
Planning Forum Secretray



BALAKRISHNAN P. S.
2nd Language Sanskrit
Asso: Secretary



JOSEPH JOY
Pre-Degree Ist group
Representative



SURJIT SINGH
Pre-Degree IInd group
Representative

# They steered various associations



POLACHAN P. J.
Pre-Degree III group
Representative



CHERIAN V. V.
Physics Association Secretary



A. K. SUKUMARAN
Botany Association Secretary



SIVAKUMAR
2nd Language Hindi
Asso: Secretary



THAMPI VARGHESE
Sociology Association
Secretary



P. V. MATHEW
P. G. Representative



K. J. JOSEPH
Malayalam Association
Secretary



K. T. JOSEPH
Economics Asso: Secretary



MULRAJ
Commerce Association
Secretary



Antony Poruthukaran
French Association
Secretary

**addressed the union**



Dr: Bhaskaran
Inaugurated Sanskrit Association



Prof: M. Leelavathi
Inaugurated Malayalam Association



Smt: Vilasini (Cine Actress)
Inaugurated Fine Arts Club



Sri. Nellicode Bhaskaran (Cine Actor)
addressing the Fine Arts Club.



Sr. Lauretta
Inaugurated Sociology Association



M. N. Namboodiripad
Prof: of Electronics St. Albert's College
Inaugurated Physics Association

ഗദ്യകവിത

# കൂപ്പുകൈ

—കെ. വിജയൻ, III B. A.
(കൺവീനർ, യുവസാഹിത്യ സമിതി)

അജ്ഞാത വീഥികളിലാകാശക്കോട്ടകം തേടി
യലഞ്ഞു നടക്കുമ്പോളാശ്രയം നീ മാത്രമേ! ആരുമ-
റിഞ്ഞതില്ലയഞ്ചുവസന്തം പോയി; അന്തിച്ചു നിൽ
ക്കുന്നുവോ, അകലാനായടുത്തോർ? അന്നൊരി
ക്കലെത്തിഞാനനുപമേ നിൻെറ മുന്നിൽ
കൗമാര കവാടത്തിൽ കുളിരുമായ് കരളിൽ. ക-
ണ്ണിൻെറ ഭാഷയിൽ നമ്മൾ വിണ്ണിൻെറ വിഷമം
പോലെ, കൈമാറിയപേക്ഷകൾ പ്രേമപ്രതീ
ക്ഷകളാൽ. ഒരു നീണ്ട കഥയതൊരു മഹോത്സ
വമാണൊരു യുഗ സ്വാതന്ത്ര്യം, ഒരു നൽ സ്വപ്നം
മാത്രം........തങ്കവീണമീട്ടി നീ, യേകരാഗമായിവൻ
ശോകഗാനമാ, യപ്പോൾ; മൂകമീ നിമിഷങ്ങൾ........
ദുർബ്ബലമെൻെറ കരങ്ങൾ കാവ്യമെത്രയെഴുതി,
നിൻമൃദുഹാസം കണ്ട്, കറുപ്പിന്നുലകത്തിൽ....! ആ
മോദമൊരു ജന്മം നമോവാകമുരച്ചു, ഇനിയെ
ന്തിനു വൃഥാ നിന്നിടേണമിവിടെ? ഭയമെൻെറ മു
ന്നിലൊരു ഭീകര നൃത്തമാടിയനന്തമാം വഴിതന്ന-
രുകിൽ, ദൂരെ നില്പൂ........എങ്കിലുമെങ്കിലും ഞാ
നെല്ലാമെതിരിട്ടോളാം പതറാച്ചുവടോടെ പീ
താംബരം സാക്ഷിയായ്........യാത്ര ചോദിക്കുന്നു
ഞാൻ യാമിനി, യരുതു നീ വിതുമ്പരുതീ വേള,
വിജയം നേരുകമേ........

# മലയാള വിഭാഗം



ചെറുകഥ

# നഷ്ടവസന്തങ്ങൾ

ടി. ആർ. ഹെൻട്രി
I B. A. Economics
742

ജീവിതം ഒഴുകി; നദിയായി. താനതിലെ ഒരു കണികയായൊഴുകി.

നദി രണ്ടായി, നാലായി, നിരവധിയായി. ഒന്നുതന്നെ പല ശാഖകളായി, പിരിവുകളായി.

പർവ്വതപ്രദേശങ്ങളിലൂടെ, സമതലങ്ങളിലൂടെ, സമുദ്രങ്ങളിലൂടെ, ഉഷ്ണഭൂമിയിലൂടെ, ശീതഭൂമിയിലൂടെ, സഹാറയിലൂടെ, നഗരങ്ങളിലൂടെ, ഗ്രാമങ്ങളിലൂടെ, ശൂന്യാകാശത്തിലൂടെ, നദിയൊഴുകി...................

ഉത്ഭവം ഒരിടത്തുനിന്നായിരുന്നു. പ്രവാഹപാത വിവിധങ്ങളും.

കരിംപാറക്കൂട്ടങ്ങളിൽ തട്ടിത്തകർന്നു ചിതറിവീണു; പർവ്വതത്തിന്റെ താഴ്‌വാരങ്ങളിലേക്ക്. അവ വൃക്ഷങ്ങളെയും പച്ചപ്പടർപ്പുകളെയും നനച്ചു. അവയ്ക്കാനന്ദമേകി, വളർച്ചയേകി.

തഴച്ചുവളർന്ന കൂററൻ വൃക്ഷങ്ങളുടെ വേരുകൾ കെട്ടിപ്പുണർന്ന മണ്ണ് ആർത്തിയോടെ കാർന്നുതിന്നു. അടിതെററിയ വൃക്ഷങ്ങളെ വിഴുങ്ങി.

തിമർത്തു തുള്ളിക്കൊണ്ടും, ശാന്തമായും അവയൊഴുകി. ഒടുവിൽ ലക്ഷ്യസ്ഥാനമായ സമുദ്രത്തെ തേടി.

തന്റെ ജീവിതമോ? അതിനു ലക്ഷ്യമുണ്ടോ?

ആർക്കറിയാം................

ഈ തെരുവിലെ നിരവധി ജീവിതങ്ങളോടൊപ്പം താനും ഒഴുകുകയായിരുന്നു.

ഇപ്പോൾ...........

തൊട്ടടുത്തിരുന്ന് വലിയ വായിൽ കരഞ്ഞു യാചിക്കുന്ന കുഷ്ഠരോഗിയെ സൂക്ഷിച്ചുനോക്കി. യാചിക്കുന്നതിനിടയിലും അയാൾ തന്നെ ശ്രദ്ധിക്കുന്നുണ്ടായിരുന്നു.

ചീഞ്ഞററുപോയ വിരലുകളുള്ള ആ കൈകളാണ് തന്റെ വിശപ്പുശമിപ്പിച്ചതു്.

കായൽത്തീരത്തു് നെടുനീളം കിടക്കുന്ന ഷൺമുഖം റോഡിനരുകിൽ വളർന്നു പന്തലിച്ചുനിൽക്കുന്ന തണൽവൃക്ഷച്ചോട്ടിൽ വൃക്ഷത്തോടു ചാഞ്ഞിരുന്നു.

പിറകോട്ടു നോക്കിയാൽ അഴിമുഖം കാണാം. അദ്ധ്വാനിക്കുന്നതിനിടയിലുള്ള തൊഴിലാളികളുടെ ഒപ്പച്ചാട്ടുകൾ കേട്ടു. മറൈൻ ഡ്രൈവ് ഒരു യാഥാർത്ഥ്യമാക്കുന്നതിനുള്ള ശ്രമത്തിലാണവർ. അവരുടെ ആരവങ്ങൾക്കിടയിലും കുഷ്ഠരോഗിയുടെ ഭിക്ഷയ്ക്കുവേണ്ടിയുള്ള മുറവിളി തുടർന്നു.

വെയിലിന്റെ ശക്തി കുറഞ്ഞു. കായലിൽ മുങ്ങി കുളിരുമായി വന്ന കാററു് ഉമ്മവച്ചു, തഴുകി, കടന്നുപോയി.

ഇനിയും കാററുവരും.

തെരുവിൽ എന്തു തിരക്കാണ്! വാഹനങ്ങളുടേയും ജനങ്ങളുടേയും ബഹളം!

മന്ത്രിമാർ താമസിക്കുന്ന ഊക്കൻ കെട്ടിടത്തിനു മുൻപിൽ ഒരു കാർ വന്നുനിന്നു. ആരൊക്കെയോ മന്ത്രിയെ ഹാരാർപ്പണം ചെയ്തു സ്വീകരിക്കുന്നു. ഒരു നിമിഷം തറച്ചുനോക്കി.

കലാലയ സുഹൃത്തുക്കൾക്ക് അഭിവാദനങ്ങൾ !

# കുടുംബദീപം

-സാംസ്കാരിക മാസിക-

വിശുദ്ധദീപ്തിയുമായി സംയോജിപ്പിച്ചതു്

## തേവര, കൊച്ചി–13.

- യുവതീ യുവാക്കന്മാർക്കും
- കുമാരീ കുമാരന്മാർക്കും
- വേണ്ടി പ്രത്യേകം പംക്തികൾ.
- സാഹിത്യ – കലാ – മത്സരങ്ങൾ.

— സാഹിത്യ ലേഖനങ്ങൾ
— ചർച്ചാ യോഗങ്ങൾ
— ബൈബിൾ ചിത്രങ്ങൾ
— നോവൽ, ഹാസ്യഭാവനകൾ

വാർഷിക വരിസംഖ്യ
4.50ക. മുൻകൂർ
ഫോൺ: 33341.

ഡിസംബറിൽ
വിഭവസമ്പന്നവും
വർണ്ണശബളവുമായ
ക്രിസ്തുമസ്പതിപ്പ്

അദ്ദേഹത്തിന്റെ മനസ്സിനെ മഥിച്ച അനവധി സംഭവങ്ങൾ — രഹസ്യങ്ങൾ തുറന്നുപറഞ്ഞു. അന്യോന്യം അടുത്തു. സഹായങ്ങൾ സ്വീകരിച്ചു.

പറഞ്ഞതെല്ലാം വിശ്വസിച്ചു; അനുസരിച്ചു.

പക്ഷെ ജീവിതം സ്വപ്നമല്ലെന്നും സ്വപ്നം ജീവിതമാകുകയില്ലെന്നും ഓത്തപ്പോൾ വൈകിപ്പോയി.

ഹോട്ടൽ പാരഡൈസിന്റെ മുപ്പത്തിമൂന്നാം നമ്പർ മുറിയിൽനിന്നും പിരിഞ്ഞതിനുശേഷം അപൂർവ്വമായേ ജോണിയെ കണ്ടുള്ളു. ആ കൂടിക്കാഴ്ച്ചകൾ തന്നെ ഞെട്ടിച്ചുകളഞ്ഞു.

ലോകം അറിയരുതെന്നാഗ്രഹിച്ച രൂപം പ്രാപിച്ചുകൊണ്ടിരുന്ന സത്യം അമ്മ അറിഞ്ഞപ്പോഴേ അവർ തകന്നു വീണു.

ആരുമാരുമറിയാത്തിടത്ത് ഓടിയൊളിക്കാൻ തോന്നി. അഭിമാനം ഹൃദയത്തെ വലിച്ചുകീറി. തകന്ന പ്രതീക്ഷകളുടെ ശവമഞ്ചവും പേറി നിരാശ്രയയായി കോട്ടയത്തുനിന്നും എറണാകുളത്തുവന്നു. നരകത്തിന്റെ നടുവിലാണു വന്നുപെട്ടതെന്ന് ഇരുൾ പരന്നപ്പോഴേ മനസ്സിലായുള്ളു.

പ്രസവത്തോടെ മരിച്ച കുഞ്ഞിനെയും ഉപേക്ഷിച്ച് ആശുപത്രി വിട്ടിറങ്ങി. മനസ്സു ശൂന്യമായിരുന്നു. സ്വീകരിക്കാൻ തെരുവുകൾ! ആശിക്കാനൊന്നുമില്ല.

യാന്ത്രികമായി ജീവിച്ചു. തെരുവിന്റെ സൃഷ്ടിക്ക് ആളുകൾ പേർ നൽകി —

വേശ്യ !!

മഹാരോഗത്തിന്റെ പിടിയിലമന്നതിനുശേഷം തെരുവു വലിച്ചെറിഞ്ഞു.

മുഷിഞ്ഞ കുപ്പായം!

മുഖത്തുനോക്കി ജനം ആക്രോശിച്ചു

സദാചാരത്തിന്റെ മൂടുപടം ധരിച്ച ദുഷിച്ചുനാറിയ സമുദായത്തിന്റെ മുഖത്തേയ്ക്കു കാക്കിച്ചുതുപ്പി!

സമുദായം ചവുട്ടിത്തള്ളിയ തന്നെ അവർ കല്ലെറിഞ്ഞു. പ്രതികാരവാഞ്ഛയുമായി പരതി; ലോകത്തെ മുഴുവൻ ഉള്ളംകൈയിലെടുത്ത് തകത്തു തരിപ്പണമാക്കാൻ.

കത്തിയെരിയുന്ന വെയിലിൽ പ്രജ്ഞയററുവീണ പേക്കോലത്തെ ആരും കണ്ടില്ല. അടുത്തിരുന്ന കുഷ്ഠരോഗി കണ്ടു, ശ്രദ്ധിച്ചു.

അയാൾ ബാണ്ഡം കെട്ടുകയാണ്. ഓ........സമയം അതിക്രമിച്ചിരിക്കുന്നു: അഴിമുഖത്തിനുമപ്പുറം സൂര്യൻ എരിഞ്ഞടങ്ങിയിട്ട് വളരെ സമയമായി. ഇരുളിൽ മെർക്കുറി ബൾബുകൾ പ്രകാശിക്കുന്നു.

തൊഴിലാളികളുടെ ആരവമില്ല. വാഹനങ്ങളുടെ തിരക്കുകുറഞ്ഞു.

ബ്രോഡ്‌വേയിലേക്കുള്ള കുറുക്കുവഴിക്കരുകിലാണ് കുഷ്ഠരോഗി കിടക്കാറ്. അയാളോടൊപ്പം പോയി.

രാത്രിയുടെ നിശ്ശബ്ദതയിൽ സുഖം തോന്നി. ഇടയ്ക്കിടെ വാഹനങ്ങളുടെ ഇരമ്പൽ. സീലോഡ് ഹോട്ടലിൽനിന്നും കാബറെ ഡാൻസിന്റെ താളം അന്തരീക്ഷത്തിൽ അലയടിക്കുന്നു.

ദൂരെ രാജേന്ദ്രമൈതാനിയിൽ ഉച്ചഭാഷിണിയിലൂടെ മന്ത്രിയുടെ പ്രസംഗം അവ്യക്തമായി കേൾക്കാം.

അടുത്ത പീടികത്തിണ്ണകളിൽ ഭിക്ഷക്കാർ ഉറങ്ങുന്നു. തിയേററററിൽ വച്ച് ഹെൻട്രി ഡിസൂസയുടെ പിടിയിൽനിന്നും കുതറിയോടിയതോത്തു.

കുഷ്ഠരോഗിയെ തള്ളിമാററിയില്ല. പടിഞ്ഞാറുനിന്നും ഒരു തണുത്ത കാററുവന്നു.

“വിളക്കുകെട്ടു” മങ്ങിക്കത്തിക്കൊണ്ടിരുന്ന മണ്ണെണ്ണവിളക്കണഞ്ഞപ്പോൾ അയാൾ പറഞ്ഞു.

“സാരമില്ല”

“കത്തിക്കണോ?”

“വേണ്ട. ഇനിയതു് കത്തുകയില്ല. എണ്ണതീന്നുപോയി.”

സുഖമായുറങ്ങിയ കുഷ്ഠരോഗിയുടെ പണസഞ്ചിയുമായി അവൾ അടുത്ത പീടികത്തിണ്ണയെ ലക്ഷ്യമാക്കി ഇരുളിലൂടെ നടന്നുനീങ്ങി.

തൊഴിൽ ചെയ്തു ജീവിക്കുന്നവരുടെ നേതാവായ മന്ത്രിയുടെ പ്രസംഗം തുടരുകയാണ്; ഇപ്പോഴും !

ജോണി ! !

അല്ല. ബഹുമാനപ്പെട്ട മന്ത്രി!

സംസ്ഥാനത്തെ തൊഴിൽവകുപ്പ മന്ത്രിയാണിന്നദ്ദേഹം. പച്ഛം തോന്നിയില്ല. എന്തിനു പച്ഛിക്കണം. എല്ലാം തൻെറ വിധി!

എന്നാലും അദ്ദേഹം തന്നെ ഓക്കുന്നുണ്ടാവില്ലേ?

ഹോട്ടൽ പാരഡൈസിൻെറ ആറാം നിലയിൽ മുപ്പത്തിമൂന്നാം നമ്പർ മുറിയിൽ..................

ഹോ........അദ്ദേഹം അതെല്ലാം മറന്നുകാണുമോ?

ജീവിതത്തിലാദ്യമായി ഒരു പുരുഷനുമൊത്തു ശയിച്ച രാത്രി. അന്നേവരെ ഭദ്രമായിരുന്നതെല്ലാം "ആത്മാത്ഥത" എന്നതു് വഞ്ചിക്കുന്നതിനുള്ള ആയുധമാണെന്നു മനസ്സിലാക്കാതെ അദ്ദേഹത്തിനു സമപ്പിച്ചു.

ശങ്കിച്ചുനിന്നപ്പോഠം അദ്ദേഹം ചോദിച്ചു:

"നിനക്കെന്നെ വിശ്വാസമില്ലേ? ഭയപ്പെടേണ്ട. നീ എന്നും എൻേറതായിരിക്കും."

അവാച്യമായ ഏതോ നിർവൃതിയിൽ ആ മാറിലേക്കു ചായുമ്പോഠം വിശ്വാസമായിരുന്നു. ഉറപ്പില്ലാത്ത വിശ്വാസം വിഡ്ഢിത്തമാണെന്നു് പിന്നീടറിഞ്ഞു.

കോട്ടയത്തു പഠിക്കുമ്പോഴാണു് ജോണിയെ കണ്ടുമുട്ടുന്നതു്. നല്ലൊരു പ്രാസംഗികനും രാഷ്ട്രീയ പ്രവത്തകനുമൊക്കെയായ ജോണിക്കു് കാഴ്ചയിൽ ആത്മാത്ഥതയുണ്ടായിരുന്നു. വാക്കുകഠം ആത്മാത്ഥതയുടെ പര്യായമായിരുന്നു. വാചകങ്ങഠം ഹൃദയത്തിൻെറ അത്യഗാധതയിലേക്കു് ആഴ്ന്നിറങ്ങുമായിരുന്നു. പക്ഷെ പ്രവൃത്തി വിരുദ്ധവും. അതായിരിക്കണം രാഷ്ട്രീയരംഗത്തു് അദ്ദേഹം വിജയം വരിച്ചതു്.

കോളേജുവിദ്യാഭ്യാസം പൂത്തിയാക്കാൻ പാടുപെടുന്ന കാലം. ഏകമകഠം മാത്രം കൈമുതലായുള്ള വിധവയായ അമ്മയെയും തന്നെയും സംരക്ഷിച്ചതും, തന്നെ പഠിപ്പിച്ചതും അമ്മാവനായിരുന്നു. അമ്മാവൻെറ കാലശേഷം സാമ്പത്തികമായ ബുദ്ധിമുട്ടുകഠം വരുത്തിവച്ച പ്രശ്നങ്ങഠം ദൂരീകരിക്കാൻ സഹപാഠികഠം മറന്നില്ല.

ഹെൻട്രി ഡിസൂസ, സാൻേറാ, ഷാനവാസ് തുടങ്ങിയവർക്കു് തന്നെ പണം തന്നു സഹായിക്കുന്നതിൽ സന്തോഷമായിരുന്നു.

അമിതമായ ആ സ്നേഹത്തിൻെറ പിന്നിൽ അവ്യക്തമായ എന്തോ ഒന്നു് ഒളിഞ്ഞുകിടപ്പുണ്ടെന്നു് തോന്നാതിരുന്നില്ല. പക്ഷെ താൻ സ്നേഹത്തിൻെറ മുൻപിൽ അടിമയായി മാറി.

പുതുതായി വന്ന ഒരു ഇംഗ്ലീഷ് ചിത്രം കാണുവാനുള്ള ഹെൻട്രി ഡിസൂസയുടെ ക്ഷണം സ്വീകരിക്കാതിരിക്കാൻ കഴിഞ്ഞില്ല.

തിയേററിലെ വെളിച്ചം പരിപൂണ്ണമായും ഇരുഠം വിഴുങ്ങി. നായകനും, നായികയും ആലിംഗനബദ്ധരായി അന്യോന്യം ചേൎന്നുനിന്നു ചുംബിക്കുന്ന രംഗം...............ഹെൻട്രി ഡിസൂസയുടെ പിടിയിൽനിന്നും കുതറിയെഴുന്നേററു് പുറത്തു കടക്കുമ്പോഠം ശരീരം വിറയ്ക്കുന്നുണ്ടായിരുന്നു.

അതോടെ ആരുടേയും സഹായഹസ്തങ്ങഠം തന്റെ നേക്കു നീണ്ടില്ല. ലക്ഷ്യം വിലപ്പോവില്ലെന്നു കരുതിയതുകൊണ്ടാവാം.

ആയിടയ്ക്കാണു് ജോണിയുമായി പരിചയത്തിലായതു്. അങ്ങേയററം വിനയമുള്ള ഒരു ധനികൻ. ബഹുമാനം തോന്നി. സഹായങ്ങഠം സസന്തോഷം നിരസിച്ചു ഉള്ളിൽ ഭയത്തിൻെറ നാമ്പുകഠം ഉയന്നിരുന്നു

ദിവസങ്ങഠം കടന്നപ്പോഴും ജോണി വിനയാന്വിതനും, വിശ്വസ്തനുമായിരുന്നു

നിത്യവും മണിക്കൂറുകളോളം അദ്ദേഹം തന്നോടു സംസാരിച്ചു ഹൃദയത്തെ വലിച്ചിളക്കുന്ന സംസാരരീതി.

# പ്ലാനിംഗും സോഷ്യലിസ്റ്റിന്ത്യയും

വി. ഐ. ജോസ്
II B. A. Economics

ദേശീയ സമ്പദ് വ്യവസ്ഥയുടെ ഏതാണ്ട് നിശ്ചലമായ അവസ്ഥയും, ജനങ്ങളിൽ, വിശേഷിച്ചും അദ്ധ്വാനിക്കുന്ന ജനങ്ങൾക്കിടയിലും, പ്രതിദിനം 10000 എന്ന കണക്കിനു് വർദ്ധിച്ചുവരുന്ന ലക്ഷക്കണക്കിനു് അഭ്യസ്ഥവിദ്യരും അല്ലാത്തവരുമായ തൊഴിൽരഹിതരിലും, വളർന്നുവരുന്ന അസ്വസ്ഥതയും അത്യന്തം സംഭ്രമജനകമായ ഒരു അന്തരീക്ഷം സൃഷ്ടിച്ചിരിക്കുകയാണു്. സ്വാതന്ത്ര്യപ്രാപ്തിക്കു ശേഷം സമ്മിശ്ര സമ്പദ് വ്യവസ്ഥയുടെ മറവിൽ നിന്നുകൊണ്ടു് ഭാരതം അനുവർത്തിച്ചുവന്നിട്ടുള്ള പാപ്പരായ ആസൂത്രണത്തിന്റെ അനിവാര്യ ഫലമാണു് വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മയും അനുദിനം ക്ഷയിച്ചുവരുന്ന ഉല്പാദനനിരക്കും എന്നു് കാണാവുന്നതാണു്. മുതലാളിത്വത്തിന്റെ മറെറാരു പതിപ്പായ സമ്മിശ്ര സമ്പദ്‌വ്യവസ്ഥ ഇന്ത്യയെപ്പോലുള്ള അവികസിത രാജ്യങ്ങളിൽ ചൂഷണത്തിനുള്ള ഒരു ഉപാധി എന്ന നിലയിൽ മാത്രമാണു് നിലനില്ക്കുന്നതു്. സോഷ്യലിസ്റ്റു് സമ്പദ്‌വ്യവസ്ഥയിൽ മുതലാളിമാർക്കും മററു കുത്തകക്കാർക്കും നിലനില്പില്ലാത്തതുമൂലം അവരുടെ പ്രതീകമായ ഒരു ഗവണ്മെൻറും അത്തരമൊരു സമ്പദ്‌വ്യവസ്ഥ കെട്ടിപ്പടുക്കുന്നതിനു് ഫലപ്രദമായ നടപടികൾ കൈക്കൊള്ളുമെന്നു് വിചാരിക്കുന്നതിൽ അർത്ഥമില്ല.

ഉല്പാദനത്തിന്റെ മുഖ്യഘടകം തൊഴിലാളിയാണെന്നിരിക്കെ, അവർ അസംതൃപ്തരാണെങ്കിൽ ഒരു രാജ്യത്തിനും പുരോഗതിയുണ്ടാകുന്നില്ല. തൊഴിലാളിയുടെ അദ്ധ്വാനഫലത്തെ ചൂഷണം ചെയ്തു് കെട്ടിപ്പടുത്ത മുതലാളിത്ത സമ്പദ്‌വ്യവസ്ഥ തകർന്നുകൊണ്ടിരിക്കുകയാണു്. "മനുഷ്യനെ മനുഷ്യൻ ചൂഷണംചെയ്യുക" എന്ന വ്യവസ്ഥിതിയുടെ മൂന്നു വശങ്ങളാണു് അടിമത്തവും, ഫ്യൂഡലിസവും, മുതലാളിത്തവും. സമൂഹത്തിന്റെ ഉല്പാദനശക്തി (Productive Force) വർദ്ധിച്ചതോടുകൂടി അടിമത്തത്തിൽ നിന്നു് ഫ്യൂഡലിസത്തിലേക്കു സമ്പദ്ഘടന വഴുതിവീണു. രാജ്യാന്തരീയ വ്യവസായത്തിന്റെ വളർച്ച, യന്ത്രവ്യവസായങ്ങളുടെ പ്രചാരം, ആവിയന്ത്രം, വിദ്യുച്ഛക്തി മുതലായവയുടെ

കവിത

# മാപ്പുതരിക

രാമചന്ദ്രൻനായർ എൻ. കെ.
II B. A. (Economics) No. 1631

പൊട്ടിപൊളിയും കരളിന്റെ തുമ്പത്ത്
മൊട്ടിട്ട നോവിന്റെ പൂവറുത്തീടുവാൻ
ഓടിയെത്താറുണ്ട നിത്യവുമെന്റെട-
ന്നോമലേ നിന്നെക്കുറിച്ചുള്ള ചിന്തകൾ

കൺമഷി ചാലിച്ചടിവരയിട്ടോരാ-
കണ്ണിണത്തുമ്പത്തു നാണം വിരിയവേ
പിന്നിയൊരുക്കിയ വാർമുടിത്തുമ്പത്ത്
ചിന്നി ചിരിക്കുന്ന ചെമ്പനീർപൂവുമായ്

ചേലത്തലപ്പാവ് കടിച്ചെന്നരികത്ത്
മാലാഖ പോലെ നീ നിൽക്കുന്ന വേളയിൽ
ചേതനയ്ക്കുള്ളിൽ ചിലമ്പൊലി പൊങ്ങുന്ന
ചേലിൽ ചിരിച്ചാർത്തു തുള്ളുന്ന മന്മനം

കോളേജിലേയ്ക്കു ഞാൻ പോകുന്ന വേളയിൽ
കാണണമെന്നാഗ്രഹിച്ചിരുന്നെങ്കിലും
യാത്ര തിടുക്കത്തിലാകയാലാകുല
നേത്രനായെന്നയും കൊണ്ടു മടങ്ങി ഞാൻ

ജോലിത്തിരക്കുമലച്ചിലുമായ് നീണ്ട
നാലുമാസങ്ങൾ കടന്നുപോയെങ്കിലും
കത്തെഴുതാനെനിക്കൊത്തില്ല നീയതിൽ
കൃത്യവിലോപമായെണ്ണുമോ നിർമ്മലേ.

1970-71ലെ ഉല്പാദന വിവരക്കണക്ക്

| | ഉല്പാദനലക്ഷ്യം | ഉല്പാദനം | മുൻവഷങ്ങളെക്കാറം കുറവ് |
|---|---|---|---|
| ഉരുക്ക് | 76 കോടി ടൺ | 59 കോടി ടൺ | 5 ലക്ഷം ടൺ |
| നൈട്രജൻ കലന്ന രാസവളങ്ങറം | 94,000 ടൺ | 8,40000 ടൺ | 33000 ടൺ |
| വിദ്യുച്ഛക്തി | 13.2 കോടി K.W | 7 ലക്ഷം K. W. | 1 ലക്ഷം K. W. |
| ചെമ്പ് | 34 കോടി ടൺ | 29 കോടി ടൺ | 41 ലക്ഷം ടൺ. |

വിദ്യാഭ്യാസം, ആരോഗ്യം, ഗതാഗതം, വാർത്താവിനിമയം, ശാസ്ത്രഗവേഷണം, തൊഴിലാളിക്ഷേമം എന്നീ രംഗങ്ങളിലും നാലാം പദ്ധതി പരാജയപ്പെട്ടതായി ഔദ്യോഗിക രേഖകറം കാണിക്കുന്നു. ഭരണാധികാരികറം കാൽ ശതാബ്ദത്തോളമായി പിൻതുടൻവന്ന മുതലാളിത്ത സാമ്പത്തികനയങ്ങളുടെ നഗ്നമായ പരാജയമാണ് ഇതു് കാണിക്കുന്നതു്. മൂന്നു പഞ്ചവത്സരപദ്ധതികറം കഴിഞ്ഞപ്പോഴേയ്ക്കും ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെനട്ടെല്ലൊടിഞ്ഞുകഴിഞ്ഞിരുന്നു. അതുകൊണ്ടാണ് നാലാംപദ്ധതി മൂന്നുകൊല്ലക്കാലത്തേക്ക് ആരംഭിക്കാൻ പോലും കഴിയാതെ വന്നതു്.

വളരുന്ന സമൂഹത്തിൻെറ ആവശ്യങ്ങളെ നേരിടത്തക്കവണ്ണം ഉല്പാദനം വർദ്ധിപ്പിക്കുക എന്നതാണ് ആസൂത്രണത്തിൻെറ ലക്ഷ്യം. ദേശീയ സമ്പദ് വ്യവസ്ഥയുടെ സാദ്ധ്യതകളെയും ഉത്ഭവസ്ഥാനങ്ങളെയും ഫലപ്രദമായ രീതിയിൽ ഉപയുക്തമാക്കുവാൻ ആസൂത്രണത്തിനു കഴിയണം. ആസൂത്രണത്തിൻെറ ഉദ്ദേശം ദേശീയ സമ്പദ് ഘടനയുടെ സന്തുലിതവളച്ച മാത്രമല്ല, അതേസമയം, ഉല്പാദനക്ഷമതയുടെ സ്ഥിരമായ ഉന്നമനം കൂടിയാണ്. കുറഞ്ഞ ചെലവുകൊണ്ടും അസംസ്കൃതപദാർത്ഥങ്ങറം കൊണ്ടും ഉയന്നതരം പദാർത്ഥങ്ങറം ഉയന്ന തോതിൽ ഉല്പാദിപ്പിക്കയാണ് ശരിയായ ആസൂത്രണംകൊണ്ട് ചെയ്യുന്നതു്. ദേശീയ സമ്പദ് വ്യവസ്ഥയുടെ കേന്ദ്രീകൃത ആസൂത്രണംകൊണ്ടു മാത്രമേ സാമ്പത്തിക വളച്ച ഉണ്ടാകുന്നുള്ളു. ആസൂത്രണത്തിൻെറയും ഉടമാവകാശത്തിൻെറയും രീതികറം ഉദ്ധരിക്കുക എന്നതാണ് ഇതിൻെറ ലക്ഷ്യം. ജനാധിപത്യത്തിൻെറ അടിസ്ഥാനപരമായ വളച്ച്കൊണ്ടുമാത്രമേ ഉടമസ്ഥാവകാശത്തിൻെറ പുരോഗതി സാദ്ധ്യമാവുകയുള്ളു. ചൈന, റഷ്യ മുതലായ സോഷ്യലിസ്റ്റു രാജ്യങ്ങളുടെ വളച്ച്യ്ക്കു നിദാനം ഇത്തരത്തിലുള്ള ആസൂത്രണമാണ്.

പക്ഷേ അധികാരം കുത്തകക്കാരുടെ പിടിയിലായിരിക്കുമ്പോറം സോഷ്യലിസം സ്ഥാപിക്കുക സാദ്ധ്യമല്ല. ഉല്പാദനം മുതലാളിമാരുടെ അധീനതയിലായിരിക്കെ, ഉല്പാദനത്തിന് പൊതു ഉടമാവകാശം എന്ന സോഷ്യലിസ്റ്റു തത്വവുമായി അതു് പൊരുത്തപ്പെടില്ല. അതിന് ആദ്യമായി വേണ്ടിയതു് ഭരണാധികാരം കുത്തകക്കാരുടെ കൈയ്യിൽ നിന്ന് തൊഴിലാളിയുടെ കൈകളിലേയ്ക്കു പകരുകയാണ്. സ്വകാര്യവ്യ

കണ്ടുപിടുത്തം ഇവയെല്ലാം ഫ്യൂഡലിസത്തിൻെറ അന്ത്യം കുറിച്ചു. വ്യാവസായികമെന്ന "ബൂഷ്വാ വിപ്ലവം" "ലേബർ പവ്വർ" കൂട്ടതലായംഗീകരിക്കുന്ന ഒരു വ്യവസ്ഥ — മുതലാളിത്തം — ഫ്യൂഡലിസത്തിനുപകരം പ്രതിഷ്ഠിച്ചു.

ഇരുപതാം നൂററാണ്ടിൽ — നമ്മുടെ കാലഘട്ടത്തിൽ — ശാസ്ത്രീയവും സാങ്കേതികവുമായ വിപ്ലവം സമ്പദ്‌വ്യവസ്ഥയുടെ "സോഷ്യലൈസേഷ"നെ ത്വരിതപ്പെടുത്തി. മുതലാളിത്തവും സോഷ്യലിസവും തമ്മിലുള്ള വൈരുദ്ധ്യം ആധുനിക ഉല്പാദനത്തിൻെറ സാമൂഹ്യവശങ്ങളിലും, വ്യവസായങ്ങളുടെ നടത്തിപ്പിൽ സ്റ്റേററിൻെറ കുത്തക സ്വഭാവത്തിലുമാണ് അടങ്ങിയിരിക്കുന്നതു്. തൊഴിലും മൂലധനവും തമ്മിലും രാജ്യത്തിലെ ഭൂരിപക്ഷാഭിരുചിയും അതിന്റെ സാമ്പത്തിക ന്യൂനപക്ഷാധിപത്യവും തമ്മിലും ഉള്ള താത്ത്വികാഭിപ്രായഭിന്നതയും ഇവ തമ്മിലുള്ള വൈരുദ്ധ്യങ്ങളാണ്. എല്ലാ സാമൂഹ്യ — സാമ്പത്തിക വ്യവസ്ഥകളും ചരിത്രവും പുരോഗതിയുടെ ഓരോ കാലഘട്ടങ്ങളെ പ്രതിനിധാനം ചെയ്യുന്നു. ഇവയിലോരോന്നും മുൻപിലത്തേതിനേക്കാം ആധുനികവുമായിരുന്നു. അവസാനമായി മുതലാളിത്വം സോഷ്യലിസമെന്ന ആധുനിക സാമൂഹ്യവ്യവസ്ഥയാൽ നീക്കം ചെയ്യപ്പെട്ടു. എന്നാൽ സോഷ്യലിസമാകട്ടെ കമ്മ്യൂണിസത്തിൻെറ പ്രാഥമിക ഘട്ടവുമാകുന്നു.

രണ്ടാം ലോകമഹായുദ്ധത്തിനുശേഷം പല രാജ്യങ്ങളും മുതലാളിത്തവുമായുള്ള ബന്ധമുപേക്ഷിച്ചു സോഷ്യലിസ്റ്റുപാത സ്വീകരിക്കുകയുണ്ടായി. ചുരുങ്ങിയ കാലങ്ങൾക്കുള്ളിൽ 70 പരമാധികാരരാജ്യങ്ങൾ "കൊളോണിയലിസത്തിൻെറ" മതില്ക്കെട്ടിനുള്ളിൽ നിന്നും പുറത്തു വരികയുണ്ടായി. മഹത്തായ ചൈനാ റിപ്പബ്ലിക്കും, ക്യൂബയും ഇന്ത്യയും മററനേകം രാജ്യങ്ങളും ഇതിലുൾപ്പെടുന്നു. ഇതിൽ ഇന്ത്യയുടെ സ്വാതന്ത്ര്യസമ്പാദനത്തിനുശേഷം ഒരു വർഷം കഴിഞ്ഞു് സ്വാതന്ത്ര്യം ലഭിച്ച ചീന ജനകീയ റിപ്പബ്ലിക്ക് ഇന്നു് ലോകത്തിലെ വൻശക്തിയായി നിലകൊള്ളുന്നു.

എന്നാൽ ഇന്ത്യയാകട്ടെ അടിസ്ഥാനപരമായി യാതൊരു പുരോഗതിയുമില്ലാതെ ദരിദ്രരെ കൂടുതൽ ദരിദ്രരാക്കുകയും ധനികരെ കൂടുതൽ ധനികരാക്കുകയും ചെയ്യുക എന്ന പതനത്തിൽ എത്തിച്ചേർന്നിരിക്കുകയാണ്. നേരത്തെ സൂചിപ്പിച്ചതുപോലെ ആസൂത്രണത്തിൻെറ പാപ്പരത്വം ഇതിൽ നിഴലിച്ചുകാണുന്നു. ഭരണവർഗ്ഗങ്ങളും അവരുടെ കുഴലൂത്തുകാരും വളരെ കൊട്ടിഘോഷിക്കുന്ന പഞ്ചവത്സരപദ്ധതികൾ യഥാർത്ഥത്തിൽ ഇന്ത്യയിൽ കെട്ടിപ്പടുത്തുകൊണ്ടിരിക്കുന്നതു് മുതലാളിത്തമാണെന്ന കാര്യം വളരെയധികം വ്യക്തമായി വരികയാണ്. നാലാം പഞ്ചവത്സര പദ്ധതിയുടെ ആദ്യത്തെ രണ്ടുവർഷങ്ങളിൽ ഗവണ്മെൻറിൻെറ നിർദ്ദിഷ്ട സാമ്പത്തിക മുതൽമുടക്ക് 1200 കോടി രൂപയായിരുന്നു. എന്നാൽ യഥാർത്ഥത്തിൽ മുടക്കിയതു് 950 കോടി രൂപമാത്രം. 21% കുറവു്! വികസനപ്രവർത്തനത്തിനു് വേണ്ടത്ര പണമില്ലായിരുന്നു. പക്ഷേ ഭരണകൂടത്തിൻെറ മർദ്ദനയന്ത്രങ്ങളെയും പ്രചരണായുധങ്ങളെയും ശക്തിപ്പെടുത്താൻ ഗവണ്മെൻറ് പണം വാരിക്കോരിയാണ് ചെലവാക്കിയതു്. നാലാം പദ്ധതിക്കാലത്തുണ്ടായ പരാജയം നിർണ്ണായകപ്രാധാന്യമുള്ള വ്യവസായങ്ങളെ ഗുരുതരമായ വിധത്തിൽ ബാധിക്കുകയുണ്ടായി. ഉരുക്ക്, ചെമ്പു്, ഇരുമ്പയിരു്, മററു ലോഹങ്ങൾ, രാസവളങ്ങൾ, പെട്രോളിയം, പെട്രോകെമിക്കൽസ്, ന്യൂസ് പ്രിൻറ് എന്നീ രംഗങ്ങളിൽ ഭയങ്കര തകർച്ചയാണുണ്ടായതു്.

ചെറുകഥ

# യാമം

സി. എൻ. പ്രേമൻ
II B. A. No. 1164
(മലയാളം എഡിററർ)

നിശയുടെ കരിമ്പടം വീണു........ ചീവീടുകളുടെ ഭയപ്പെടുത്തുന്ന രോദനം അന്തരീക്ഷത്തിൽ അലിഞ്ഞുചേരുന്നു....!

ചന്ദ്രനുണരാത്ത രാത്രി........!

നറുനിലാവില്ല. താരകജാലം നൃത്തം ചവിട്ടുന്നില്ല. എങ്ങും കൂരിരുട്ടുമാത്രം താണ്ഡവമാടുന്നു....! കാട്ടാനക്കൂട്ടങ്ങളേപ്പോലെ കറുത്തിരുണ്ട മേഘങ്ങൾ അങ്ങിങ്ങായി അന്തരീക്ഷത്തിൽ അലിഞ്ഞു നടക്കുന്നു.

ചുമ....!

വീണ്ടും ആ നശിച്ച ചുമ........!

സഹിക്കാൻ കഴിയുന്നില്ല. ഗോപി എഴുന്നേററിരുന്നു........

ഹൃദയം പറിഞ്ഞുപോരുന്നതുപോലെ........!

ശ്വാസം മുട്ടുന്നു.......! തൊണ്ട വരളുന്നു........!

ഒരിററു് ജലം കിട്ടിയിരുന്നെങ്കിൽ! അല്ലെങ്കിൽ വേണ്ട. ചേട്ടത്തിയിപ്പോൾ കിടന്നതേയുള്ളു. ബുദ്ധിമുട്ടിപ്പിക്കുന്നതിനും ഒരതിരില്ലെ?

ജാലകത്തിന്റെ കമ്പിയഴികളിൽ ഗോപി മുറുകെ പിടിച്ചു. മാറെല്ലുകളെ ശക്തിയായി വലതുകൈ തഴുകി! ഇല്ല....തടുക്കുവാൻ കഴിയുന്നില്ല. ഹൃദയം പൊട്ടിത്തകരുന്നതുപോലെ. കണ്ണീർകണങ്ങൾ കവിൾത്തടങ്ങളിൽക്കൂടി ഒഴുകി നിലത്തുവീണു് തട്ടിത്തകരുന്നു. നടുവു് താനെ വളയുന്നു.

ചുമ. അണക്കെട്ടു് പൊട്ടിയതുപോലെ അവ പുറത്തേക്കെടുത്തുചാടി.

ഉൽക്കണ്ഠയോടുകൂടി തീപ്പെട്ടി ഉരച്ചുനോക്കി....

രക്തം....!!

കറുപ്പോടുകൂടിയ കട്ടിയുള്ള രക്തം.

ഒന്നേ നോക്കിയുള്ളു. എങ്കിലും അവൻ ഞെട്ടിയില്ല. ഇതു മൂന്നാമത്തെ പ്രാവശ്യമാണു്. വീണ്ടും, വീണ്ടും ഗോപി ചുമച്ചു.

കുത്തി കുത്തിയുള്ള ചുമ.

ശരീരത്തിനൊരു തളർച്ച് തോന്നുന്നതുപോലെ. ഗോപി കിടക്കയിലേക്കു വീണു. ഉറങ്ങാൻ പരിശ്രമിച്ചു. പക്ഷെ ഉറക്കം വരുന്നില്ല. ഒന്നു ഉറങ്ങിയിരുന്നെങ്കിൽ............! എത്ര ദിവസമായി ഒന്നുറങ്ങിയിട്ടു്.

ഉറക്കം....അതു് ഒരിക്കലും സാദ്ധ്യമല്ല.

ഇതൊന്നവസാനിച്ചിരുന്നെങ്കിൽ. ഹൃദയം പറിഞ്ഞുപോരുന്നതുപോലെ. ഈ ചുമയിൽ നിന്നും രക്ഷപ്പെട്ടിരുന്നെങ്കിൽ.

ഗോപിയുടെ മനസ്സ് ദാഹിച്ചു.

അടുത്തമുറിയിൽ നിന്നു് അസ്വസ്ഥവും അവ്യക്തവുമായ സ്വരങ്ങൾ.

ക്തികളുടെ പക്കൽനിന്നു് ഉല്പാദനം പൊതുസോഷ്യലിസ്റ്റ് ഉടമാവകാശത്തിലേക്കു് മാററപ്പെടുന്നതോടെ സോഷ്യലിസ്റ്റ് വിപ്ലവം ആരംഭിച്ചു എന്നു പറയാം. ഇതു് മനുഷ്യൻ മനുഷ്യനെ ചൂഷണംചെയ്യുന്ന ഏർപ്പാടു് നിർത്തലാക്കുന്നു. ഉല്പാദനത്തിൻെറ കുത്തക അവസാനിപ്പിക്കുന്നു അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിൻെറ അധീനതയിലുള്ള ഒരു ഭരണക്രമം നിലവിൽ വരുത്തുക എന്നതാണു് സോഷ്യലിസ്റ്റ് വിപ്ലവം കൊണ്ടുദ്ദേശിക്കുന്നതു്. 1917ൽ റഷ്യയിൽ നടന്ന മഹത്തായ ഒക്ടോബർ വിപ്ലവം ഇതിനൊരുദാഹരണമാണു്.

ഇന്ത്യക്കിന്നാവശ്യം ഇത്തരമൊരു ഭരണക്രമമാണു്. വ്യവസായം സ്റ്റേററുടമയിലാക്കുക എന്ന സോഷ്യലിസത്തിൻെറ പ്രാഥമികാവശ്യം നടപ്പാക്കാതെ സോഷ്യലിസം കെട്ടിപ്പടുക്കുമെന്നു പറയുന്നതിൽ യാതൊരർത്ഥവുമില്ല. പൊതു ഉടമാവകാശത്തിൻെറ കീഴിൽ ഉല്പാദനം കൊണ്ടുവരിക എന്നതാണു് ആസൂത്രണത്തിൻെറ ലക്ഷ്യം.

പാപ്പരായ സാമ്പത്തികനയങ്ങളുടെ സ്ഥാനത്തു്, പുതിയ സോഷ്യലിസ്റ്റ് രീതിയിലുള്ള സാമ്പത്തികനയങ്ങൾ സ്വീകരിക്കുകയാണെങ്കിൽ ചൈനയെപ്പോലെതന്നെ ലോകത്തിൽ അവഗണിക്കപ്പെടാനാവാത്ത ശക്തിയായി ഇന്ത്യയുയരാൻ സാധിക്കും. പക്ഷേ ഇന്ത്യയിലെ ഇന്നത്തെ വൻകിട ബൂർഷ്വാ—ഭൂസ്വാമി ഭരണകൂടം അതിനു തയ്യാറാകുമെന്നു് തോന്നുന്നില്ല. അധികാരം ജനങ്ങളുടെ കൈയ്യിലേയ്ക്കു് പകരുമ്പോൾ മാത്രമേ അത്തരമൊരു സാമൂഹ്യ – സാമ്പത്തിക ക്രമം നടപ്പാക്കാൻ സാധിക്കുകയുള്ളു.

"ഇന്ത്യയെപ്പോലെയുള്ള ഒരു രാജ്യത്തിനു് അനുകരിക്കാവുന്നതും സ്വീകരിക്കാവുന്നതുമായ പുനർനിർമ്മാണപദ്ധതികൾ, ഒരുപക്ഷേ, ചീനയുടേതായിരിക്കും. ചുരുങ്ങിയ വിഭവങ്ങളെയും പരിമിതമായ വ്യവസായവൽക്കരണത്തെയും, അപരിമിതമായ ജനസംഖ്യയെയും കൂട്ടിയിണക്കി കായികാദ്ധ്വാനത്തിലും ലളിതജീവിതത്തിലും ഊന്നിമാത്രമേ നമ്മുടെ രാജ്യത്തിൽ സോഷ്യലിസം നടപ്പാക്കാൻ കഴിയുകയുള്ളു." (1971 ജൂൺ 30ലെ 'മാതൃഭൂമി' മുഖപ്രസംഗം)

ഏതായാലും പരീക്ഷിച്ചു പരാജയമടഞ്ഞ മുതലാളിത്തം ഇന്ത്യക്കിനി സ്വീകാര്യമല്ല. അതുകൊണ്ടു് നമുക്കും എക്കാലത്തും പ്രചോദനം ലഭിക്കുക ചൈനയെപ്പോലുള്ള സോഷ്യലിസ്റ്റു രാജ്യങ്ങളിൽ നിന്നു മാത്രമായിരിക്കും.



ഇതു് പറഞ്ഞതെന്നറിയാൻ....എങ്കിലാ പാദങ്ങളിൽ കെട്ടിപ്പിടിച്ചു് മാപ്പുചോദിക്കാൻ........

ആ മുറിയിലെങ്ങും കൂരിരുട്ടാണു്! ഒരിററു വെളിച്ചമവിടെയില്ല. ഗോപിയുടെ കാലെന്തിലോ തട്ടി....!

വേച്ചു്....വേച്ചു്........ഇരുളാവരണം ചെയ്തിരിക്കുന്ന മേശയിൽ തലയടിച്ചവൻ വീണു........നെററിത്തടം പൊട്ടി രക്തം ഒഴുകി....! പൊടുന്നനെ നെഞ്ചിലൊരു വേദന....! കടൽമാലകൾ മുകളിലേക്കു് തെറുത്തുകേറുന്നതുപോലെ.... മാറെല്ലുകളെ തല്ലിയുടച്ചെന്തോ വായിലേക്കു് വരുന്നു.

ചുമ....! ആ നശിച്ച ചുമ....! സഹിക്കാൻ കഴിയുന്നില്ല. മാറെല്ലുകൾ ഉയർന്നുതാണു. നടുവു് താനേ വളഞ്ഞുപോകുന്നു, ചുമകാരണം, ഒരു കുട്ടച്ചുമ!!!

രണ്ടുകൈയ്യും നെഞ്ചത്തമർത്തിപ്പിടിച്ചുകൊണ്ടു് ഗോപി ചുമച്ചു.......! തുടരെത്തുടരെ. എന്തോ കൊഴുപ്പുള്ള ദ്രാവകം ഗോപി ആ ഇരുളിലേക്കു് തുപ്പി.......!

പിന്നീടു് ഗോപി ചുമച്ചില്ല. ആ മാറിടങ്ങൾ കോളുകൊണ്ട കടൽപോലെ ഉയർന്നുതാണില്ല. കൊടും കാററിലെ വൃക്ഷത്തലപ്പുപോലെ ആ നടുവു് ആഞ്ഞുലഞ്ഞില്ല. ഒരു പ്രതിമകണക്കെ നിശ്ചലനായി ഒരു വശത്തേക്കു് ഗോപി ചാഞ്ഞു.

ഒന്നുമൊന്നും സംഭവിച്ചിട്ടില്ലാത്തപോലെ, അന്നും തലേ രാത്രിയുടെ പട്ടടയിൽനിന്നും പകൽ പൊട്ടിവിടർന്നു.

നേരം വളരെ വൈകിയിട്ടും അനിയനുണർന്നുകാണാത്തതിനാൽ അവർ ആ മുറിയിലേക്കു് കടന്നു, ചേട്ടനും ചേട്ടത്തിയും....!

അവരവിടെ കണ്ടു............

ചുമരിനരികെയുള്ള മേശയുടെ കാലുകൾക്കടിയിലായി.......രക്തം പൊട്ടിയൊലിച്ച നെററിത്തടവും, രക്തം ഉണങ്ങിപ്പിടിച്ച അധരങ്ങളുമായി, മരവിച്ചു വിറങ്ങലിച്ച സ്വസഹോദരന്റെ നിർജ്ജീവമായ ശരീരം........... ! ! ! ! !

○●○


GREETINGS FROM:

**VENUS DRESS LAND**
**ELECTRIC DRY CLEANERS**

TAILORS and PIECE GOODS MERCHANTS
PERUMANOOR JUNCTION - COCHIN-15.



GREETINGS FROM:

**UDAYA SILK HOUSE**

PIECE GOODS MERCHANTS
PERUMANOOR, COCHIN-15.

ജ്യേഷ്ഠനും ജ്യേഷ്ഠത്തിയും ഉറങ്ങിയി ട്ടില്ല.

എങ്ങിനെ അവർ ഉറങ്ങും?

ഒന്നും മനപ്പൂർവ്വമല്ല.

എത്ര വർഷങ്ങളായി അവർ തനിക്കു വേണ്ടി കഷ്ടപ്പെടുന്നു.

മനസ്സിനെറയെ നൊമ്പരം കൊള്ളി ക്കുന്ന ഓർമ്മകൾ. സ്മരണകൾ! സ്മരണ കൾ!

ദുഃഖക്കടലിന്റെ മടിത്തട്ടിൽ വിധി യുടെ ശരശയ്യയിൽ കിടക്കുമ്പോഴും സ്മര ണകൾ ഓടിയെത്തുന്നു.

കോളേജ് ജീവിതത്തെപ്പററി അ യാൾ ഓർത്തു. അഭിമാനത്തോടെ വിദ്യാ ർത്ഥിവർഗ്ഗത്തിനുവേണ്ടി നിലകൊണ്ടി ട്ടുള്ള രംഗങ്ങൾ! അജയ്യമായ ആ ശക്തി യുടെ കടിഞ്ഞാൺ നിയന്ത്രിച്ചിരുന്ന കാലഘട്ടങ്ങൾ. അന്ന് വിദ്യാർത്ഥി വർഗ്ഗം ഒററക്കെട്ടായിരുന്നു. എന്നാൽ ഇന്നോ? ആ യുവശക്തി തമ്മിലടിക്കുന്ന ഒരു വർഗ്ഗമായി മാറിയിരിക്കുന്നു; നാളെ യുടെ വാഗ്ദാനങ്ങൾ........നാളത്തെ ഭരണ ചക്രം പിടിക്കേണ്ടവർ!

അന്നൊക്കെ ജ്യേഷ്ഠൻ അയാളെ ഉപദേശിക്കുമായിരുന്നു. ആ ഉന്മാദ ത്തിൽ ഉപദേശങ്ങൾക്ക് സ്ഥാനമില്ലാ യിരുന്നു. തന്റെ കാര്യങ്ങളിൽ കയ്യി ടാൻ ജ്യേഷ്ഠനെന്നല്ല മററാരെയും അനു വദിക്കുകയില്ല.

സമൂഹത്തിന്റെയും നാടിന്റെയും ഉയർച്ച, അതായിരുന്നു ലക്ഷ്യം. വിദ്യാ ർത്ഥിനേതാവും, തൊഴിലാളിനേതാവും ജനനേതാവുമായി. മത്സരങ്ങളേറെ ജയി ൽവാസം അനുഭവിച്ചു. കാലത്തിന്റെ താളുകൾ മറിഞ്ഞു.

ഗോപി ഇന്നൊരു ക്ഷയരോഗി യാണ്. പീഠനങ്ങളുടെ ഫലം! തൻ കാര്യം നോക്കിക്കൊള്ളാമെന്ന് ജ്യേഷ്ഠ നോടു വീമ്പടിച്ച അയാൾ ദൈനംദിന പ്രക്രിയകൾക്ക് ആ ജ്യേഷ്ഠന്റെതന്നെ സഹായം തേടുന്നു.

കാലത്തിന്റെ പ്രവചനങ്ങൾ!

കരിഞ്ഞു വാടിയ പ്രതീക്ഷകൾ! കൊട്ടിയടക്കപ്പെട്ട ആത്മാവിന്റെ വാതി ലുകൾ!

വ്യർത്ഥമായ പകലുകളും നിദ്രയി ല്ലാത്ത രാവുകളുമാണ് ഇന്ന് ഗോപി യുടെ സുഹൃത്തുക്കൾ.

ചേട്ടന്റെ മുറിയിൽനിന്നു കേൾ ക്കുന്ന അവ്യക്തമായ വാക്കുകൾ തന്നെ ക്കുറിച്ചാണെന്നറിഞ്ഞപ്പോൾ ഗോപി ശ്രദ്ധിച്ചു.

"മനുഷ്യനെ ബുദ്ധിമുട്ടിപ്പിക്കുന്ന തിനും ഒരതിരില്ലേടീ............?" ചേട്ടൻ ചേട്ടത്തിയോടു് ചോദിക്കുകയാണ്.

ഗോപി ചെവി വട്ടം പിടിച്ചു. ചെയ്യരുതാത്തതാണേലും അവന്റെ ദുർബ്ബ ലത അവനെ പ്രേരിപ്പിച്ചു. "അവന്റെ തോന്ന്യാസം കൊണ്ടല്ലേ ...അവനിങ്ങ നെയായത്. അവനെന്നെ അനുസരി ച്ചിരുന്നെങ്കിൽ അവനിന്നീ നില വരു മായിരുന്നുവോ എന്നെക്കൊണ്ടിനി സാധിക്കില്ല, കണ്ട ക്ഷയരോഗികൾ ക്കൊക്കെ ചിലവിനലക്കാൻ....... അവ നൊരുത്തൻ കാരണം ഈ തറവാടിന്റെ കുഴി തോണ്ടിയില്ലേ........! ഞാനിനി എന്റെ കാര്യം........"

പിന്നെയൊന്നും ഗോപി കേട്ടില്ല. കണ്ണിലേക്കിരുട്ടിരച്ചു കയറുന്നതുപോ ലെ........! തലചുററുന്നു....കിടക്കയിൽ നിന്നെഴുന്നേററു. വീഴാതിരിക്കുവാൻ ജനലഴികളിൽ മുറുകെ പിടിച്ചു.

ചേട്ടൻ...........! തന്റെ എല്ലാമായ ചേട്ടൻ....! ആ ചേട്ടനാണോ ഇതു പറ ഞ്ഞത്....?

ഗോപിയുടെ സമനില തെററി.... അവൻ പിടയുന്നതുപോലെ. ആ കൂരി രുട്ടിലൂടെ തപ്പിത്തടഞ്ഞു നടന്നു....ചേട്ട ന്റടുത്തേക്ക്....! തന്റെ ചേട്ടനാണോ

ചെറുകഥ



# നിഴൽ

—സുധാകരൻ കെ. പി.—

ദുർഗന്ധം വമിക്കുന്ന, വികാരത്തിന്റെ പുഴക്കുത്തേററ് ചീഞ്ഞളിഞ്ഞ മനസ്സ്. ഹൃദയത്തിന്റെ ലോലമായ ഭിത്തിയിൽ കാരിരുമ്പാണികൾ ആഞ്ഞടിക്കുന്നതുപോലെ. പുറമെ മങ്ങിയ നിലാവ്. സീലിങ്ങ് ഫാനിന്റെ ചുവട്ടിൽ ഇരുന്നിട്ടുപോലും വിയർപ്പിൽ മുങ്ങിയ ശരീരം.

ദേവദാസ് വീൽച്ചെയർ ജാലകത്തിനരികിലേക്ക് നീക്കി. ബദ്ധപ്പെട്ട് ജനൽപാളികൾ തള്ളിത്തുറക്കുന്നു. മഞ്ഞ നിറമുള്ള റോസാപ്പൂക്കൾ നിറഞ്ഞ കട്ടൻ ഒരുവശത്തേക്ക് വലിച്ചുനീക്കി. അങ്ങകലെ, അലറിയടുക്കുന്ന തിരമാലകൾ കടൽഭിത്തിക്ക് കീഴടങ്ങുന്നു. അവയും തന്നെപ്പോലെ സഹായത്തിനായി മുട്ടിവിളിക്കുകയാണോ? മങ്ങിയ നിലാവിൽ കടപ്പുറത്തെ ഓരോ മണൽത്തരിയും തന്നെ തുറിച്ചുനോക്കുന്നതുപോലെ. കർട്ടൻ വലിച്ചിട്ട് വീൽച്ചെയർ ലക്ഷ്യമില്ലാതെ ഉരുട്ടി. പോക്കററിൽനിന്നും സിഗരറെറടുത്ത് ചുണ്ടിൽ വച്ച് തീ കൊളുത്തി. ചുരുളുകളായുയരുന്ന പുകയിൽ കണ്ണുംനട്ടിരുന്നു. അവ വളരെ വേഗം വായുവിൽ അഭയം പ്രാപിച്ചു. അതിലൊന്നും ശ്രദ്ധകാണുന്നില്ല. പതറിയ മനസ്സ് ഊറിനടക്കുകയാണ്; കൊടും കാററിൽ പുറംകടലിൽപ്പെട്ട കൊച്ചുതോണിപോലെ: ഫ്ളാററിന്റെ ഒരു മൂലയിൽ ചുരുണ്ടുകൂടിക്കിടക്കുന്ന അവളിൽ ദൃഷ്ടി തറച്ചുനിന്നു. ജയയുടെ രൂപം തന്നെ നോക്കി പരിഹസിക്കുന്നതുപോലെ. (അതോ സഹതാപമോ?) താൻ ജീവിച്ചിരിക്കുമ്പോൾത്തന്നെ വിധവയായ തന്റെ ഭാര്യ, ഭൂതത്തിന്റെ ശവക്കല്ലറയിലെ ജീർണ്ണിക്കാത്ത അസ്ഥികളെപ്പോലെ ഓർമ്മകൾ മജ്ജയും മാംസവും വച്ച് ഉയർത്തെഴുന്നേൽക്കുന്നു.

പ്രീ-ഡിഗ്രിക്ക് പഠിക്കുമ്പോഴാണ് മിസ് ഇന്ദിരയുമായി പരിചയപ്പെട്ടത്. തെററും ശരിയും തിരിച്ചറിയാൻ വയ്യാത്ത മിനിസ്കർട്ടിട്ടുനടക്കുന്ന ഒരു കൊച്ചുസുന്ദരി മാത്രമായിരുന്നു അന്നവൾ. പക്ഷെ അവളുടെ പാവന

കവിത

# രാജ്ഘട്ടിലൊരു നിമിഷം

**എം. കെ. തങ്കപ്പൻ**

III B. A.

ഭാരതമാതാവെ ത്രകാതെ കണ്ണീർ,
ചാരുസൂദൻ വീണടിഞ്ഞൊരീമണ്ണിൽ
ഈ "രാജ്ഘട്ടി"ലെരിയും ചിതയിൽ
നിന്നാത്മാവ്വനീറി ദഹിക്കുന്ന നേരം.

ഭാരതാരാമത്തിലൊന്നേ വിടർന്നുള്ള,
പാരിജാതത്തിൻെറ ഭാഗ്യസൂനം
ആ മലർപിച്ചിയെറിഞ്ഞനിയതി — ഈ
ഭുവനത്തിൻ നോവറിഞ്ഞതില്ല

പാടിപറക്കും പറവകളേ,
നിങ്ങളാരേക്കുറിച്ചിനി പാട്ടുപാടും,
[1]ഹീരലാൽ നട്ടുനനച്ച പനിനീർചെടി
ആർക്കിനി പൂക്കളൊരുക്കിവെക്കും.

പാരതന്ത്ര്യത്തിൻ വിലങ്ങുകളും വെട്ടാ—
നാരുടവാളു പിടിച്ചിരുന്നോ,
ആ ധീരസേനാനി പോയ് മറഞ്ഞങ്ങിനി
കാണാത്ത കാലയവനികയിൽ!

---

[1]ഹീരലാൽ — നെഹ്റുവിൻെറ തോട്ടക്കാരൻ.

യിരിക്കുന്നു. ആ മൂലയിൽ ചുരുണ്ടുകിടക്കുന്ന അവളെ വാരിയെടുത്തു് ചന്ദ്രികപോലെ മധുരമായ ആ അധരത്തിൽ മതിവരുവോളം ചുംബിക്കണമെന്നുണ്ടു്. പക്ഷെ ..........ഇന്നെല്ലാം വെറും സ്വപ്നങ്ങൾമാത്രം. വീൽചെയർ കട്ടിലിനടുത്തേക്കു് ഇഴച്ചു, ആ ചുണ്ടുകൾ അറിയാതെ മന്ത്രിച്ചുപോയി:

"ജയേ, നിനക്കെന്നോടു് വെറുപ്പാണോ?...........ഞാൻ..........നിന്നേയും നശിപ്പിച്ചു."

അങ്ങകലെ തിരമാലകൾ കടൽഭിത്തിയിൽ ആഞ്ഞടിക്കുന്ന ശബ്ദം അപ്പോഴും നിശബ്ദതയിൽ മാറ്റൊലികൊണ്ടു.


Greetings from:

**COCHIN BAKERY**

ERNAKULAM, COCHIN-11;

Phone: 32368

OCEAN FRESH NYLON NETS

**OCEAN FRESH**

**NYLON NETS**

**FABRICATED WITH EXTRA STRONG NYLON THREADS**

* LAST LONGER

** INVISIBLE UNDER WATER

*** THOROUGHLY DAMP AND WET PROOF

**** RETAINS FRESH APPEARANCE THROUGHOUT

**THE KERALA FISHERIES CORPORATION LTD.**

(A Government Undertaking)

ERNAKULAM, COCHIN-11, S. INDIA.

മായ ഹൃദയത്തിൽ താൻ കളങ്കം ചാർത്തി. താനവളെ പലതിനും പ്രേരിപ്പിച്ചു; അവൾ അതിനെല്ലാം വഴങ്ങി................ ഒടുവിൽ, വികാരത്തിൻെറ വേലിയേററത്തിനു് മനുഷ്യമനസ്സിനെ കടിഞ്ഞാണിടാൻ പററാത്തവിധം പലതും സംഭവിച്ചു. രണ്ടാംവർഷം കോളേജിൽ വന്നപ്പോൾ അവൾ മററൊരുത്തന്റെ വലയിൽ വീണുകഴിഞ്ഞിരുന്നു. താനതിൽ ദുഃഖിച്ചില്ല. തങ്ങളുടെ സ്നേഹം വികാരത്തിൻെറ മൂടുപടമിട്ട പ്രേമം മാത്രമായിരുന്നു.

ഇന്ദിര എന്ന ദുഃസ്വപ്നം മനസ്സിൽ നിന്നും മാഞ്ഞുതുടങ്ങി. താൻ അങ്ങകലെയൊരു കോളേജിൽ ബി. എസ്സിക്കു് ചേർന്നു. പരിശുദ്ധമായ സ്നേഹത്തിനു വേണ്ടി (സ്നേഹമല്ല, സ്നേഹമെന്ന നാടകം) ഹൃദയം തുടികൊട്ടി. ആയിടക്കാണു് ജയയുമായി പരിചയപ്പെട്ടതു്. തന്നിലെ മധു മററുള്ളവരിലേക്കു് പകരാൻ വെമ്പുന്ന ആ പനിനീർപുഷ്പത്തെ നോവിക്കാതെ നുള്ളിയെടുക്കാൻ ശ്രമിച്ചു. കണ്ണിൽ കിനാവും കരളിൽ കടംകഥകളുമുള്ള അവളുടെ പൂമേനി കല്ലും മുള്ളും നിറഞ്ഞ തൻെറ മനസ്സിൽ സ്ഥിരമായി കുടികൊണ്ടു. സ്നേഹമെന്ന നാടകത്തിലൂടെ അവൾ തന്നിലേക്കടുത്തു. രണ്ടാംവർഷം ബി എസ്സിസ്സു് ആയപ്പോഴേക്കും അങ്ങകലെ ഈ വൻനഗരത്തിൽ പുകതുപ്പുന്ന ഒരു ക്ലററൻ ഫാക്ടറിയിൽ ചെറിയൊരു തൊഴിൽ നേടുന്നതിൽ താൻ വിജയിച്ചു.

ജീവിതമാകുന്ന നാടകത്തിൽ പങ്കുകൊള്ളാൻ ഈ വൻനഗരത്തിലേക്കു് വരുന്നതിനു് മുൻപുതന്നെ നീലാംബരത്തിൻെറ നീലിമനിറഞ്ഞ നയനങ്ങളോടെ സ്നേഹത്തിന്റെ എല്ലാ രസങ്ങളും ഊററിയെടുക്കാൻ ആഗ്രഹിച്ച അവളെ താൻ വിവാഹം ചെയ്തു. ഈ വൻനഗരത്തിൽ അവളൊത്തു് കഴിഞ്ഞപ്പോൾ പഴയകാലത്തെ ഓർമ്മകൾ മജ്ജക്ഷയിച്ചു്, അസ്ഥിയായി, മണ്ണടിഞ്ഞു. പക്ഷെ വിധിയുടെ വികൃതമായ ചാപല്യം ആ ബന്ധം തച്ചുടച്ചു.

എരിഞ്ഞുകൊണ്ടിരുന്ന സിഗററിൽ കൂടിവന്ന ചാരം ആഷ്ട്രേയിലിട്ടു.

അന്നൊരിക്കൽ പ്ലാൻറിൻെറ മുകളിൽ വെൽഡുചെയ്യാൻ കയറിയപ്പോൾ ....താഴെ ചുമന്ന വട്ടക്കണ്ണുള്ള യന്ത്രങ്ങൾ തന്നെ നോക്കി അട്ടഹസിച്ചു. താഴെ യന്ത്രങ്ങളും മനുഷ്യരും വട്ടമിട്ടുപറക്കുന്നതുപോലെ,..............................കണ്ണുതുറന്നപ്പോൾ അവൾ ഹോസ്പിററലിൽ തൻെറ ബെഡ്ഡിനരുകിലിരുന്നു് തേങ്ങിക്കരയുന്നു. എഴുന്നേൽക്കാൻ ശ്രമിച്ചപ്പോൾ ഡാക്ടർ തടഞ്ഞു. പിന്നീടൊരിക്കലും എഴുന്നേല്ക്കാൻ പററാത്തവിധത്തിൽ താൻ നശിച്ചുകഴിഞ്ഞിരുന്നു. തൻെറ കാലുകൾ രണ്ടും വിച്ഛേദിക്കപ്പെട്ടു. ക്രൂരമായ വിധിക്കു് ദുഷ്ടനായ തന്നെ കൊല്ലുവാൻ മാത്രം സാധിച്ചില്ല. പക്ഷെ മിന്നുകെട്ടിയിട്ടു് മാസങ്ങൾ പോലും തികയുന്നതിനുമുൻപു് ഒരു പാവം പെൺകുട്ടിയുടെ സ്വപ്നങ്ങൾ തകർക്കുവാൻ ആ വിധിയെന്ന ഭീകരസത്വത്തിനു് സാധിച്ചു.

കൈപൊള്ളിയപ്പോഴാണു് സിഗരററു് എരിഞ്ഞുതീരാറായെന്നറിഞ്ഞതു്. വീൽച്ചെയർ ചുമരിനടുത്തുള്ള സ്റ്റീൽ കബോഡിനെ ലക്ഷ്യമാക്കി ഉരുട്ടി. അലമാറ തുറന്നു് റമ്മിൻെറ കുപ്പിതുറന്നു് ഗ്ലാസിൽ പകർന്നു. തകർന്ന ഹൃദയത്തിനു് തെല്ലെങ്കിലും സുഖം പകരുന്ന തൻെറ ഏകസ്നേഹിതൻ ഈ റമ്മിൻെറ കുപ്പികൾ മാത്രമാണു്. മദ്യത്തിൻെറ ലഹരിയിൽ എല്ലാമെല്ലാം കുറച്ചുനേരത്തേക്കെങ്കിലും മറക്കാൻ സാധിക്കും. കട്ടിലിൽ തനിക്കുവേണ്ടി പൂമെത്ത ഒരുക്കി

ഞ്ഞില്ല. അതുകൊണ്ട് കീഴ്‌വെണ്മണിയിൽ പാവങ്ങളുടെ ചോരനക്കിത്തുടച്ച് വന്ന് ഇടം ചൂഴ്ന്നകത്തുന്ന തീജ്ജ്വാലകൾ ഉയന്നപ്പോൾ, മെക്കോങ്ങ് നദിയിൽ കബന്ധങ്ങൾ ഒഴുകിക്കളിച്ചപ്പോൾ, സുഡാനിലും, ഇന്തോനേഷ്യയിലും ബംഗ്ലാദേശിലും കൂട്ടക്കശാപ്പ് നടന്നപ്പോൾ ഈ സാഹിത്യകാരന്മാർ തങ്ങൾ തന്നെ പടച്ചുണ്ടാക്കിയ മോഹഭംഗത്തിൻെറ കള്ളറകളിൽ കഞ്ചാവുകഴിച്ച് മയങ്ങിക്കിടക്കുകയായിരുന്നു. ശാശ്വത ദുഃഖം, അസ്തിത്വദുഃഖം, മൃത്യുപൂജ, ബുദ്ധൻെറ ദുഃഖം, ഹിപ്പിയിസം, എന്നെല്ലാം പറഞ്ഞു സമൂഹത്തോട് തങ്ങൾക്കുള്ള കടപ്പാടാകെ മറന്ന് അവർ കേണുവാണു. ഇതു ബോധപൂർവ്വമായ ഒരൊളിച്ചോട്ടം തന്നെയാണ്.

ഈ മരണത്തിൽ അഭയം കാണുന്ന മോഹഭംഗം നാം ആദ്യമായി കാണുന്നതല്ല. തോമസ് ഹാർഡിയുടെ ജൂഡിലിൽ ഇതു് കാലമായവതരിച്ചു. പിന്നീട് ടി. എസ്. എലിയട്ടിലും എസ്രാ പൗണ്ടിലും കണ്ടു. ആൽബേർ കമ്യൂ ഇതിനെ ലോകത്തിൻെറ വിരുദ്ധാവസ്ഥയും മനസ്സിന്റെ അവിരുദ്ധാവസ്ഥയും തമ്മിലുള്ള പൊരുത്തക്കേടായി ചിത്രീകരിച്ച് അബ്സേർഡ് (Absurd) എന്നു പേരിട്ടു. അവസാനമായി കാക്കനാടൻേറയും, എം. മുകുന്ദൻേറയും, സക്കറിയയുടേയും നോവലിൽ നാം കണ്ടു. പക്ഷെ ഒന്നു മനസ്സിലാക്കണം. ഫ്രാൻസ് രാജ്യം ശത്രുക്കൾക്കധീനമായിരുന്ന ഒരു കാലഘട്ടത്തിലാണ് കമ്യൂ തന്റെ 'അന്യൻ' (outsider) എന്ന നോവലെഴുതിയതു്. ഫ്രഞ്ചുജനതയുടെ ദുഃഖവും നൈരാശ്യവുമാണ് അതിൽ പ്രതിഫലിക്കുന്നതു്. തൻെറ ചുററുപാടുമുള്ള ജനസാമാന്യത്തിൻെറ ചേതോവികാരം വിഷാദാത്മകമായ തത്വചിന്തയിലൂടെ കമ്യൂ വിദഗ്ദ്ധമായി ആവിഷ്കരിച്ചിരിക്കുന്നു. പക്ഷെ കമ്യൂവിനെ അനുകരിക്കുന്നവർ ജീവൽ പ്രധാനമായ അക്കാര്യം മറന്നുപോയിരിക്കുന്നു. അവർ അദ്ദേഹത്തെ വെറും മരണോപാസകനായി ചിത്രീകരിക്കുന്നു.

ഖസാക്കിന്റെ ഇതിഹാസം, കാലം, ഉഷ്ണമേഖല തുടങ്ങിയ കൃതികളിൽ മറെറാരു ചിന്താഗതിയുണ്ട്. ഈ ചിന്താഗതിയാകട്ടെ ജീൻ പോൾ സാർത്രേയിലും, പാൾ ടില്ലിച്ചിലും മററും കാണുന്ന ആധുനിക അസ്തിത്വവാദത്തിൻെറ അടിവേരുകൂടിയാണ്. അസ്തിത്വവാദത്തിൻെറ രണ്ടു തായ്‌വേരുകളാണവ. മനുഷ്യവർഗ്ഗത്തിനു് യാതൊരു രക്ഷാമാർഗ്ഗവുമില്ലെന്നു വാദിക്കുന്ന നിരീശ്വര അസ്തിത്വവാദത്തിൻേറയും മരണത്തെക്കുറിച്ചും ജീവിതത്തിൻെറ നിരർത്ഥകതയെക്കുറിച്ചും വിധിയെഴുതുന്ന, മൗലികവ്യാകുലതകളാൽ ചൂഴപ്പെടുന്ന മനുഷ്യാത്മാവിനു് മതപരമായ ആശ്വാസമെ ലഭിക്കുകയുള്ളുവെന്ന് വാദിക്കുന്ന ടിലിച്ചിയൻ അസ്തിത്വവാദത്തിൻേറയും സ്വാധീനം അവയിലുണ്ട്. ഈ കൃതികളിലെ അന്തർധാര മനുഷ്യവർഗ്ഗത്തിൻെറ പുരോഗതിക്കു് ഒട്ടും സഹായകമാവില്ല.

ഇവിടെ ജനസാമാന്യത്തെ പുച്ഛിച്ച് അവരുടെ തലയ്ക്കു മീതെക്കൂടി "എസ്റ്റാബ്ലിഷ്‌മെൻറി"ൻെറ അംഗീകാരം നേടാൻ ശ്രമിക്കുന്ന, അവരിൽ നിന്ന് വിഭിന്നമായി സ്വന്തമായ പഥത്തിലൂടെ വ്യക്തിത്വത്തിൻെറ ഉന്നത മേഖലകളിലേക്ക് ചവിട്ടിക്കയറാൻ ശ്രമിക്കുന്ന അത്യാധുനിക സാഹിത്യകാരന്മാരും, എന്നിങ്ങനെ രണ്ടു പ്രബലവിഭാഗങ്ങളുടെ ഇടയിൽപ്പെട്ട്, ടോൾസ്റ്റോയി പറഞ്ഞതുപോലെ ഉത്തമ സാഹിത്യസൃഷ്ടികൾ ചതഞ്ഞരഞ്ഞുപോയിരിക്കയാണ്.

സാഹിത്യത്തിലെ അത്യാധുനിക സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി പുരോ

# ആധുനികസാഹിത്യം | മാർഗ്ഗവും തത്വചിന്തയും

**പ്രഭാകരൻ** III B. A.

സമൂഹത്തിൻെറ ഉള്ളടക്കത്തിൽ വരുന്ന മാററങ്ങൾക്കനുസൃതമായി സാഹിത്യത്തിൻെറ രൂപത്തിലും ഭാവത്തിലും മാററങ്ങളുണ്ടാകുമെന്ന സത്യം എക്കാലവും അംഗീകരിക്കപ്പെടുന്നതാണ്.

മാറിവരുന്ന രാഷ്ട്രീയ സാമൂഹ്യവ്യവസ്ഥകൾ എന്നും സാഹിത്യത്തിലും പ്രതിഫലിച്ചിട്ടുണ്ട്. ദേശീയ സ്വാതന്ത്ര്യസമരം മൂർച്ഛിച്ചിരുന്ന കാലത്തുയർന്നുവന്ന "പ്രോഗ്രസ്സീവ് ലിററരേച്ചർ മൂവ്മെൻറി"ൻെറ വക്താക്കൾക്ക് അന്നത്തെ എഴുത്തുകാരിൽ വലുതല്ലെങ്കിലും ശരിയായ ഒരു മാററം വരുത്തുന്നതിനും കഴിഞ്ഞു. ആകാശത്തിലേക്കു നോക്കുന്നതിനുപകരം ഭൂമിയിലേയ്ക്കു നോക്കുകയും മനുഷ്യജീവിതത്തേയും അവയെ പൊതിഞ്ഞുനില്ക്കുന്ന ഭൗതികഘടകങ്ങളേയും അവയുടെ മുഖവിലക്കെടുക്കുകയും വേണം സാഹിത്യകാരന്മാർ എന്ന ബോധം പിന്തിരിപ്പന്മാർക്കുപോലും നിഷേധിക്കാൻ വയ്യാതായി. എന്നാൽ ഈ പുരോഗമനപ്രസ്ഥാനത്തിൻെറ വക്താക്കളായി തുടക്കംമുതൽക്കേ പ്രവർത്തിച്ചുപോന്ന ചുരുക്കം ചിലർക്കുമാത്രമേ സ്വാതന്ത്ര്യപ്രാപ്തിക്കുശേഷവും അദ്ധ്വാനിക്കുന്ന ജനകോടികളുടെ താല്പര്യത്തെ പ്രധാനമായി കണക്കിലെടുത്തെഴുതിപ്പോന്നുള്ളു. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം എഴുത്തുകാരായിത്തീർന്നവരിൽ ഭൂരിഭാഗവും സാമൂഹ്യസാമ്പത്തിക പരിവർത്തനങ്ങളിൽ യാതൊരു താല്പര്യവുമില്ലാതെ തങ്ങളിലേക്കുതന്നെ പിൻവാങ്ങി, വൈയക്തികാനുഭൂതികൾക്ക് തങ്ങളുടേതായ രൂപം കൊടുക്കുവാൻ മാത്രമേ ശ്രദ്ധിച്ചുകാണുന്നുള്ളു. ഈ മോഹഭംഗം ആദ്യകാലങ്ങളിൽ സാഹിത്യത്തിനെ ബാധിച്ചതു് വിഷാദാത്മകത്വം പോലെയാണ്. ഇവരെ ഏററവും അധികം ആകർഷിക്കുന്നതു് വ്യക്തിയുടെ അസ്തിത്വത്തിൻെറ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന "എക്സിസ്റ്റെൻഷ്യലിസം" എന്ന തത്വചിന്തയാണ്.

ഇനി രാഷ്ട്രീയമായും സാമ്പത്തികവുമായ ചില കാരണങ്ങളും ഇതിനുണ്ടാകും. സ്വാതന്ത്ര്യത്തിനുശേഷം ഉണ്ടാകുമെന്നു് സങ്കല്പിക്കപ്പെട്ടിരുന്ന സാമ്പത്തിക സാമൂഹ്യപുരോഗതി കാണാഞ്ഞപ്പോൾ നാട്ടിൽ പട്ടിണിയും ദാരിദ്ര്യവും തൊഴിലില്ലായ്മയും പടർന്നുപിടിച്ചപ്പോൾ, മനുഷ്യത്വം ചവിട്ടിമെതിക്കുന്നതുകണ്ടപ്പോൾ, പലരുടേയും മോഹം നശിച്ചു. ഈ മോഹഭംഗക്കാരുടെ ഭംഗമായ മോഹത്തെ, അകർമണ്യതയുടെ, ആത്മഹത്യയിൽ നിന്നും, പ്രതിഷേധത്തിൻെറ വിപ്ലവത്തിൻെറ വേദിയിലേക്കു തിരിച്ചുവിടാൻ 1956നു ശേഷം ഏറെക്കുറെ നിർജ്ജീവമായിത്തീർന്ന പുരോഗമന സാഹിത്യപ്രസ്ഥാനത്തിനു കഴി

# മന്ദാരപ്പൂക്കൾ

**വേലായുധൻ മണപ്പാട്ട്**
III B. A. (ECO)



പുതുവർഷത്തിന്റെ പിറവിയായിരുന്നു. ഓർത്തപ്പോൾ ഒരുന്മേഷം. സാധാരണയില്ലാത്ത ചില മഞ്ജുളസങ്കല്പങ്ങൾ ഹൃദയത്തെ തലോടുന്നു. പുറത്തേക്കിറങ്ങാം രഘു ആലോചിച്ചു. കടപ്പുറത്തേക്കുതന്നെ നടന്നു. അസ്തമനസമയമായിരുന്നു. ചുവന്നു് പ്രകാശിക്കുന്ന സൂര്യനരികിലൂടെ വിവിധ വർണ്ണങ്ങളുള്ള മേഘങ്ങൾ അലഞ്ഞുനടക്കുന്നു. രഘു ഒററക്കിരുന്നു് പലതും ചിന്തിച്ചു. മിക്കപ്പോഴും ഒററക്കായിരിക്കും ഉണ്ടാവുക. അങ്ങകലെ തന്റെ ഗ്രാമത്തിൽ നിന്നും ഈ സുപ്രധാന നഗരിയിലെത്തിയിട്ടു് ഒന്നുരണ്ടു് പേരൊഴിച്ചാൽ വേറെ ആരും സുഹൃത്തുക്കളായിട്ടില്ല എന്നുതന്നെ പറയാം. വല്ലപ്പോഴും കടപ്പുറത്തേക്കിറങ്ങും. ചിലപ്പോൾ അമ്പലത്തിലേക്കും.

സമയം പോയതറിഞ്ഞില്ല. വേഗം എഴുന്നേററു. ഇനി അമ്പലത്തിലേക്കു്. അല്ലെങ്കിൽ വേണ്ട നാളെ പോകാം. "നാളെ" എന്നൊന്നു് ഇതേവരെ ചിന്തിച്ചിട്ടില്ല. റോഡുകഴിഞ്ഞു് ഇടവഴിയിലെത്തി.

"രഘു! എന്താ ഇന്നു് ഒററസ്സുള്ളൂ?" അയാൾ തിരിഞ്ഞുനോക്കി. പരിചയമില്ലാത്ത മുഖം. എവിടെയോ വച്ചു് കണ്ടിട്ടുണ്ടു്;

"ക്ഷമിക്കണം. മനസ്സിലായില്ല. എന്താ പേരു്?"

ആ മുഖം വാടി. കുങ്കുമപ്പൊട്ടു് ചുളിഞ്ഞു. കവിളുകൾ ശോണിമയാർന്നു. ആ മ്ലാനതകണ്ടപ്പോൾ രഘു വാസ്തവത്തിൽ അത്ഭുതപ്പെട്ടു.

"മനസ്സിലായില്ല അല്ലേ?"

പരിഭവം നിറഞ്ഞ നനുത്ത സ്വരം. അവൾ തിരിഞ്ഞു് നടന്നു.

"കുട്ടീ, കുട്ടീ"

നിന്നില്ല അവൾ പോയി. കുങ്കുമപ്പൊട്ടു് തൊട്ട ഒരു കൊച്ചുസുന്ദരി.

ഗമന ചിന്താഗതി പ്രതിഫലിപ്പിക്കത്തക്കവിധം, ബഹുജന സംവേദനത്തിൻെറ പ്രശ്നങ്ങൾ കണക്കിലെടുത്തുകൊണ്ടു് സാഹിത്യസൃഷ്ടി നടത്താനുള്ള ചട്ടക്കൂടു് ഏതാണു്? വിപ്ലവകരമായ സാമൂഹ്യ ഉള്ളടക്കവും ആകർഷകമായ രൂപവും ഉള്ള കൃതികൾ ഉണ്ടാകണം. ആധുനിക സാഹിത്യത്തിൽ പുതിയ ആവിഷ്കരണ രീതിയും, ആധുനിക ഭാഷാശൈലികളുമുണ്ടു്. പഴയ സങ്കേതങ്ങളെ അപേക്ഷിച്ചു് പുതിയ ശൈലിയും പാറേറണുമുണ്ടു്. ഇത്തരം നൂതന സങ്കേതങ്ങളുപയോഗിച്ചു് ജനസാമാന്യത്തിന്റെ ചേതോവികാരത്തിനു് ഭാഷ്യം ചമക്കുന്ന കടമ സാഹിത്യകാരൻ ഏറെറടുക്കണം. ജനങ്ങളുടെ വികാരങ്ങൾ സ്വാംശീകരിക്കണം. കർഷകതൊഴിലാളി ബഹുജന പ്രസ്ഥാനങ്ങളുമായി ബന്ധപ്പെടുകയും അവയിൽനിന്നു് ആവേശമുൾക്കൊള്ളുകയും വേണം. ബഹുജന പ്രസ്ഥാനങ്ങളോടു് എഴുത്തുകാരൻ "കമ്മിററഡു്" ആയിരിക്കണം. സ്വന്തം ഉൾവിളിക്കനുസരിച്ചു് എഴുതുന്നു എന്നതിനു് വിപരീതമായി സമൂഹത്തിൻെറ പുരോഗതിക്കായി എഴുതുന്നു എന്ന കാഴ്ചപ്പാടു് ആധുനിക സാഹിത്യകാരന്മാർക്കുണ്ടാകണം. ഇന്നത്തെ വ്യവസ്ഥിതിക്കെതിരായി പിന്തിരിപ്പൻ എസ്റ്റാബ്ലിഷ്മെൻറിനെതിരായി — ബോധപൂർവ്വം ഒരു വിപ്ലവ ജനാധിപത്യപ്രസ്ഥാനത്തെ വളർത്തിയെടുക്കുന്നതിനു് അത്യാധുനിക സങ്കേതങ്ങളുപയോഗിച്ചു്, ആ ശൈലിയും പാറേറണുമുപയോഗിച്ചു്, ആവിഷ്കരണരീതിയുപയോഗിച്ചു് സാഹിത്യകൃതികൾ രചിക്കണം. തൊഴിലാളിവർഗ്ഗത്തിൻെറ പ്രതിഭയായ ആത്മവിശ്വാസം സാഹിത്യകാരൻ ഉൾക്കൊള്ളണം.

ചുരുക്കത്തിൽ ആധുനിക സാഹിത്യത്തിൻെറ കാര്യത്തിൽ വരുത്തേണ്ട മാററം അവർ പ്രചരിപ്പിക്കുന്ന ജീവിതാദർശമാണു്. നാം പ്രവർത്തിക്കുന്നതു് — ഒരു യൂട്ടോപ്പിയക്കുവേണ്ടിയല്ല. വാഗ്ദത്തഭൂമിക്കുവേണ്ടിയുള്ള പോരാട്ടമാണു് നമ്മുടേതു്. ഇതിനു് നേതൃത്വം നൽകേണ്ട സാഹിത്യകാരൻ ജനകീയപ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ടു് പുതിയ ഒരു വ്യവസ്ഥിതിക്കുവേണ്ടിയുള്ള പോരാട്ടത്തിൽ അരയും തലയുംമുറുക്കി രംഗത്തിറങ്ങണം. അത്യാധുനികതയുടെ രചനാസമ്പ്രദായം - ക്രാഫ്ററ് — അതിനുപയോഗിക്കാം. അതു് പ്രചരിപ്പിക്കുന്ന ജീവിതാദർശമൊഴിച്ചുള്ള ആർട്ടും ഉപയോഗിക്കാം. അങ്ങിനെ പുതിയ സങ്കേതങ്ങൾ-പുതിയ ആർട്ടും ക്രാഫ്ററും പാറേറണുമുപയോഗിച്ചു് ബഹുജനങ്ങളോടൊപ്പം നിന്നു് എസ്റ്റാബ്ലിഷ്ഡു് കൺവെൻഷൻസിനെതിരായി തൂലിക ചലിപ്പിക്കുന്ന സാഹിത്യകാരനാകണം ആധുനികസാഹിത്യകാരൻ. അതാണു് സാഹിത്യത്തിൻെറ ഇന്നത്തെ പരമധർമ്മവും.

ഇമ്പമുള്ള വാക്കുകളെ കോർത്തിണക്കിയുള്ള രചനാസൗഷ്ഠവമോ, ഏണും കോണുമൊപ്പിച്ച ചിന്തേരിട്ടു മിനുക്കിയ രൂപപ്പൊലിമയോ അല്ല സാഹിത്യത്തെ ഉൽകൃഷ്ടമാക്കുന്നതു്. പിന്നയോ? ജീവിതമെന്ന കടങ്കഥയെ തൻേറതായ കാഴ്ചപ്പാടിലൂടെ നിർദ്ധാരണം ചെയ്യുകയും, വ്യാകീർണ്ണവും ജടിലവുമായ ആ പ്രഹേളികയുടെ പിന്നിലുള്ള സത്യത്തിലേക്കും മൂല്യത്തിലേക്കും പുതിയ ഒരുൾക്കാഴ്ച നൽകുകയും ചെയ്യുമ്പോഴാണു്, ഉൽകൃഷ്ടമായ സാഹിത്യം ഉദാത്തമാകുന്നതു്. ദർശനത്തിൻെറ തത്വചിന്താപരമായ ഈ ഉൾക്കട്ടിയാണു് ഉത്തമസാഹിത്യം.

തത്തിലെ വൈവിദ്ധ്യങ്ങൾ, വൈരുപ്യങ്ങൾ — വിധിയുടെ കണക്കുകൂട്ടലുകൾ.

നാളുകൾ നൃത്തം വച്ചകന്നു — മാസങ്ങൾ — വർഷങ്ങൾ.

രഘു തൻെറ ജീവിതത്തേയും അവളുടെ ജീവിതത്തേയും കുറിച്ച് ആഷയെ മനസ്സിലാക്കാൻ ശ്രമിച്ചു. സാധിച്ചില്ല. ഒഴുക്കിന്നെതിരെ നീന്താൻ അയാൾക്കു് ശക്തിയില്ലായിരുന്നു. ഗീതയിലെ ചില വചനങ്ങൾ മറിച്ച് അയാളെ നിഗൂഢമായി പ്രചോദിപ്പിച്ചു.

ഒരു ദിവസം സന്ധ്യക്കു് അച്ഛൻ വീട്ടിൽ പറയുന്നതു് കേട്ടു: "എനിക്കു് ട്രാൻസ്ഫറാണു് ബോംബെയിലേക്കു്." ഞെട്ടിയില്ല. വിറച്ചില്ല. അയാൾക്കറിയാം എല്ലാം എല്ലാം.

പിറേറ ദിവസം പ്രേമോപഹാരമായി സാധാരണ ലഭിക്കാറുള്ള മന്ദാരപ്പൂക്കൾ സ്വീകരിച്ചുകൊണ്ടു് പറഞ്ഞു:

"ഞങ്ങൾ പോകുകയാണു് ആഷേ"

"എവിടേക്കു് സ്വർഗ്ഗത്തിലേക്കോ?" കുസൃതിനിറഞ്ഞ ചോദ്യം. രഘു ചിരിച്ചു. പൊട്ടിച്ചിരിച്ചു. പക്ഷേ കവിളിൽ കണ്ണുനീർച്ചാലുകൾ. ആഷ അത്ഭുതപ്പെട്ടു.

അന്നു് നിലാവുള്ള രാത്രിയിൽ വീണ്ടും സമ്മേളിച്ചു. താൻ പ്രതീക്ഷിച്ചതിലും ധീരയാണവളെന്നു് രഘുവിന്നു് മനസ്സിലായി. അവളും തന്നോടൊത്തു് പോരാൻ ഒരുങ്ങിയിരിക്കുകയാണു്. ദൃഢനിശ്ചയമാണു്. അഴിക്കാൻ ശ്രമിച്ചാൽ കൂടുതൽ മുറുകുകയേ ഉള്ളു.

ഉറക്കമില്ലാത്ത രാത്രികൾ—ആശങ്ക നിറഞ്ഞ ഹൃദയങ്ങൾ.

ആ ദിവസവും വന്നെത്തി. ആഷ അരമണിക്കൂറിന്നു് മുമ്പുതന്നെ തീരെ ചാഞ്ചല്യമില്ലാത്ത മുഖവുമായി വന്നു. സ്വന്തം കാറിൽ.

ഉല്ലാസത്തോടെ അവർ കാറോടിച്ചു. രഘുവിൻെറ കുടുംബവുമായി അവർ പോകുകയാണു്. ബ്രേക്കുകൾ ശബ്ദിച്ചു. അതാ അവളുടെ അച്ഛൻ കാറുമായി മുമ്പിൽ. "ആഷേ" ഘനഗാംഭീര്യമുള്ള ശബ്ദം. അദ്ദേഹം അവളെ പിടിച്ച് പുറത്തേക്കു് വലിച്ചു. ബലമായി കാറിൽ കയററി. അവരകന്നു. "രഘൂ, രഘൂ," വേദന നിറഞ്ഞ വിളികൾ.

രഘു ബോംബെയിലെത്തി. —കുങ്കുമപ്പൊട്ടും! മന്ദാരപ്പൂക്കളും!—

വേദനകൾ കടിച്ചിറക്കി. വൈകികിട്ടിയ ഇംഗ്ലീഷ് പേപ്പറിൽ അയാളെ നടുക്കിയ വാർത്ത അയാൾ വായിച്ചു വീണ്ടും വീണ്ടും.

A Car Accident
Father and daughter died.

ഇടിമുഴക്കങ്ങൾ, തിരമാലകളുടെ ഇരമ്പലുകൾ. തലച്ചോറു് ഉരുകുകയാണോ? മനസ്സ് പഴയ അമ്പലത്തിലേക്കും പരിസരത്തിലേക്കും പറക്കുകയാണു്.

മാസങ്ങൾക്കുമുമ്പു് അവളെ കണ്ടപ്പോഴുണ്ടായ വികാരങ്ങളുടെ വേലിയേററങ്ങൾ. പക്ഷേ ചില വ്യത്യാസങ്ങൾ മാത്രം. ആശകൾക്കു് പകരം നിരാശകളും പ്രതീക്ഷകൾക്കു് പകരം കട്ടത്ത ദുഃഖങ്ങളും.

രഘു ചിരിച്ചു. പൊട്ടിപ്പൊട്ടിച്ചിരിച്ചു. കണ്ണുനീരോടെ ചിരിച്ചു. അയാൾ ലക്ഷ്യമില്ലാതെ ഓടി. എങ്ങും മൂടൽമഞ്ഞു്. കടപ്പുറത്തെത്തി "ആഷേ ആഷേ മാപ്പുതരൂ മാപ്പു്!—" മാറെറാലിക്കൊള്ളുന്ന സ്വരത്തിൽ വിളിച്ചുകൂവി. മനസ്സിലാവാത്ത ഏതോ ഭാഷയിൽ തിരമാലകൾ അയാളെ പരിഹസിച്ചു.

○●○

പുത്തൻ വികാരത്തിന്റെ വേലിയേററം ജീവിതത്തിൽ ആദ്യമായി അനുഭവപ്പെടുന്നു. ആഗ്രഹങ്ങളുടേയും പ്രതീക്ഷകളുടേയും ചിറകടികൾ. ചിന്തകൾ

അയാൾ നടന്നു. വീട്ടിലേക്കല്ല; ലൈബ്രറിയിലേക്ക്. ആദ്യമായി ഇവിടെയെത്തിയിട്ട് ലൈബ്രറിയിൽനിന്നും ഒരു പുസ്തകം തെരഞ്ഞെടുക്കുകയാണ്. "ശാകുന്തളം". വീട്ടിലെത്തി ഉന്മേഷത്തോടെ കുളിച്ചു. ഭക്ഷണവും കഴിഞ്ഞു് പുസ്തകം നിവർത്തി.

അന്ന് മുഴുവൻ കാളിദാസന്റെ ശകുന്തളയെ സ്വപ്നം കണ്ടു. പിറേറ ദിവസം ചുണ്ടിൽ ചെറിയ ഗാനശകലത്തോടെയാണ് കിടക്കയിൽ നിന്നും എഴുന്നേററതു്.

"ഇന്നലെ മയങ്ങുമ്പോൾ ഒരുമണി–
ക്കിനാവിന്റെ
പൊന്നിൻ ചിലമ്പൊലി കേ–
ട്ടുണർന്നു"

ഒരു വിധത്തിൽ സമയം കളഞ്ഞു— വൈകുന്നേരം നടക്കാനിറങ്ങി കടപ്പുറത്തുനിന്നും അമ്പലത്തിലേക്ക്. എങ്ങും കണ്ടില്ല. തിരിച്ചുനടന്നു. ഇടവഴി കടന്ന് റോഡിലെത്തി, അതാ അവൾ. ആ വലിയ മാളികയുടെ പടിവാതിലിൽ. ആ ചുണ്ടിൽ പുഞ്ചിരിയുണ്ടോ ഇല്ല. പരിഭവമുണ്ടോ അതുമില്ല. രഘു അരികിലെത്തി ധൈര്യത്തോടെ ചോദിച്ചു: "എന്താണ് പേരു്?"

താമസിച്ചാണെങ്കിലും പറഞ്ഞു. "ആഷ."

ആ വിശാലമായ കണ്ണുകളിൽ നാണത്തിന്റെ ചാഞ്ചല്യം അയാൾ കണ്ടു. സ്നേഹത്തിന്റേയും ആത്മാർത്ഥതയുടേയും മിന്നാമിനുങ്ങുകൾ തത്തിക്കളിച്ചിരുന്നു. നീണ്ട നിശ്ശബ്ദതക്കുശേഷം അവൾ;

"ഞാൻ അമ്പലത്തിൽവച്ച് കാണാറുണ്ട്. ശ്രദ്ധിക്കാറുമുണ്ട്. രഘുവിനു് എന്നെ പരിചയമില്ലപോലും."

രഘുവിനു് ഉള്ളുതുറന്നു് സംസാരിക്കണമെന്നു് തോന്നി. "ആഷേ എനിക്കധികം സ്നേഹബന്ധങ്ങളില്ല. അതിന്നാശയുമില്ല. ഞാനൊരു പാവപ്പെട്ടവൻ. അടുത്ത ജീവിതവുമായി ഒതുങ്ങിക്കഴിയുന്നു. ഈ നഗരത്തിൽ എനിക്കു് ചേർന്ന സ്നേഹബന്ധത്തിനു് പ്രയാസമെന്നു് തോന്നുന്നു"

"ഇവിടെയാർക്കും സ്നേഹിക്കാനറിയില്ല എന്നാണോ" ആഷയുടെ കുസൃതി ച്ചിരികൾ.

"ആത്മാർത്ഥതയുള്ള സ്നേഹമാണ് ഞാൻ ആശിക്കുന്നതു്" രഘു.

"സാധിക്കുമെങ്കിൽ!" അവൾ അർദ്ധോക്തിയിൽ നിർത്തി.

രഘു ചോദിച്ചു: "സാധിക്കുമെങ്കിൽ?"

അവളുടെ ചുണ്ടിണകൾ വിറക്കുന്നുണ്ടായിരുന്നു. ആ കവിളിൽ കുങ്കുമാഭ പരന്നിരുന്നു.

"സാധിക്കുമെങ്കിൽ എന്നെ തെരഞ്ഞെടുക്കു" അവൾ ഒരുവിധം പറഞ്ഞൊപ്പിച്ചു.

ആഗ്രഹങ്ങൾ, പ്രതീക്ഷകൾ, വികാരത്തിന്റെ വേലിയേററങ്ങൾ. മനസ്സാകെ ചാഞ്ചല്യപ്പെട്ടു. നീണ്ട ജൂബ്ബയിട്ട അവളുടെ അച്ഛൻ വിളിച്ചു "മോളെ" അവൾ നടന്നുനീങ്ങി. നിയോൺ ബൾബിനാൽ ആ വലിയ ബംഗ്ലാവ് പ്രശോഭിച്ചിരുന്നു. രഘു നടന്നു.

നിദ്രയില്ലാത്ത രാവുകൾ, മുറുകുന്ന ബന്ധങ്ങൾ, സ്നേഹത്താൽ ചുഴററപ്പെട്ട സ്വസ്ഥതയില്ലാത്ത മനസ്സ്. രഘു ചിന്തിച്ചു. താൻ ദരിദ്രൻ തന്നെക്കാൾ എത്രയോ നല്ല നിലയിൽ എത്രയോ മുകളിലാണ് അവളുടെ ജീവിതം. അഭിലാഷങ്ങൾ തകരും. ജീവിതത്തിൽ ആദ്യമായുണ്ടാകുന്ന ഈ അഭിനിവേശങ്ങൾ കരിഞ്ഞു് വാടും. പക്ഷേ സ്നേഹം മാത്രമറിയുന്ന ആ സുന്ദരി തന്നോടടുക്കുകയാണ്. എത്ര ശ്രമിച്ചിട്ടും അകററാൻ കഴിയുന്നില്ല. ഫലം മറിച്ചാണ്. ജീവി

ച്ചുകാരണം. വളരെ അത്യാവശ്യമില്ലാത്ത വിശദാംശങ്ങൾ വിശ്വസ്തരായ കീഴുദ്യോഗസ്ഥന്മാരെ ചുമതലപ്പെടുത്തണം. ചുരുക്കത്തിൽ കൂർമ്മബുദ്ധി വേണം നേതാവിന്.

**എളിയ സേവനം ചെയ്യുവാനുള്ള വൈമുഖ്യം**

ഒരു യഥാർത്ഥനേതാവ്, താൻ മററുള്ളവരോട് ചെയ്യാൻ ആവശ്യപ്പെടുന്ന ഏതൊരു ജോലിയും ആവശ്യം വരുമ്പോൾ സ്വയം ചെയ്‌വാൻ തയ്യാറുള്ളവനായിരിക്കും. "നിങ്ങളിൽ വലിയവൻ എല്ലാവരുടെയും ദാസനായിരിക്കും" ക്രിസ്തുദേവൻ തൻെറ ശിഷ്യന്മാരുടെ കാലുകൾ കഴുകി ചുംബിച്ച സംഭവം നേതൃത്വം ആഗ്രഹിക്കുന്നവർക്ക് എക്കാലവും ഒരു മാതൃകയാണ്.

**അനർഹമായ പ്രതിഫലേച്ഛ**

അനർഹമായ പ്രതിഫലേച്ഛ നേതൃത്വത്തിൽ പലരേയും പരാജയപ്പെടുത്തും. പ്രതിഫലത്തിനുവേണ്ടിയായിരിക്കരുത് നേതാവ് പ്രവർത്തിക്കുന്നത്. പ്രതിഫലേച്ഛയോടെ പ്രവർത്തിക്കുന്ന നേതാവ് താല്ക്കാലികമായി വിജയിച്ചാലും അന്തിമമായി പരാജയപ്പെടും. നേതാവ് ചെയ്യുന്ന പ്രയത്നത്തിനുള്ള പ്രതിഫലം അവനറിയാതെതന്നെ വന്നുചേരും. ജീവിതകാലം മുഴുവൻ തങ്ങളുടെ സഹജീവികൾക്കുവേണ്ടി നിസ്വാർത്ഥമായി അദ്ധ്വാനിച്ച മഹാനേതാക്കളാണ് കാലത്തെ അതിജീവിച്ചുകൊണ്ട് നിലനില്ക്കുന്നത്.

**അനുയായികളിൽ നിന്ന് മത്സരമുണ്ടാകുമെന്ന ഭയം**

തൻെറ ഏതെങ്കിലും ഒരു അനുയായി തൻെറ സ്ഥാനം പിടിച്ചെടുക്കുമെന്നു ഭയപ്പെടുന്ന നേതാവ് പരാജയപ്പെടുകയേയുള്ളു. കഴിവുള്ള നേതാവ് അനുയായികളെ പരിശീലിപ്പിച്ചെടുക്കുകയും തൻെറ ചുമതലയുടെ ഓഹരി അവർക്ക് വീതിച്ചുകൊടുക്കുകയും ചെയ്യും. ഒരാൾക്കുതന്നെ പല സ്ഥലങ്ങളിൽ, പല കാര്യങ്ങളിൽ, ഒരേ സമയത്ത് ശ്രദ്ധിക്കുവാൻ സാധിക്കുകയില്ലല്ലോ. മററുള്ളവരെക്കൊണ്ട് ചെയ്യിക്കുവാനുള്ള കഴിവ് വലിയൊരു കഴിവുതന്നെയാണ്.

**ഭാവനാ ശൂന്യത**

ഒരു നേതാവ് പുതിയ ആശയങ്ങൾ ഭാവനയിൽ കണ്ടുപിടിക്കണം — ആകാശക്കോട്ട കെട്ടണം. ഭാവനയില്ലാത്ത നേതാവിന് അടിയന്തിര സ്ഥിതിഗതികളെ നേരിടാനോ, അനുയായികളെ കാര്യക്ഷമമായി നയിക്കാനുതകുന്ന കർമ്മപരിപാടികൾ ആവിഷ്ക്കരിക്കാനോ സാദ്ധ്യമല്ല.

**സ്വാർത്ഥത**

അനുയായികൾ ചെയ്യുന്ന പ്രവർത്തനങ്ങളുടെ ക്രഡിററ് എടുക്കാൻ ശ്രമിക്കുന്ന നേതാവിനോട് അനുയായികൾക്ക് വെറുപ്പേ ഉണ്ടാകൂ. ഒരു യഥാർത്ഥ നേതാവ് അനുയായികളുടെ പ്രവർത്തനങ്ങളെ അംഗീകരിക്കുകയും അവർക്ക് അതിൻെറ ബഹുമതി കിട്ടാൻ സഹായിക്കുകയും ചെയ്യും. അംഗീകാരവും കീർത്തിയും നേടാനുള്ള മോഹം എല്ലാവർക്കുമുണ്ടല്ലോ. സ്നേഹവും സേവനവും ആയിരിക്കണം ഒരു നേതാവിൻെറ മുഖമുദ്ര.

**അമിതത്വം**

കുടി, ഭക്ഷണം, ലൈംഗികജീവിതം, മുതലായവയിലുള്ള അമിതത്വം ഒരാളുടെ ശേഷി, ആരോഗ്യം, സഹനശക്തി മുതലായവയെ നശിപ്പിക്കും. ജനങ്ങൾ അവരെ വെറുക്കും. ഇത്തരം ദുർഗ്ഗുണങ്ങളുള്ള നേതാവ് നേതൃത്വരംഗത്തു് പുറകോട്ടടിക്കപ്പെടും.

ലേഖനം

# പരാജയപ്പെടുന്ന നേതാക്കൾ

പി. ജെ. പോളച്ചൻ,
I പി. ഡി. സി; III ഗ്രൂപ്പ്

ഈ യുഗം നേതാക്കളുടേതാണ്. രാഷ്ട്രങ്ങളെപ്പോലെതന്നെ തോട്ടപ്പണിക്കാരും നേതാക്കളുടെ കീഴിലാണ് പ്രവർത്തിക്കുന്നതു്. ഹോട്ടൽ തൊഴിലാളി സംഘടനമുതൽ യു. എൻ. ഒ; വരെ നേതൃത്വമണ്ഡലം വികസിച്ചുകിടക്കുന്നു. നേതൃത്വമില്ലാത്ത ഏതെങ്കിലും ഒരുവിഭാഗം ആളുകളോ, സംഘടനയില്ലാത്ത ഏതെങ്കിലും പ്രസ്ഥാനമോ ഇല്ലാ എന്നായിട്ടുണ്ട്. നേതാവാകാൻ എല്ലാവർക്കും മോഹമുണ്ട്. അംഗീകാരത്തിനും കീർത്തിക്കു വേണ്ടിയുള്ള ദാഹം, മനുഷ്യന്റെ അടിസ്ഥാനവികാരങ്ങളിൽ ഒന്നുതന്നെയാണെന്നാണ് റസ്സലിൻെറ മതവും.

നേതൃത്വം ഒരു കലയാണ്. നിരന്തരമായ പരിശ്രമവും, അവിരാമമായ അഭ്യസനവും ജന്മസിദ്ധമായ വാസനയും ഈ കലയ്ക്കാവശ്യമാണ്.

എല്ലാവരും നേതൃത്വം ആഗ്രഹിക്കുന്നുണ്ടെങ്കിലും വളരെ ചുരുക്കം ചിലരേ നേതൃത്വത്തിൽ വിജയിക്കുന്നുള്ളു. നേതൃത്വം ആഗ്രഹിക്കുകയും അതിനുവേണ്ടി അക്ഷീണം പ്രയത്നിക്കുകയും ചെയ്യുന്നവർപോലും നേതൃത്വത്തിൽ പരാജയപ്പെടുന്നുണ്ട്. അസാമാന്യ ബുദ്ധിശാലികൾപോലും ലീഡർഷിപ്പിൽ പരാജയപ്പെട്ട അനുഭവങ്ങളുണ്ട്. ഈ പരാജയങ്ങളുടെയെല്ലാം പിന്നിൽ നിരവധി കാരണങ്ങളുണ്ട്. അവ എന്താണെന്നറിഞ്ഞാൽ നേതൃത്വത്തിൽ വിജയിക്കുവാൻ എന്തുചെയ്യണമെന്നറിയാൻ പ്രയാസമില്ലല്ലോ.

## വിശദാംശങ്ങൾ ശ്രദ്ധിക്കാതിരിക്കൽ

കാര്യക്ഷമതയുള്ള നേതാവ് ഓരോ കാര്യങ്ങളുടെയും വിശദാംശങ്ങൾപോലും ശ്രദ്ധിക്കുവാനും മനസ്സിലാക്കുവാനും കഴിവുള്ളവനായിരിക്കും. ഏററവും ചെറിയ കാര്യങ്ങൾ വളരെ വിശദമായി അറിഞ്ഞിരിക്കേണ്ടതാണ്. ഉത്തമ നേതാവ് സമയമില്ലെന്നു പറഞ്ഞ് വിശദാംശങ്ങളിൽ ശ്രദ്ധിക്കാതിരിക്കയില്ല. "ബിസി" യാണെന്നു് പറഞ്ഞു് അത്യാവശ്യകാര്യങ്ങളിൽ ശ്രദ്ധിക്കാതിരിക്കുന്നയാൾ കാര്യക്ഷമതയുള്ള നേതാവല്ല. ഒരുത്തമ നേതാവ് തന്റെ സ്ഥാനവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളുടെയും വിശദവിവരങ്ങൾ നിശ്ചയമുള്ളവനായിരിക്കും. ജവഹർലാൽ നെഹ്റു ഈ നൂററാണ്ടിലെ ഏററവും മഹാനായ ഒരു നേതാവായിരുന്നെങ്കിൽത്തന്നെയും അദ്ദേഹത്തിന് ഈ യോഗ്യത തികച്ചും ഉണ്ടായിരുന്നില്ല. പല നിസ്സാര കാര്യങ്ങളെപ്പററിയും അദ്ദേഹം ബോധവാനായിരുന്നില്ല. പക്ഷേ, അദ്ദേഹത്തിൻെറ കഴിവുകളും ദൗർബ്ബല്യങ്ങളും തമ്മിൽ തട്ടിച്ചുനോക്കുമ്പോൾ കഴിവുകൾ വളരെ മികച്ചുനില്ക്കുന്നു. അതാണ് അദ്ദേഹത്തിൻെറ ഉയ

ചെറുകഥ

# പ്രേതം

കെ. പി. ഫ്രാൻസീസ്
Final B. Com.



വിരഹിണിയായ പ്രേയസിയുടെ സുഖാസുഖങ്ങളറിയുവാൻ കോടാനുകോടി ദൗത്യവാഹകരുടെ വ്യൂഹങ്ങൾ അനേകദൂരം സഞ്ചരിച്ച് നിരാശരായി മടങ്ങിയെത്തിയ വിവരമറിഞ്ഞ്, സൂര്യഭഗവാൻ പ്രേമനൈരാശ്യത്താൽ ആഴിയുടെ അഗാധതയിൽ ചാടി ആത്മഹത്യചെയ്തു. കർമ്മനിരതനും കൃത്യനിഷ്ഠനുമായ പ്രകാശസൂത്രധാരൻെറ അകാലനിര്യാണത്തിൽ സകല ചരാചരങ്ങളും കണ്ണുനീർ വീഴ്ത്തി. പറവസമൂഹങ്ങൾ ചിറകിട്ടടിച്ച് അനന്തതയിൽ ഉയർന്ന് സൂര്യഭഗവാനുമായി പ്രേമത്തിലായി, എന്ന ഒരേ ഒരു കാരണത്താൽ വീട്ടുതടങ്കലിൽ കഴിയുന്ന ചന്ദ്രികാദേവി തൻെറ ഹൃദയേശ്വരനായ ഭഗവാൻെറ നിര്യാണമോർത്തു കണ്ണീർപൊഴിച്ചു. ആ കണ്ണീർ അന്തരീക്ഷത്തിലെ പൊടിപടലവുമായി മേളിച്ച്, തണുത്തുറഞ്ഞ് മഞ്ഞുതുള്ളികളായി ഭൂമിയിൽ പതിച്ചു. എന്നും നക്ഷത്രവ്യൂഹത്താൽ അലംകൃതയായി സായാഹ്നസഞ്ചാരത്തിനിറങ്ങാറുള്ള ദേവി, ഊണും ഉറക്കവും ഉപേക്ഷിച്ച് അറപ്പുരയിൽ കഴിഞ്ഞുകൂടി. ആകാശം കാർമേഘത്താൽ അന്ധകാരനിബിഡമായി.

സെക്കൻറുകൾ മിനിററുകളായും മിനിററുകൾ മണിക്കൂറുകളായും വാർദ്ധക്യാസുഖത്താൽ വലയുന്ന കാസരോഗിയുടെ മാറിൻെറ ഗതിവിഗതികൾക്കനുസരിച്ച് അതിവേഗം ചലിച്ചുകൊണ്ടിരുന്നു. നാഗരീകതയുടെ മായാപ്രപഞ്ചത്തിൽ ലയിച്ച്, സകലകലാവല്ലഭത്വത്തിൽ മരുവുന്ന സർക്കാർ വക നാഴികമണി, "സർക്കാർ കാര്യം മുറപോലെ" എന്ന ആ പഴഞ്ചൻ സിദ്ധാന്തത്തിന് കടകവിരുദ്ധമായി "12" പ്രാവശ്യം ചലിച്ചു. പഴഞ്ചൻ ആചാരങ്ങളേയും തത്വസംഹിതകളേയും വിപ്ലവാത്മകമായ പരിവർത്തനത്തിലൂടെ അത്യന്താധുനികമാക്കി. നിരീശ്വരത്തിലും, യുക്തിവാദത്തിലും ശ്രദ്ധ കേന്ദ്രീകരിച്ച്, കലാലയ ജീവിതത്തിൻെറ ആരംഭം മുതൽ ഇന്നുവരെ കാത്തുസൂക്ഷിച്ച് പരിപാലിച്ചുവന്നിരുന്ന, വാരാന്ത്യവ്രതത്തിന് "(First show, On first day, In first Class)'' ഭംഗം വരുത്തിക്കൊണ്ട് സിനിമാശാലയിലെ രണ്ടാമത്തെ പ്രദർശനംകൊണ്ട് തൃപ്തിപ്പെടേണ്ടിവന്ന ദുര്യോഗമോർത്ത് വിഷണ്ണനായിരുന്നു; "സുധീർ". സതീർത്ഥ്യരുമായി വേർപിരിഞ്ഞ് നാട്ടുവെ

### കൂറില്ലായ്മ

നേതാക്കളുടെ പരാജയകാരണങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണിതു് തന്റെ സഹപ്രവർത്തകർ, മേലധികാരികൾ, വിശ്വസ്തസുഹൃത്തുക്കൾ, അനുയായികൾ, പ്രസ്ഥാനം മുതലായവയോടു് കൂറും, വിശ്വസ്തതയുമില്ലാത്ത നേതാവിനു് അധികം നാൾ പിടിച്ചുനില്ക്കാൻ സാധിക്കയില്ല. വെറുപ്പും അവജ്ഞയുമായിരിക്കും അത്തരക്കാരോടു് മററുള്ളവർക്കുണ്ടാകുക.

### അധികാരപ്രമത്തത

യഥാർത്ഥ നേതാവു് മററുള്ളവരെ പ്രോത്സാഹിപ്പിച്ചാണു് — ഭയപ്പെടുത്തിയും അധികാരപ്രമത്തത കാണിച്ചുമല്ല നയിക്കുന്നതു്. യഥാർത്ഥ നേതാവിനു് അധികാരപ്രമത്തത കാണിച്ചു് നേതൃത്വം അടിച്ചേല്പിക്കേണ്ടയാവശ്യമില്ല. അദ്ദേഹത്തിന്റെ അനുഭവം, മെച്ചപ്പെട്ട അറിവു്, പരിചയം മുതലായവ മററുള്ളവരെ ആകർഷിച്ചുകൊള്ളും.

### സ്ഥാനം

കഴിവുള്ള നേതാവിനു് ഒരു പ്രത്യേക "ഔദ്യോഗികസ്ഥാനം" കിട്ടിയേ കഴിയൂ എന്നില്ല. സ്ഥാനത്തിനുവേണ്ടി കടിപിടി കൂട്ടുന്നവനു് സാധാരണയായി മററധികം യോഗ്യതകളൊന്നും കാണാറില്ല. അധികാരസ്ഥാനത്തിനുവേണ്ടിയുള്ള പരക്കംപാച്ചിൽ, ജനങ്ങളിൽ, നേതാവു്, സ്വാർത്ഥനും അധികാരദുർമ്മോഹിയുമാണെന്ന ധാരണയുണ്ടാക്കാനേ ഉപകരിക്കൂ.

### ഉപ സംഹാരം

നേതൃത്വ പരാജയ കാരണങ്ങളിൽ പ്രധാനപ്പെട്ടവയാണിവ. നേതാവാകാൻ ആഗ്രഹിക്കുന്നവർ ഈ ദൂഷ്യങ്ങളിൽ എതൊക്കെയാണു് തങ്ങൾക്കുള്ളതെന്നു് പരിശോധിക്കുക; കണ്ടെത്തുക; ദൂരീകരിക്കുക. എങ്കിൽ നിങ്ങൾക്കും ജനനേതാക്കളായി ഉയരാം.

ജയ്ഹിന്ദ്.


WITH BEST COMPLIMENTS FROM:

**HOTEL GRACE**

PERUMANOOR - COCHIN-15.
Phone: 32508

For DELICIOUS TASTEFUL FOODS, SWEETS AND COOLDRINKS

"സെമിത്തേരിക്കവല". അനേകങ്ങളുടെ ശവക്കുമ്പാരത്തിന്റെ മീതെ നടനമാടിയിരുന്ന, മദിരാക്ഷികളുടെ വാസം സെമിത്തേരിയുടേയും അവിടെ സ്ഥിതിചെയ്യുന്ന അസ്ഥിപ്പുരയുടേയും പ്രശസ്തിക്ക് മാററുകൂട്ടിയിരുന്നു. അസ്ഥിപ്പുരയിൽ പരസ്യമായ, രഹസ്യമായി നടത്തിയിരുന്ന ചാരായവാററും വില്പനയും, മദിരാക്ഷികളുടേയും, മദോന്മത്തരുടേയും ആകർഷണവലയത്തിൽപ്പെട്ട് അടിക്കടി അഭിവൃദ്ധിപ്പെട്ടുവന്നു. വിപ്പവാരിഷ്ടത്താൽ ലഹരിപിടിച്ച മനുഷ്യൻ ഭൂതപ്രേതാദികളെ ഞെട്ടിപ്പിക്കുന്ന ക്രൂരകൃത്യങ്ങൾ നടത്തി. ഏതോ ഒരു മാന്യദേഹം, പാതിരാത്രിയിൽ സൂര്യൻ ഉദിച്ചിരുന്നു എങ്കിൽ മനുഷ്യന്റെ മാന്യതയുടെ അസ്ഥിപഞ്ജരം കാണാം, എന്നാക്രോശിച്ചതു്, ഈ പ്രദേശത്തെ കുറിച്ചായിരുന്നുവോ, എന്നു തോന്നുമാറു് അത്രയ്ക്കു് നിന്ദ്യവും നീചവുമായ കർമ്മമായിരുന്നു, അസ്ഥിക്കൂമ്പാരത്തിനിടയിലും, ദുഷ്ടാത്മാക്കൾ സ്ഥിതിചെയ്യുന്നു, എന്നു പറയുന്ന "തെമ്മാടിക്കുഴി"കളിലും നടന്നിരുന്നതു്. അങ്ങനെ ഭൂതപ്രേതാദികളുടെ ഒരു വിളനിലമായിരുന്നു "സെമിത്തേരിക്കവല". ഇരുളിന്റെ മറവിൽ നടന്നിരുന്ന അക്രമങ്ങളുടെ വേട്ടയാടൽ മാത്രമായിരുന്നില്ല, സുധീരന്റെ ഹോബി. സാക്ഷാൽ പ്രേതമായി മാറാൻ കഴിയും എന്നു് തന്റെ കഴിഞ്ഞകാലജീവിതം തെളിയിക്കുന്നു. സർവ്വകലാശാലയുടെ അന്ത്യപരീക്ഷണത്തിനു് വിധേയനാകാൻ ഒരുങ്ങുന്ന, കലാലയജീവിതത്തിന്റെ അന്ത്യയാമത്തിലാണു് "പ്രേതബാധ" എന്ന ആവനാഴിയിലെ അവസാനശരം പ്രയോഗിക്കാനുള്ള കനകാവസരം ലഭ്യമായതു്. കുറച്ചുനാളുകളായി ശൂന്യമായിക്കിടന്നിരുന്ന അയൽവീട്ടിലെ പുതിയ താമസക്കാരെ പരിചയപ്പെടാനുള്ള ഒരു വെമ്പൽ ഷഷ്ടിപൂർത്തി ആഘോഷിച്ച വയസ്സന്റെ, റേഡിയോയിലൂടെ പാഞ്ഞുവരുന്ന, കർണ്ണകഠോരമായ പഴഞ്ചൻ സംഗീതത്തിന്റെ മാറെറാലിയോടുകൂടി അസ്തമിച്ചു. നിശയുടെ നിശ്ശബ്ദമായ അന്തരീക്ഷത്തിൽ അദ്ധ്യയനം നടത്താൻ നിശ്ചയിച്ചിരുന്ന സുധീർ ദിഗ്‌വിജയം നടത്തുന്ന ശബ്ദതരംഗത്തിന്റെ ചുഴിയിൽപ്പെട്ടു് തിരിയുവാൻ തുടങ്ങി. ചെവിയിലെ ശബ്ദവാഹിനിയന്ത്രത്തിനു് കാര്യമായി തകരാറു സംഭവിച്ച ആ കിഴവന്റെ മുമ്പിൽ മിഴിച്ചുനിൽക്കാനെ അവനു് കഴിഞ്ഞുള്ളൂ. വെടിപൊട്ടിയാൽ വിചാകിരിക്കു് എണ്ണയിടാത്തതെന്താണെന്നു് മൂപ്പർ ചോദിക്കുമായിരുന്നു. പിന്നീടു് താമസ്സം ഉണ്ടായിരുന്നില്ല. അവസാനബാണം പ്രയോഗിച്ചു. ടെറസ്സിനു് മുകളിൽ കുനിഞ്ഞിരുന്നു് ഇടതടവില്ലാതെ കരിങ്കൽ ചില്ലുകൾ വയസ്സന്റെ വസതിയിലേയ്ക്കു് പായിച്ചു. എന്തിനധികം മൂന്നാംദിവസം ശേഷിച്ച സാധനസാമഗ്രികളുമായി പ്രേതത്തിന്റെ സംഹാരതാണ്ഡവത്തിനു് ഇടംനല്കാതെ കരകടന്നു. പണ്ടു് ആ വീട്ടിൽ ഒരു ആത്മഹത്യ നടന്നിരുന്നുപോലും. തന്റെ ആദ്യത്തെ പ്രേതാവതാരം ഭംഗിയായി കലാശിച്ചു. നിദ്രാദേവി തന്റെ ആഗമനം അറിയിച്ചു് അനുവാദത്തിനായി കാത്തുനിന്നു. ബന്ധനം നീക്കി ദേവി അകത്തു കടന്നു.

എന്നും അതിരാവിലെ ഉണരാറുള്ള സുധീർ അന്നു് വളരെ വൈകിയാണു് കിടക്കയിൽ നിന്നു് ഉണർന്നതു്. തന്റെ സാമിപ്യത്തിനായി ദാഹിക്കുന്ന "Bed Coffee" ഗന്ധവും ഊർജ്ജവും നശിച്ചു് നിർജ്ജീവമായി കഴിഞ്ഞിരുന്നു. അനാഥശിശുവിനെപ്പോലെ സോഫയിൽ കിടന്ന പ്രഭാതപത്രമായിരുന്നു, പ്രഭാതകർമ്മങ്ങൾ കഴിഞ്ഞു് തിരിച്ചെത്തിയ തന്നെ സ്വീകരിക്കാനെത്തിയതു്. പത്രത്തിലൂടെ പരിതനടന്ന കണ്ണുകൾ ഒരു

ളിച്ചത്തിൻെറ സഹായത്താൽ മാത്രം മുന്നോട്ട് ഗമിക്കാൻ പററിയ ഊടുവഴിയിലേയ്ക്കു പ്രവേശിച്ചു. എങ്ങും കൂരിരുട്ട്. വെള്ളിയാഴ്ചതോറും മാറാറുള്ള ചലച്ചിത്രപ്രദർശനവും ഭൂതപ്രേതാദികളെ ചുററിപ്പററിയുള്ള കഥാസാരവും നടത്തത്തിൻെറ വേഗം വർദ്ധിപ്പിച്ചു. അനേകരുടെ കൊലയ്ക്കും കൊള്ളയ്ക്കും മൂകസാക്ഷിയായി മരുവുന്ന പൊതുശ്മശാനം ഒരുവശത്ത്. കൊലപാതകരുടെ ചുടുനിണം അലിഞ്ഞുചേർന്ന് മലീമസമായി ഒഴുകുന്ന കൊച്ചരുവി മറുവശത്ത്. ആ അരുവിയുടെ തീരത്ത് മുടിചൂടാമന്നനായി വാണരുളുന്ന പാലമരം, പൂത്ത് മത്തുപിടിപ്പിക്കുന്ന മണം വായുമണ്ഡലത്തെ ലഹരിപിടിപ്പിച്ചിരുന്നു. ആ ശ്മശാനത്തിൽ നിരയും നിയന്ത്രണവുമില്ലാതെ, വളർന്നിരുന്ന കുററിക്കാടുകളും ഇലഞ്ഞി, ആല് മുതലായ വൻമരങ്ങളും പക്ഷിമൃഗാദികളുടേയും ഇഴജന്തുക്കളുടേയും അഭയസങ്കേതവും, വിഹാരരംഗവുമായിരുന്നു. സമയം 12 30. പഞ്ചായത്തുകളുടെ സത്വരശ്രദ്ധയ്ക്ക് ദൃക്സാക്ഷിയായിരുന്ന ഏക പഞ്ചായത്തുവിളക്ക് ആളിക്കത്തി അസ്തമിച്ചു. ചീവീടുകളുടെ ശബ്ദം മൂകതയെ ഭഞ്ജിക്കപ്പെടുത്തിക്കൊണ്ടിരുന്നു. കുറുനരിയുടെ ക്രൂക്കവിളിയും, നായ്ക്കളുടെ ഓലിയിടലും അന്തരീക്ഷത്തിൽ മാറെറാലിക്കൊണ്ടു. കടവാവലുകൾ ചിറകടിച്ച് പറന്നുയർന്നു. "പ്തീം" പാലമരത്തിൻെറ ഉണങ്ങിയ ഒരു കൊമ്പ് അരുവിയിൽ കൊച്ചോളങ്ങൾ സൃഷ്ടിച്ചു, അതാ! വെളുത്ത സുന്ദരിയായ ഒരു പെൺകുട്ടി ശുഭ്രവസ്ത്രത്താൽ വിഭൂഷിതയായി മന്ദം, മന്ദം, പാലമരത്തിൻെറ ചുവട്ടിലൂടെ നടന്നുവരുന്നു. സുധീർ, താൻ സാധാരണയായി കൊണ്ടുപോകാറുള്ള രണ്ടുഷെല്ലിൻെറ റെറാർച്ചിനായി പോക്കററിൽ കൈതാഴ്ത്തി. ഉൽക്കണ്ഠയോടെ താഴ്ന്ന കൈ നിരാശയോടെ അന്തരീക്ഷത്തിൽ ഉയർന്നു. അന്ധകാരത്തിൽ ചൂഴ്ന്നിറങ്ങിയ കൊള്ളിയാൻ മിന്നലോടെ ദൃശ്യമായിരുന്ന ആ രൂപം അദൃശ്യമായി.

തളർന്ന ശരീരവും മുറിവേററ മനസ്സുമായി കിടക്കയെ സമീപിച്ച സുധീർ, നിദ്രാദേവിയുടെ നിത്യസന്ദർശനത്തിനായി ദാഹിച്ചുകൊണ്ടിരുന്നു. ചഞ്ചലചിത്തനായിരുന്ന അവൻ കഴിഞ്ഞകാല ചരിത്രത്തിലേയ്ക്ക് ഒന്ന് എത്തിനോക്കി. ഭൂതപ്രേതാദികളെക്കുറിച്ചുള്ള മുത്തശ്ശിയുടെ യക്ഷിക്കഥ, അച്ഛൻെറ മാനസിക ശാസ്ത്രത്തിൻേറയും യുക്തിവാദത്തിൻ്റേയും ഇടയിൽപ്പെട്ട് ചതഞ്ഞരഞ്ഞ് നിലം പതിക്കുന്ന കാഴ്ച തന്നെ ഒരു സാഹസികത്വത്തിലേയ്ക്ക് വലിച്ചിഴച്ചു. അതിന്റെ മകുടോദാഹരണമായിരുന്നു അമ്പലപ്പറമ്പിലെ ആൽത്തറയിൽ ഒരു കോണിൽ സ്ഥിതിചെയ്യുന്ന മണ്ഡപത്തിൽ ഭദ്രകാളീരൂപത്തിൽ പ്രത്യക്ഷപ്പെടാറുണ്ടായിരുന്ന "പൊൻപണി പൊന്നമ്മയുടെ" ക്രീഡാവിനോദങ്ങൾ സ്വാർത്ഥതാല്പര്യത്തിനുവേണ്ടി, ദേവീദേവന്മാരേപ്പോലും ബലിയാടുകളാക്കി, സാമുദായികമൂല്യങ്ങളെ ചവട്ടിമെതിച്ച് ചൂഷണംചെയ്യുന്ന ഒരുപററം സാമുദായികദ്രോഹികൾക്കേററ ആഘാതമായിരുന്നു, ആ സംഭവം. കാളീകോപത്താൽ തീജ്വാലവമിക്കുന്ന നയനങ്ങളുമായി എന്നും രാത്രിയുടെ അന്ത്യയാമത്തിൽ പ്രത്യക്ഷപ്പെടാറുണ്ടായിരുന്ന സാക്ഷാൽ ദേവിതന്നെയായിരുന്നു, കള്ളക്കടത്തുകളുടെ സ്വച്ഛന്ദസഞ്ചാരത്തിൽ പ്രധാന കാർമ്മികത്വം വഹിക്കുന്ന പത്തേമാരികളുടെ "സിഗ്നൽ പോസ്റ്റ്" ഇതെല്ലാം തൻെറ സാഹസികതയ്ക്ക് മാററുകൂട്ടുന്ന ചില സംഭവങ്ങളായിരുന്നു. തൻേറയും, തനിക്കുചുററും സഞ്ചരിക്കുന്ന യുവത്വത്തിൻെറ പ്രത്യക്ഷാക്രമണം മൂലം മരിച്ചു മണ്ണടിഞ്ഞ മുത്തശ്ശിക്കഥയുടെ ശവപ്പറമ്പായിരുന്നു

# രാത്രി

—പത്മനാഭസ്വാമി N. II P. D. C.

രാത്രി രാത്രി സുന്ദരരാത്രി
നിലാവിൽ മുങ്ങിയ രാത്രി
നിഴലും നിഴലുമലിഞ്ഞുചേരും
നിഴൽ നാടകരാത്രി.

സ്വപ്നങ്ങളുണർന്നു നിദ്രയെപ്പുണരും
സ്വർഗ്ഗീയ സുന്ദരരാത്രി
മററാരും കാണാത്ത മായാലോകത്തിൽ
മനോരഥമോടുന്ന രാത്രി.

മാംസം മാംസത്തെ വാരിപ്പുണരും
മദനമനോഹരരാത്രി
അനുഭൂതികൾ തൻ ചിറകുകളിന്മേൽ
മാനസ മലയുന്ന രാത്രി.

ചുംബനലഹരിയിൽ എല്ലാം മറന്നിടും
അനുരാഗ വിവശയാം രാത്രി
ചുടുനിശ്വാസത്തിൻ അലയടിയുയരും
ശ്യാമള കോമളരാത്രി.

ചന്ദ്രിക ചന്ദന കിരണം ചൊരിയും
ചൈത്ര മനോഹര രാത്രി
സങ്കല്പവീണയിൽ സംഗീതമുണരും
ശരൽക്കാല സുന്ദരരാത്രി.

കോണിൽ ചെന്നുതറഞ്ഞു. നാലാം വർഷ മെഡിക്കൽ കോളേജ് വിദ്യാർത്ഥിയായ തന്നെ പിടിച്ചുകുലുക്കിയ പ്രധാന വാർത്തയായിരുന്നു അതു്. III rd M. B. BS ക്ലാസ്സോടുകൂടി പാസ്സായിരിക്കുന്നു. മനസ്സിന്റെ കുളിരും കണ്ണിന്റെ കുളിർമയും. കോളേജ്ബസ്സിന്റെ കാത്തുനില്ലാതെ Break fast കഴിഞ്ഞ സുധീർ ജംങ്ഷനിലേയ്ക്കു് തിരിച്ചു. തലേന്നാൾ കഴിഞ്ഞ ചൂടുപിടിച്ച വാദപ്രതിവാദത്തിൽ യുക്തിവാദിയായ താൻ വിജയിച്ചിരിക്കുന്നതായി "നോട്ടീസ് ബോർഡ്" വിളിച്ചറിയിച്ചു. തന്നെ സംബന്ധിച്ച് അതൊരു വിജയമായിരുന്നില്ല. വിദ്യാരംഭത്തിന്റെ തുടക്കം കുറിക്കുന്ന നാഴികമണിയുടെ പെൻഡുലം പത്തു പ്രാവശ്യം തിരഞ്ഞു. Dessection - Anotomy ക്കുമായി ശവശരീരങ്ങൾ സൂക്ഷിക്കുന്ന "Morgue" യിലേയ്ക്കു് പ്രവേശിച്ചു. തന്റെ മൂർച്ചയേറിയ വാഗ്ശരങ്ങൾക്കു മുമ്പിൽ തലകുനിച്ച, ചിരകാലസുഹൃത്തും, സതീർത്ഥ്യനുമായ സുമോദിനെ കണ്ടു. സുമോദിന്റെ വെല്ലുവിളി സ്വീകരിക്കാതിരിക്കാൻ വിപ്ലവാവേശത്താൽ ലഹരിപിടിച്ച തനിക്കു സാധിച്ചില്ല. ക്ലാസ്സ്പിരിഞ്ഞു. 12-ാം നമ്പർ Dessection - Tableൽ കിടന്നിരുന്ന തൂങ്ങിമരിച്ച പ്രേതത്തിന്റെ വായ്തുറന്ന് ഒരു സിഗററ് തിരുകിവച്ചു. "ജീവിതം മരിച്ചുവീഴുന്ന അന്ത്യയാമത്തിൽ Morgue-ൽ പ്രവേശിച്ച്, തിരുകിവച്ച സിഗററ് എടുത്ത് പുറത്തു കടക്കണം." നിറഞ്ഞ സദസ്സിൽനിന്നും ഉയർന്നുപൊങ്ങിയ നീണ്ട കരഘോഷത്തിനിടയിൽ വെല്ലുവിളി സ്വീകരിച്ച സുധീർ, സുസ്മേരവദനയായി പുറത്തു കടന്നു. വീട്ടിലേയ്ക്കു് ഡയൽ ചെയ്തു്, ഹോസ്റ്റലിൽ കഴിഞ്ഞുകൂടി. സമയം ക്ഷീണിച്ചവശയായ ഒരു ഒച്ചിനെപ്പോലെ ഇഴഞ്ഞുകൊണ്ടിരുന്നു. മെസ്സ് ഹാളിൽനിന്നും പുറത്തുകടന്ന് നിശ്ചിത നിമിഷത്തിനായി കാത്തിരുന്നു. സമയം 11 50. ഹോസ്റ്റൽ റൂമിൽനിന്നും പുറത്തു കടന്നു. സുധീറിന്റെ പാദരക്ഷകൾ പൃഥ്വീദേവിയെ മഥിക്കുന്ന മാരക മർമ്മരമായിരുന്നു, അവിടെ നടമാടിയിരുന്ന മൂകതയെ ഭഞ്ജിച്ച ഏകവസ്തു. പൂട്ടിയിരുന്ന കോംപൗണ്ട് ചാടിക്കടക്കാൻ സ്പോർട്സ്സ്മാനനായ തനിക്കു് അധികം ബുദ്ധിമുട്ടേണ്ടിവന്നില്ല. നിയോൺ വെളിച്ചത്തിന്റെ മങ്ങിയ നീലപ്രഭയാൽ പൂട്ടിയിരുന്ന Morgue-ന്റെ വാതിൽ വ്യക്തമായി കണ്ടു. ജനലഴി വളച്ച് അകത്തു കടന്നു. 12-ാം നമ്പർ Dessection - Table-ൽ കിടന്ന അനാഥപ്രേതമായിരുന്നു ലക്ഷ്യം. സീലിങ്ങിൽ ഇരുന്ന ഗൗളി മൂന്നുപ്രാവശ്യം ചിലച്ചു. മനസ്സിന്റെ സമനില തെററിയോ! താളംപിഴച്ചോ! ഇല്ല, ഒരിക്കലുമില്ല. എന്തു്? പ്രേതത്തിന്റെ വായിൽ എരിയുന്ന സിഗററോ? പുക തുപ്പുന്നോ. അയ്യോ! ശവശരീരം വളയുകയോ" തലച്ചോർ മരവിച്ചുകഴിഞ്ഞിരുന്നു. ധീരനായ ആ യുവാവ് നിലംപതിച്ചു. ഉയരാത്ത പതനം. അപ്പോഴും പ്രേതത്തിന്റെ സ്ഥാനത്തു് കിടന്നിരുന്ന സുമോദ് മന്ദഹസിക്കുന്നുണ്ടായിരുന്നു.

യിട്ടുമ്പോൾ പരാജയം തുടങ്ങുകയാണെന്നു് കരുതിയിരുന്നില്ല.

—ഇതു് മൂന്നാമത്തെ തവണയാണു്, മൂന്നാമത്തെ!

മാസാവസാനത്തിൽ, അവധിക്കു് വരുന്ന മകനെക്കാണുമ്പോൾ അമ്മയുടെ ആവലാതി.

—നിന്റെ ഭാര്യ യോഗിനിയെപ്പോലെയാണു്. എപ്പോഴും മുറിക്കുള്ളിൽ. വായന! വായന!

അമ്മ സെലക്റ്റ് ചെയ്യുന്നു. ടൂർ പ്രോഗ്രാം.

കണക്കില്ലാത്ത സ്വത്തിന്റെ അവകാശിയായ ഒററമകൻ. ബാങ്കിൽ ലക്ഷങ്ങളുടെ ബാലൻസു്.

ആലോചിക്കുന്തോറും നിന്നനില്പിൽ അവൾ പുകയുകയായിരുന്നു. എപ്പോഴും ഗുളികകളുടെ താങ്ങിൽ ജീവിക്കുന്ന മകൻ!

ഇരുട്ടു് പതുക്കെ ഇഴഞ്ഞുകയറുകയായിരുന്നു. ഒഴിഞ്ഞ സിഗരററ്പാക്കററ് പുറത്തേക്കെറിഞ്ഞു് അയാൾ എഴുന്നേററു. ഷെൽഫിലെ ഫ്ളാസ്കിൽനിന്നു് വെള്ളമെടുത്തു് ഒരു കള്ളനെപ്പോലെ ഗുളികയെടുത്തു് വിഴുങ്ങുമ്പോൾ അയാൾ വിറച്ചുവരുന്ന കിതപ്പൊതുക്കി സ്വയം പറഞ്ഞു:

—നിന്റെ മുഖത്തെ ഈ ഭാവം. അതെനിക്കു് മനസ്സിലാവും! അടുത്ത ചലനം എന്തായിരിക്കുമെന്നു് അവൾ ഊഹിച്ചു. അയാൾ അടുത്തേക്കു് വന്നു് പതുക്കെപ്പറഞ്ഞു.

—"നമുക്കു് അസ്തമനം കാണാൻ പുറപ്പെടാം. എന്താ?"

അവൾ ഒന്നും പറയില്ലെന്നു് അറിഞ്ഞുകൊണ്ടുതന്നെ അയാൾ കെഞ്ചി:

—"കഴിഞ്ഞ രണ്ടുതവണ വന്നപ്പോഴും നീ ഒഴിവുകഴിവു് പറഞ്ഞു. ഈ പ്രാവശ്യമെങ്കിലും പ്ലീസു്"

അയാൾക്കു് പിറകിലായി അവൾ നടന്നു. ദൂരെ അസ്തമനം കാണുന്നതിന്നു് എത്തിയ നഗരത്തിന്റെ അതിഥികൾ.

അയാൾ ഒരു തോണിക്കാരനെ വിളിച്ചു.

—അവിടേക്കു്, ആ വലിയ പാറ കാണുന്നിടത്തേക്കു്.

അയാൾക്കൊപ്പം തോണിയും കിതക്കുന്നുണ്ടെന്ന സത്യം അവളോർമ്മിച്ചു.

ചാരിയിരിക്കാൻ പററിയ സ്ഥലം നോക്കി നീങ്ങുമ്പോൾ അയാൾ തോണിക്കാരനെ തിരിച്ചയച്ചു് ഒപ്പമെത്താൻ പാടുപെടുകയായിരുന്നു.

—ഇനി മടക്കയാത്രയുണ്ടാവില്ലേ?

പുതിയ അതിഥിയെ തേടി ആവേശത്തോടെ മടങ്ങുന്ന തോണിക്കാരനെ നോക്കിയിരിക്കുമ്പോൾ അവൾ സംശയിച്ചു. പൊടുന്നനെ ഭയത്തിന്റെ നൂലിഴകൾ മനസ്സിനെ ആവരണം ചെയ്തു.

ഏറെ നേരത്തെ നിശ്ശബ്ദതക്കു് ശേഷം അയാൾ പറഞ്ഞു:

—"ഞാൻ വ്യസനിക്കുന്നു കുട്ടീ. നിന്റെ ദുഃഖം എനിക്കു് മനസ്സിലാക്കാം. കഴിഞ്ഞ പ്രാവശ്യം ഇതു് തുറന്നുപറയണമെന്നാഗ്രഹിച്ചു. ബഹളത്തിന്റെ നടുവിൽ നിന്നു് എനിക്കെന്റെ പരാജയം സമ്മതിക്കാനാവില്ല. തോണിക്കാരനെ തിരിച്ചയച്ചതു് ഇതിന്നുവേണ്ടിയാണു്. സമ്മതിക്കൂ, ഞാൻ ആത്മഹത്യക്കൊരുങ്ങട്ടെ! പ്ലീസ്സ്."

വ്യക്തമായി കേൾക്കുന്ന കിതപ്പിന്റെ ശബ്ദത്തിൽ അവൾ ഭയത്തോടെ പാറയിലേക്കു് തലചാരി. ഇരുട്ടിൽ അയാൾ കേൾക്കാതെ പിറുപിറുത്തു: എന്റെ കിടക്കവിരി ഒരിക്കലും ചുളിയില്ല.

ചെറുകഥ

# മരുഭൂമിയിൽ തനിയെ

—ശശിധരൻ തൃശ്ശിലേരി II B. A.

കാത്തുനില്ക്കാതെ അവൾ പരിചാരകൻ നിർദ്ദേശിച്ച മുറിയുടെ നേരെ നടന്നു.

മുറിയുടെ വാതിൽ തുറന്നു് അകത്തേക്കു് കയറിയപ്പോൾ ആവർത്തനത്തിന്റെ മടുപ്പു് അനുഭവിച്ചു.

—ഈശ്വരാ, ഇതു് എത്രാമത്തെ തവണയാണു്, ഈ പരീക്ഷണം?

ചാരിയിട്ടിരുന്ന വാതിൽ, ശബ്ദമുണ്ടാക്കാതെ തുറന്നു് അകത്തേക്കു് കയറുമ്പോഴേക്കും അയാൾ കിതപ്പുകൊണ്ടവശനായിരുന്നു. ഒരുനിമിഷം അയാൾ ജനൽക്കമ്പികൾ പിടിച്ചു് വിദൂരതയിൽ നോക്കിനില്ക്കുന്ന ഭാര്യയെ വേദനയോടെ നോക്കി.

—ക്ഷമിക്കൂ. എന്നോടു് ക്ഷമിക്കൂ! നിനക്കെന്നല്ല, എനിക്കുപോലും എന്നിൽ നിന്നു് രക്ഷപ്പെടാനാവുന്നില്ല.

ആനക്കൊമ്പുകൾ കൊണ്ടു് ചിത്രപ്പണി നടത്തിയ വട്ടമേശയുടെ മുകളിൽ സൂട്ട്കെയ്സു് കയററിവെച്ചു് ഒരു നിമിഷം സംശയിച്ചു. ഇല്ല. അമ്മക്കു് തെററുപററില്ല. മാസാവസാനം ഭാര്യയൊന്നിച്ചു് ഹോട്ടലിൽ രാത്രി കഴിയുന്നതിനു് പോകുന്ന മകന്റെ രോഗത്തെക്കുറിച്ചു് അമ്മക്കറിയാം. സൈഡ് പോക്കററിൽ നിന്നു് ഗുളികകൾ കൈക്കലാക്കുമ്പോൾ അയാൾ മനസ്സിൽ അമ്മക്കു് നന്ദിപറഞ്ഞു.

—താങ്ക്സ് മദർ.

അവൾ അറിഞ്ഞുകൊണ്ടു് സ്വയം പിന്മാറി, ചന്ദനനിറമുള്ള കട്ടിലിന്റെ അരുകിലേക്കു്. അയാൾ ജനലിനു് തൊട്ടുള്ള ചെയറിലേക്കും!

പച്ചനിറമുള്ള ജനൽക്കർട്ടനിൽ ഡിസൈൻ ചെയ്തിരിക്കുന്ന വെള്ളപ്പൂക്കൾ ഇളംകാററിൽ ജീവനുള്ളതുപോലെ ആടി.

മൊസേക്കു് തറയിൽ നില്പുറക്കാത്ത ചെയർ തട്ടിനീക്കി അയാൾ ജനൽക്കമ്പികൾ പിടിച്ചു് പുറത്തേക്കു നോക്കിനിന്നു.

—ആരാണു് വിറക്കുന്നതു്? ഈ കമ്പികളോ? എന്റെ വിരലുകളോ?

കടൽക്കരയിൽ ആകാശം നോക്കിക്കിടക്കുന്ന സായ്‌വു്. വായനയിൽ മുഴുകി തൊട്ടടുത്തു് കിടക്കുന്ന ചാരനിറമുള്ള പെൺകുട്ടി ഒരുപക്ഷേ മകളാവണം. ഇടക്കിടെ സുന്ദരമായി ചിരിക്കുന്ന കുട്ടിയുടെ കയ്യിൽ പട്ടത്തിന്റെ ചരടു്. നേർവരപോലെ.

ചിറകിട്ടടിക്കാതെ പറക്കുന്ന കടൽകാക്കയെപ്പോലെ പട്ടം അങ്ങു് മുകളിൽ.

ഊന്നുവിണ കണ്ണടയെ ശപിച്ചു് അയാൾ പ്രാർത്ഥിച്ചു.

അതെ, കാററിൽ അതററു് കടലിൽ വീഴണം.

അയാൾ കിതക്കുന്നുണ്ടായിരുന്നു. ഓടിത്തളർന്നു് നാവു്നീട്ടി കിതക്കുന്ന നായയെപ്പോലെ!

ചെയറിലേക്കു് വീഴുമ്പോൾ സ്വയം വിലപിച്ചു. മനസ്സേ നിയന്ത്രിക്കൂ! നൂല്പാലത്തിൽ നിന്നു് വീഴാതിരിക്കാൻ ഒരു വേലിയുണ്ടായിരുന്നുവെങ്കിൽ!

അവൾക്കു് അനുകമ്പ തോന്നിയില്ല. ഈ കിതപ്പുകണ്ടു് മടുത്തിരിക്കുന്നു. വർഷപ്പഴക്കമുള്ള ഈ ആസ്ത്മയിൽ നിന്നു് നിങ്ങൾക്കു് രക്ഷപ്പെടാനാവില്ല. പക്ഷേ ഈ കിതപ്പു് നിയന്ത്രിക്കാൻ പാടുപെടുന്നതു് എന്റെ മുമ്പിൽ വെച്ചു വേണ്ട!

—ഞാൻ ഒരിക്കൽ തോററു. വീണ്ടും എന്നെ പരാജയപ്പെടുത്താനാവില്ലാ!

മാസങ്ങൾക്കുമുമ്പു് അമ്പലത്തിലെ കൊടിമരത്തിന്റെ മുമ്പിൽവെച്ചു് മാല

മനുഷ്യരാശി മൊത്തത്തിൽ പ്രതീക്ഷാപൂർണ്ണമായ വീക്ഷണമാണു് പുലർത്തുന്നതു്. ഇന്നലെവരെ മനുഷ്യഭാവനയ്ക്കു് സംഗ്രഹിയ്ക്കാൻ അസാദ്ധ്യമായിരുന്നതും, "അനന്തത"യെന്നു് മുദ്രകുത്തി തള്ളിയതുമായ ഗോളാന്തര ലോകത്തിൽ, മനുഷ്യനിശ്വാസം ചലനങ്ങൾ സൃഷ്ടിച്ചുകഴിഞ്ഞിരിക്കുന്നു. പുതിയ ഒരു കണ്ടുപിടുത്തത്തെക്കുറിച്ചു് കേൾക്കുമ്പോൾ, നേരിയൊരു അത്ഭുതംപോലും നമ്മിലുണ്ടാകാത്തവിധത്തിൽ, അത്രയ്ക്കു് സർവ്വസാധാരണമായിക്കഴിഞ്ഞിരിയ്ക്കുന്നു.

ശാസ്ത്രീയമായ കണ്ടുപിടുത്തങ്ങളും മനുഷ്യജീവിതത്തിൽ അവ ചെലുത്തുന്ന സ്വാധീനവും, മനുഷ്യൻ ചന്ദ്രനിലിറങ്ങി എന്ന വാർത്ത, വലിയ ഭാവഭേദങ്ങളൊന്നും ഈ ലേഖകനിൽ സൃഷ്ടിച്ചില്ല എന്നതു് ഒരു പരമാർത്ഥം മാത്രമാണു്. ശാസ്ത്രത്തിന്റെ സിദ്ധികളെക്കുറിച്ചുള്ള ജിജ്ഞാസയും അത്ഭുതവുമൊക്കെ നശിച്ചു്, ഒരുതരം മാനസികമായ തികവിൽ (Satiety) മനുഷ്യലോകം എത്തിച്ചേർന്നിരിക്കുന്നു എന്നതാണു് സത്യം.

ഭൗതികരംഗത്തെ നേട്ടങ്ങളുടെ മുഴുവൻ പ്രേരണാശക്തിയായി ശാസ്ത്രപുരോഗതിയെ കണക്കാക്കുന്നതിൽ തെറ്റില്ല. വൈദ്യശാസ്ത്രത്തിന്റെ വളർച്ചയിൽ, വ്യത്യസ്തങ്ങളായ നിർമ്മാണപ്രവർത്തനങ്ങളെ സുഗമമാക്കുന്ന സാങ്കേതികവിജ്ഞാനത്തിന്റെ വളർച്ചയിൽ ഒക്കെ ശാസ്ത്രപുരോഗതിയുടെ ഓരോ നാഴികക്കല്ലുകൾ നാം ദർശിക്കുന്നു. എന്നാൽ ഇവയ്ക്കുപരിയായി, മനുഷ്യചിന്തയിലും വീക്ഷണത്തിലും, ശാസ്ത്രം ചെലുത്തിയ സ്വാധീനത്തെക്കുറിച്ചു് നാം അഭിമാനം കൊള്ളേണ്ടിയിരിക്കുന്നു. അതുപോലെ തന്നെ ചരിത്രത്തിന്റെ ഗതിയെ നിയന്ത്രിക്കുന്ന ഒരു നിർണ്ണായകഘടകം എന്ന നിലയിലും ശാസ്ത്രീയനേട്ടങ്ങൾ പ്രാധാന്യം അർഹിക്കുന്നു.

ശാസ്ത്രീയ വീക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ചും, അതിന്റെ അഭാവത്തിൽ വന്നുചേർന്നേക്കാവുന്ന ദുരവസ്ഥയെക്കുറിച്ചുമൊക്കെ നാം വളരെയധികം കേൾക്കാറുണ്ടു്. വളരെ ശ്രദ്ധാർഹമായ ഒരു ഉദാഹരണം ഇതാ: യവനജനതയുടെ ആരാധനാപാത്രമായിരുന്നു അരിസ്റ്റോട്ടിൽ. അരിസ്റ്റോട്ടിൽ പറയുന്നതെന്തും അവരംഗീകരികരിക്കുകയും ചെയ്യുമായിരുന്നു. ഒരിക്കൽ അരിസ്റ്റോട്ടിൽ പറഞ്ഞു, സ്ത്രീകൾക്കു് പുരുഷന്മാരെക്കാൾ രണ്ടു പല്ലു കുറവാണെന്നു്. രണ്ടു നൂറ്റാണ്ടു കാലം ഗ്രീക്കുജനത ഈ അബദ്ധം വിശ്വസിച്ചു എന്നാണു് ചരിത്രകാരന്മാർ പറയുന്നതു്. സ്വന്തം ഭാര്യയുടെ വായ്തുറന്നു്, പല്ലുകൾ എണ്ണി തിട്ടപ്പെടുത്തിയിരുന്നുവെങ്കിൽ സ്വയം തിരുത്താമായിരുന്ന ഒരു തെറ്റു്, ഒരു സമൂഹത്തിന്റെ മേൽ അടിച്ചേല്പിക്കാൻ അദ്ദേഹത്തിനു് സാധിച്ചു. നിരീക്ഷണത്തിന്റെയും, യുക്തിപരമായ ചിന്തകളുടേയും അടിസ്ഥാനത്തിൽ, വസ്തുതകളെയും പ്രതിഭാസങ്ങളെയും വിലയിരുത്താനുള്ള കഴിവും വ്യഗ്രതയും — ഇതിനെയാണു് ശാസ്ത്രീയവീക്ഷണമെന്നു പറയുന്നതു് — മനുഷ്യസമൂഹത്തെ അന്ധവിശ്വാസങ്ങളുടെ തടങ്കൽപാളയങ്ങളിൽ നിന്നും സ്വതന്ത്രമാക്കുന്നതിനു് ആവശ്യമായിരിക്കുന്നു. സ്വതന്ത്ര്യ ഇന്ത്യയിൽ, ഈ ശാസ്ത്രീയവീക്ഷണത്തെക്കുറിച്ചു്, വളരെയധികം ഉൽബോധനങ്ങൾ നൽകിയിട്ടുള്ള ഒരു മഹാനെന്ന നിലയിൽ പണ്ഡിറ്റ് നെഹ്റുവിനെ നാം എപ്പോഴും സ്മരിക്കേണ്ടിയിരിക്കുന്നു.

യൂറോപ്പിലെ വ്യാവസായിക വിപ്ലവത്തോടെയാണു് "ശാസ്ത്രീയ യുഗം", അതിന്റെ ഇന്നറിയപ്പെടുന്ന അർത്ഥത്തിൽ പിറവിയെടുത്തതു്. എന്നാൽ, അതിനു് വളരെക്കാലം മുൻപുതന്നെ ചരിത്രത്തിന്റെ ഗതിയെ നിയന്ത്രിക്കുന്ന ഒരു ശക്തിയായി മാറിക്കഴിഞ്ഞിരുന്നു ശാസ്ത്രം.

# ശാസ്ത്ര പുരോഗതിയും മനുഷ്യ പുരോഗതിയും



—ഗോപാൽ ഷേണായ് ജി.
B.Sc. Final Year

മനുഷ്യപുരോഗതി ശാസ്ത്രപുരോഗതിയുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ഈ ധീരനൂതന ലോക ("The Brave new world") ത്തിൽ, ശാസ്ത്രത്തിൻെറ സംഭാവനകൾ വളരെയാണ്. നിരീക്ഷണങ്ങളിലൂടെയും, പരീക്ഷണങ്ങളിലൂടെയും, വളർത്തിയെടുത്ത മനുഷ്യന്റെ ബുദ്ധിപരമായ സിദ്ധികളുടെ ആകെത്തുകയാണ് ശാസ്ത്രം.

ശാസ്ത്രീയനേട്ടങ്ങൾ ഭൗതിക സുഖസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിൽ വളരെയധികം പ്രയോജകീഭവിച്ചിട്ടുണ്ട്. നൂററാണ്ടുകളിലൂടെ മനുഷ്യൻെറ ജീവിതനിലവാരത്തിൽ, വന്നുചേർന്നിട്ടുള്ള വ്യത്യാസം വിസ്മയാവഹമാണ്. എന്നാൽ കഴിഞ്ഞ ഒന്നോ രണ്ടോ ദശാബ്ദങ്ങൾക്കുള്ളിൽ ശാസ്ത്രത്തിൻെറ വളർച്ച ജീവിതത്തിൽ വിഭിന്ന തുറകളിൽ വരുത്തിത്തീർത്തിട്ടുള്ള മാററങ്ങൾ താരതമ്യേന കൂടുതൽ ശ്രദ്ധേയങ്ങളാണ്. ഭൗതിക നേട്ടങ്ങളുടെ കാര്യത്തിൽ, ശാസ്ത്രത്തിന്റെ സഹായത്തോടെ സമ്പന്നമായ നിലവാരം നേടിയെടുക്കാമെന്ന കാര്യത്തിൽ,

# അവൾ എൻെറ.....!

E. B. JAYARAM
III B. Sc. Botony

പതിവുപോലെ ആഫീസിലെത്തി സീററിൽ ഇരിപ്പുറപ്പിച്ചതിനുശേഷം "ഫാൻ" ഓൺ ചെയ്തു, അല്പം വിശ്രമിക്കാം എന്നു കരുതി. എന്നിട്ടും മനസ്സിനെ നിയന്ത്രിക്കുവാൻ സാധിച്ചില്ല. കഴിഞ്ഞ ഒന്നു രണ്ടു കൊല്ലത്തിനിടയിൽ അവൾ ആവശ്യപ്പെട്ടിട്ടുള്ളതൊന്നുംതന്നെ സാധിച്ചുകൊടുക്കാതിരുന്നിട്ടില്ല. ആദ്യമായി അവളുടെ ഒരാഗ്രഹത്തെ എതിർക്കുകയാണു്. പെട്ടെന്നു് അവളുടെ മുഖഭാവം ആകെ മാറി. എത്ര വിളിച്ചിട്ടും തിരിഞ്ഞുനോക്കാതെ തലയിണയിൽ മുഖമമർത്തി തേങ്ങിക്കരയാൻ തുടങ്ങി. അതു കണ്ടപ്പോൾ എനിക്കും ദേഷ്യം വർദ്ധിച്ചു. മുറിയിൽ നിന്നും ഇറങ്ങി നേരെ "പോർട്ടിക്കോ"യിൽ എത്തി കാറിൽ കയറി ഓടിച്ചുപോന്നു.

പതിവുള്ള എല്ലാം ചിട്ടകളും തെററിയിരിക്കുന്നു. സാധാരണ കാപ്പികുടി കഴിഞ്ഞും ഡ്രസ്സ് മാറാൻ തുടങ്ങുമ്പോൾ കുഴഞ്ഞുകൊണ്ടു് അടുത്തുവരും. പദവിക്കു യോജിച്ചവിധം വസ്ത്രധാരണം ചെയ്യുന്നതിൽ ഞാൻ ശ്രദ്ധിക്കാറുണ്ടു്. എങ്കിലും നിറഞ്ഞ അലമാരിയിൽ നിന്നും ഡ്രസ്സുകൾ അവളാണു് തിരഞ്ഞു് എടുത്തു തരുന്നതു്. ഡ്രസ്സ് ചെയ്തുകഴിയുമ്പോൾ മാധുര്യമേറിയ ഒരു ചുംബനത്തോടുകൂടി അവൾ എന്നെ യാത്രയാക്കും. അതുപോലെ അഞ്ചുമണി കഴിഞ്ഞാൽ എൻെറ വരവും കാത്തു് പോർട്ടിക്കോയിൽ തൂണും ചാരി അവൾ നിൽപ്പുണ്ടാകും. ഒരു ചുംബനത്തോടുകൂടി അവൾ എന്നെ സ്വീകരിക്കും. ആ പതിവെല്ലാം ഇന്നു നഷ്ടപ്പെട്ടു.

ഒരുവിധം ആഫീസ്സുസമയം കഴിച്ചുകൂട്ടി അഞ്ചുമണിയായപ്പോൾ സീററിൽ നിന്നും എഴുന്നേററു. ആകെ മനസ്സിനു് ഒരു ഉന്മേഷവും തോന്നിയില്ല. കുറെ നേരം പാർക്കിലും മററുമായി കറങ്ങി. അവസാനം ഇരുട്ടിയപ്പോൾ വീട്ടിൽ എത്തി. എന്നെ കണ്ടിട്ടും അവൾ കണ്ട ഭാവം നടിച്ചില്ല. മുഖം വെട്ടിച്ചുകൊണ്ടു് അപ്പുറത്തേയ്ക്കു നടന്നുപോയി.

കുറച്ചു ഫയൽ ശരിപ്പെടുത്തുവാനുള്ളതുകാരണം "ടേബിൾലാംബ് ഓൺ" ചെയ്തു് മേശയ്ക്കു മുമ്പിലിരുന്നു. എത്ര ശ്രമിച്ചിട്ടും ഫയലിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിഞ്ഞില്ല. കഴിഞ്ഞ സംഭവങ്ങൾ ഓരോന്നായി എൻെറ മുമ്പിൽ നിരന്നുതുടങ്ങി. എന്തോ ശബ്ദം കേട്ടു് ഓർമ്മയിൽ നിന്നു് ഞെട്ടിഉണർന്നു് മുമ്പിലുള്ള കണ്ണാടിയിലേയ്ക്കു നോക്കി. അവൾ അർദ്ധനഗ്നയായി എൻെറ പിന്നിൽ അനങ്ങാതെ നിൽക്കുന്നു. അവസാനം അവളുടെ കണ്ണുകൾ ടേബിൾ ലാംബിൻെറ സ്വിച്ചിൽ പതിഞ്ഞു. എനിക്കു് കാര്യം മനസ്സിലായി. ഞാൻ അവളെ വാരിയെടുത്തു് മാർദ്ദവമേറിയ ആ കവിളിൽ തെരുതെരെ ചുംബിച്ചു. അതോടുകൂടി അവളുടെ സർവ്വപിണക്കവും തീർന്നു. സാവധാനത്തിൽ അവളെ നിലത്തു നിർത്തിയതിനുശേഷം ഞാൻ പറഞ്ഞു:

"നീ പോയി ബെഡ്ഡിൽ കിടന്നോ, ഞാൻ ഇപ്പോൾ വന്നേക്കാം"

അവൾ ഒരു കൊഴച്ചിലോടെ പറഞ്ഞു:

"ഞാൻ ഡാഡി വന്നാലെ കിടക്കൂ."

OOO

"നവോത്ഥാന"ത്തോടുകൂടിയാണല്ലോ ചരിത്രത്തിലെ ആധുനികഘട്ടം (Modern age) ആരംഭിക്കുന്നതു്. ഈ നവോത്ഥാനത്തെക്കുറിച്ച് പഠിക്കുമ്പോൾ, പുതിയ ഭൂവിഭാഗങ്ങളുടെ കണ്ടുപിടുത്തങ്ങളാണു് ആദ്യമായി നമ്മുടെ ശ്രദ്ധയിൽ പെടുക. ഈ കണ്ടുപിടുത്തങ്ങളൊക്കെ സുസാദ്ധ്യമായിത്തീർന്നതു്, അതിനനുയോജ്യമായ നാവിക സമ്പ്രദായങ്ങളും ഉപകരണങ്ങളും നേടിയെടുക്കുവാൻ സാധിച്ചതുകൊണ്ടാണു്. വെടിമരുന്നിന്റെ ആവിർഭാവം ഫ്യൂഡൽ വ്യവസ്ഥിതിയെ തകിടം മറിച്ചതായും നാം മനസ്സിലാക്കുന്നു. ഇതു് കേവലം ഒററപ്പെട്ട ഒരു സംഭവമല്ല. ഇന്നുവരെ രൂപമെടുക്കുകയും, വാടിക്കരിയുകയും ചെയ്തിട്ടുള്ള എല്ലാ വ്യവസ്ഥിതികളെയും നയിക്കുകയും, നിയന്ത്രിക്കുകയും ചെയ്തിട്ടുള്ള ശക്തികളിൽ ശാസ്ത്രപുരോഗതി വളരെ പ്രാധാന്യം അർഹിക്കുന്നു.

ശാസ്ത്രവും മതവും രണ്ടു ധ്രുവങ്ങളിൽ നിലകൊള്ളുന്ന ശക്തികളാണോ, ശാസ്ത്രപുരോഗതി ധാർമ്മികമൂല്യങ്ങളെ തല്ലിക്കെടുത്തുന്ന ഒരു ശക്തിയാണോ, എന്നിങ്ങനെയുള്ള ചോദ്യങ്ങൾ, ശ്രദ്ധാർഹങ്ങളാണു്. ശാസ്ത്രവും മതവും തമ്മിൽ മൗലികമായ പൊരുത്തക്കേടുകളില്ലെന്നും, അവ പരസ്പര പൂരകങ്ങളായ ശക്തികളാണെന്നും ഉള്ള ചിന്താഗതി ഇന്നു് ചിന്തകന്മാരുടെ ഇടയിൽ പരക്കെ അംഗീകരിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു എന്നതാണു് സത്യം. ധാർമ്മികമൂല്യങ്ങളുടെ അധ:പതനത്തിനും, അവയിൽ അധിഷ്ഠിതമായ സമൂഹത്തിന്റെ ഉലച്ചിലിനും കാരണങ്ങളന്വേഷിക്കുമ്പോൾ, ശാസ്ത്രത്തിന്റെ വളർച്ചയുമായി ബന്ധപ്പെട്ടതെങ്കിലും, യഥാർത്ഥത്തിൽ വ്യത്യസ്തങ്ങളായ മററു പല കാര്യങ്ങളെക്കുറിച്ചും പഠിക്കേണ്ടിയിരിക്കുന്നു.

മനുഷ്യരാശിയുടെ ഭാവിയെക്കുറിച്ച് വിഷാദപൂർണ്ണമായ കാഴ്ചപ്പാടുകൾ അവതരിപ്പിച്ച മാൽത്തസ് (Malthus)-നെപ്പോലെയുള്ള സാമ്പത്തിക ചിന്തകന്മാരുടെ സിദ്ധാന്തങ്ങൾ പുറംതള്ളപ്പെട്ടിരിക്കുന്നു. ശാസ്ത്രത്തിന്റെ നല്ല ഫലങ്ങൾ സാങ്കേതിക പുരോഗതിയിലൂടെ പ്രതിഫലിക്കപ്പെടുന്നുണ്ടു്. ശാസ്ത്രത്തിന്റെ ദൂഷ്യഫലങ്ങൾ ഒഴിവാക്കുവാൻ അന്താരാഷ്ട്രീയതലത്തിലുണ്ടാകുന്ന മുന്നേററങ്ങൾ കൊണ്ടു മാത്രമേ സാധിക്കുകയുള്ളു. ശാസ്ത്രപുരോഗതിയുമായി ബന്ധപ്പെട്ട നശീകരണശക്തികളെ തുടച്ചുമാററുകയും, ശാസ്ത്രത്തിന്റെ നല്ല ഫലങ്ങളെ, മാതൃകാപരമായ വിതരണം ചെയ്യുകയുമാണു് ഇന്നു് നമ്മെ അഭിമുഖീകരിക്കുന്ന ഗൗരവമേറിയ പ്രശ്നം. —

*With best wishes from*

M/s. KUMARA SWAMY REDDIAR & SONS

ALLEPPEY



ചെറുകഥ

# വിശപ്പിന്റെ വിളി

ജോയി തോമസ്
IInd P. D. C. No. 603

രാത്രി ! അർദ്ധരാത്രി ! വലിയ ഭാരത്തിൽനിന്നു് വിമുക്തമായി എല്ലാം മറന്നു് ലോകം നിശബ്ദമായി ഉറങ്ങുകയാണു്. മനുഷ്യർ പകലന്തിയോളം പണിയെടുത്തശേഷം അടുത്ത പകലിനു വേണ്ടി ദാഹിച്ചുറങ്ങുന്ന സമയം. അന്തരീക്ഷം നിശബ്ദമെങ്കിലും "പരമു"വിനു് ഉറങ്ങാൻ കഴിഞ്ഞില്ല. പുലർച്ചയ്ക്കു മുൻപു് എന്തെങ്കിലും സമ്പാദിച്ചില്ലെങ്കിൽ! വിശന്നുകിടന്നുറങ്ങുന്ന കുഞ്ഞുങ്ങളും ഭാര്യയും ഉണരുമ്പോൾ! അതിനെക്കുറിച്ചു് ഓർക്കാൻപോലും പരമു അശക്തനായിരുന്നു.

അവൻ നൂററാണ്ടുകൾ പഴക്കമുണ്ടെന്നു തോന്നുന്ന ആ വണ്ടിയിൽ കൈപിടിച്ചു് മുമ്പോട്ടുനീങ്ങി. ഇരുട്ടിന്റെ വലയത്തെ തകർക്കാനെന്ന മട്ടിൽ ചിമ്മിണിവിളക്കു് ഇടയ്ക്കിടെ മങ്ങിപ്രകാശിച്ചു. ഒരു നക്ഷത്രംപോലും കാണുന്നില്ലല്ലോ. അവൻ മനസ്സിൽ ഓർത്തു.

12-30നുള്ള മദ്രാസ് മെയിൽ വന്നുപോയാൽ ഒരു ഓട്ടം കിട്ടുമെന്നു കരുതിയാണു് രാത്രിയുടെ അഗാധതയിൽ ഏകനായി നീങ്ങുന്നതു്. വണ്ടിയുടെ ചൂളംവിളി കേട്ടപ്പോൾ നടപ്പിനു വേഗത കൂട്ടി. ആ പഴയ കാലുകൾക്കു് എത്രമാത്രം വേഗത കൂട്ടാനാകും. വലിയ ശബ്ദത്തോടെ വണ്ടി പ്ലാററുഫോമിൽ വന്നുനിന്നു. വണ്ടിയിൽനിന്നു് ഇറങ്ങുന്നവരുടെയൊന്നും ശ്രദ്ധ തന്നിൽ പതിയുന്നില്ലല്ലോ എന്നോർത്തു് അവൻ നിശ്ചലനായി നോക്കിനിന്നു. എല്ലാവർക്കും വലിവണ്ടി ഒരു അവഹേളനമാണു്. പഴക്കത്തിനനുസരിച്ചു് അവഹേളനത്തിന്റെ അളവും കൂടിവരുന്നു.

കുഞ്ഞുങ്ങളുടെ ഭാഗ്യം പരമു മനസ്സിൽ ഓർത്തു. ധനികകുടുംബത്തിലെയെന്നു തോന്നിക്കത്തക്ക രീതിയിലുള്ള ഒരു സ്ത്രീ വണ്ടിയുടെ അടുക്കലേയ്ക്കു വന്നു. ഒരു ഓട്ടം പോരണമല്ലോ. "മായാപുരം" അവൾ മൊഴിഞ്ഞു. ഒരു ഷോക്കു് ഏററതുപോലെ അവൻ നിന്നു. നേരം സന്ധ്യ ആയാൽ പിന്നീടു് വണ്ടിയൊന്നുംതന്നെ ആ വഴിക്കു പോകാറില്ല. യാത്രക്കാർ തന്നെ വിരളമായെ ആ വഴിക്കു സഞ്ചരിക്കാറുള്ളു. മനുഷ്യർ അത്രയും പേടിക്കുന്ന സ്ഥലമാണു്. കള്ളന്മാരുടെയും കൊള്ളക്കാരുടെയും സങ്കേതമാണു് അവിടം. (പോലീസ് ഡിപ്പാർട്ടുമെന്റിൽ പരാതിപ്പെട്ടിട്ടും യാതൊരു നിവൃത്തിയും നാട്ടുകാർക്കു് ഉണ്ടാക്കിക്കൊടുക്കാൻ

# രണ്ടു കവിതകൾ

## വികാരം

മിഴിതൻ ഉണർവിൽ
ഉയർന്നീടും നഭസ്സിൽ
ത്രവണിതയായീടുന്നു
നിൻ മനോവികാരം

ചഞ്ചലിപ്പു മനസ്സിൽ
വികാരമാം മഞ്ചത്തിൽ
സഞ്ചരിപ്പു തമസ്സിൽ
യാത്രയായീടുന്നു നീ.

നിശബ്ദയൻ നീലരാവിൽ
തെന്നലിൻ മറവിൽ
ജീവിതപുഷ്പം പകരുന്നു
ഇവിടെയോരോ ജീവിയും

മാനം കുളിർക്കെ പുതു-
പുഷ്പം ചൊരിഞ്ഞീടുന്നു
മനം നിറയെ വികാരം
തത്തിക്കളിച്ചീടുന്നു.

===

## നിലാവ്

നിലാവിൻ നീണ്ട രാവിൻ
നിഗ്ഗൂഢതയിൻ ഭീകരമാം
നിശബ്ദതൻ കേണീടുമ്പോൾ
നിരാശയിൽ അടിയറതൻ
നിർമ്മോഷ് മായ് നിന്നീടുന്നു.

നിലാവിൻ അന്തിമയിൽ
നിർമ്മലമാം സായാഹ്നത്തിൽ
നീലാംബര മിഴികളാലേ
നീലകിനാവുകൾ കണ്ടുകണ്ട്
നിമിഷങ്ങൾ ഓടിമറഞ്ഞിടുന്നു.

നിലാവിൻ നിസ്തുലഹസ്തം
നിന്നെ പുണർന്നീടുമ്പോൾ
നികൃഷ്ടമാം ജീവിതത്തിൽ
നീലോല്ലുന്ന ദീപം കൊളുത്തി
നീണ്ട രാവുകൾ പോയ്മറഞ്ഞു.

===

—രാജൻ, വാൽച്ചിറ II B. Sc.


Phone:- Factory: 33294
Office: 33034

**CHITHRASALA**

**PRESS CLUB ROAD, COCHIN-11.**

ARTISTS, DESIGNERS, BLOCK MAKERS & PRINTERS

Specialists in:- EXHIBITION PAVILION DESIGN & CONSTRUCTION
INTERIOR DECORATION

PROP: ARTIST V. M. BALAN

*With the Best Wishes from:-*

Sheila Medicals, Chemists and Druggists

NEAR GIRLS' HIGH SCHOOL
CHITTOOR ROAD, COCHIN-16.

# Creations of Our Budding Artists




By Sivadas
II B.Sc (Botany)



By P. K. Mohan
I B. Sc (Zoo)



By Asharaff. K. P.
I PDC



Gopal Shenoy G.
III B. Sc. (Physics)
Designed the Cover



Best Artist
Sivadas
II B.Sc. Botany

കഴിഞ്ഞിട്ടില്ല.)
ഡിപ്പാർട്ടുമെൻറിനു സംശയം.
ളുകയുടെ കാര്യത്തിലാണോ തലതിരിച്ചു.
അവൻ ഒരു നടുക്കത്തോടെ കൈപററിയ്ക്കോളൂ.
ളുക ആദ്യംതന്നെ നീട്ടി.
അവരം ഒരു പത്തുരൂപയെടുത്തു അറിയാ
നാളത്ത പ്രഭാതത്തെപ്പററി വലി
വുന്ന അവൻ കൈ പിൻപോട്ടു
ച്ചില്ല. പട്ടിണിമാത്രം കൈമുതലായുള്ള
അവൻ പത്തുരൂപാ നിരസിയ്ക്കുകയോ?

രാത്രിയുടെ നിശബ്ദതയെ തട്ടി
ഉണർത്തിക്കൊണ്ടു് റിക്ഷാ മുൻപോട്ടു
നീങ്ങിക്കൊണ്ടിരുന്നു. അവർ തമ്മിൽ
ഒന്നുംതന്നെ ഉരിയാടിയുമില്ല. ഇരുവശ
ങ്ങളിൽ മുററിനിൽക്കുന്ന വൻവൃക്ഷങ്ങരം
ഓരോ ഭയാനകമായ ചലനങ്ങരം സൃഷ്ടി
ച്ചുകൊണ്ടിരുന്ന റെയിൽവേ സ്റ്റേഷനിൽ
നിന്നു് രണ്ടുമൈൽ പിന്നിട്ടുകാണും.
പെട്ടെന്നൊരു ശബ്ദം, അവൻ പുറകോട്ടു
തിരിഞ്ഞുനോക്കി. ഇരുട്ടിൽ ആരൊ
ഒന്നു രണ്ടുപേർ അടുത്തു വരുന്നതുപോലെ

തോന്നി. മനസ്സു് പെട്ടെന്നൊന്നു്
പിടഞ്ഞു. എന്താണു് ചെയ്യേണ്ടതു്?
ആ ബലഹീനങ്ങളായ കൈകരംക്കു്
പെട്ടെന്നൊരു ശക്തി കിട്ടിയതുപോലെ
അവനു തോന്നി. ഏതായാലും ഒരു
സ്ത്രീയെ കുരുതികൊടുക്കാൻ ഒക്കില്ല.
റിക്ഷായുടെ പിടി താഴത്തേയ്ക്കു വച്ചു്
എന്തൊ മനസ്സിലുറച്ചു നിലകൊണ്ടു.
പത്തു പന്ത്രണ്ടു മിനിററുനേരത്തേയ്ക്കു് ഒരു
ഉഗ്രപോരാട്ടം തന്നെ നടന്നു. കൊള്ളി
യാൻ മിന്നുന്നതുപോലെ എന്തൊ ഒന്നു്
വായുവിൽ കൂടി ഓടിമറഞ്ഞു. ഒരു
വലിയ ശബ്ദത്തോടെ രംഗം ശാന്തമായി.

പുലർച്ചയ്ക്കു് റെയിൽവേ സ്റ്റേഷനിൽ
വണ്ടികയറാൻ കാത്തുനിന്നവരുടെ ഇട
യിൽ ഒരു പുതിയ വർത്തമാനം പരന്നു.
റിക്ഷാ പരമു മരിച്ചു! റിക്ഷാപരമു
മരിച്ചോ? കേട്ടവർ കേട്ടവർ അതു്
ആവർത്തിച്ചു.

●○●

ഒന്നും വായിക്കാത്ത ഒരു മനുഷ്യൻ ദിനപ്പത്രങ്ങരം മാത്രം വായിക്കുന്നവനേക്കാരം
വിദ്യാസമ്പന്നനായിരിക്കും.

ഒരു ദിനപ്പത്രത്തിൽ സത്യമെന്നു് വിശ്വസിക്കാവുന്നതു് പരസ്യങ്ങരം മാത്രമായിരിക്കും.
—ജാഫേഴ്സൺ

നാം ചരിത്രത്തിൽ നിന്നു് ഒന്നും പഠിക്കുന്നില്ലെന്നു് ചരിത്രം നമ്മെ പഠിപ്പിക്കുന്നു.
—ഹേഗൽ

വിവാഹം കഴിക്കുന്നതാണു് എന്തുകൊണ്ടും നല്ലതു്. നിങ്ങളുടെ ഭാര്യ നല്ലവളാണെ
ങ്കിൽ നിങ്ങരംക്കു് സുഖമായ ഒരു ജീവിതം നയിക്കാം. ഭാര്യ നല്ലവളല്ലെങ്കിൽ
നിങ്ങരംക്കു് ഒരു തത്വചിന്തകനാകാം.
—സോക്രട്ടീസ്

രാജ്യസ്നേഹമെന്നതു് തൻെറ രാജ്യം മറെറല്ലാ രാജ്യങ്ങളേക്കാളും ശ്രേഷ്ഠമാണു് എന്ന
വിശ്വാസമാണു്. നിങ്ങരം അവിടെ ജനിച്ചു എന്നതുമാത്രമാണു് ആ വിശ്വാസത്തിനു
കാരണം.
—ബർണാഡ്ഷാ.



●○●



L/Cdt: Lionel Rozorio
Kerala's Best Leading Cadet



Cdt: Captain Jayakumar R.
Kerala's Best Cadet Captain



AB/Cdt: Gopalakrishnan
Attended Advanced
Leadership Camp



Cdt: P. O. Bappu M.D.



Chellappan E. B.
Ist in Light music in our College



Rajagopal II BSc Physics
Won the Ist: prize for Classical music and 2nd prize for Light music in the K. U. U youth festival 1972



M. K. Thankappen (Best actor)
"തെണ്ടികളുടെ നാട്ടിൽ"
എന്ന നാടകത്തിൽ

## WE ARE PROUD OF....



Jacob J. Kattikkaran
Senior Under Officer



Gopinathan M. R.
Senior Under Officer]



C. U. O. Joseph



C. S· M. Peter (Attended A. I. S. T. C, Ooty)



C. U. O. Thankachen (Attended A. I. S. T. C, Ooty)



C. U. O. Sudhakaran K.P.



C. U. O. Ajoykumar T. V.

# Hindi Vibagh

# Annual Sports Day



Captain of the Best House receives trophy from Fr. Xavier Kaniampuram



Champion of Non-teaching staff receives the prize



L. to R:- G. M. Bhat Represented Kerala University in Basket ball
A. P. Raj Represented Kerala University in Basket ball
K. J. Paul Represented Kerala University in Foot-ball

# Social Service League



P. C. George, Secretary
Social Service league



Best Social worker
Mathew P. K., III B. Com

# "शरारती कुट्टप्पन्"

**V. D. Sivakumar**
II. P. D. C No: 579
"C" Batch

अपराधी कुट्टप्पन हाथ में हथकडी पहने सडक से होकर आगे बढते चला। उसके दाएं बाएं ओर लोहे की टोपी पहने हूए पुलीस सख्त पहरे पर चलती है। सड़क के दोनों पारश्वों पर खडे हुए लोगों में अपार आनन्द दिखाई देता था। मानों दया उन से कोसों दूर भाग गयी हो। कारंण यह है कि कुट्टप्पन एक शरारती है; कुछ दिन के लिए तो सही गुण्डा कुट्टप्पन का आतंक न हो।

यद्यपि कुट्टप्पन भूल कर रहा था; अत्याचार कर रहा था तो भी वह उस समाज के प्रति उस का बदला चुकाना था। वह समाज से तिरुस्कृत किया गया। ऐसे निरभिमान एक युवक को इसके अलावा और कोई उपाय नहीं था। असंख्य चीज़ें कानून के खिलाफ़ उसने अपने अधीन कर लिया। उस के बारे में लोगों का विचार था कि अपना पेट भरने केलिए भूख मिटाने केलिए जूठे पत्ते के लिए कुत्तों के साथ छीना झपटी करने-वाला आवारा लडका है।

वहां नीति नहीं, कानून नहीं। इतिहास दुहरा गया। जो अपराध करता है उस को दण्ड देने केलिए कानून है। अफसोस! अपराध किये बिना जीवन निर्वाह करने का उपाय नहीं है। मनुष्य की रक्षा करने की अपेक्षा उस को दण्ड देने में समाज अत्यधिक व्यग्र है। कुट्टप्पन ने अपराध किया, सही गल्ती को मानते हुए भी खिलते हुए यौवन में ही प्रलोभनों से मन बहलाकर जिसने कुट्टप्पन की माँ का सर्वस्व अपहरण किया। क्या वे समाज के सामने अपराधी नहीं हैं?

पन्द्रह साल पहले इसी सडक से होकर दो पुलिस कुट्टप्पन की माँ को जबरदस्ती कर पकड ले गयी तो नागरिकों के मुख पर एक फीकी मुस्कुराहट दिखाई देती थी। बिना बाप के एक नन्हे से बच्चे की रक्षा केलिए उसने अपना सब कुछ समाज के सामने सुपुर्द कर दिया। अन्त में कानून के हाथ में वह फँस गयी। उस समय जूठन खाने वाले कुट्टप्पन को देख कर नागरिक कहते थे:- बेचारा.........! लडका।

आज हाथ में हथकडी पहने हुए कुट्टप्पन को देख कर वे ही लोग कहते हैं गुण्डा! कुट्टप्पन! ●

# "शरारती कुट्टप्पन"

**V. D. Sivakumar**
**II. P. D. C No: 579**
**"C" Batch**

अपराधी कुट्टप्पन हाथ में हथकडी पहने सडक से होकर आगे बढते चला। उसके दाएं बाएं ओर लोहे की टोपी पहने हूए पुलीस सख्त पहरे पर चलती है। सड़क के दोनों पारश्वों पर खडे हुए लोगों में अपार आनन्द दिखाई देता था। मानों दया उन से कोसों दूर भाग गयी हो। कारण यह है कि कुट्टप्पन एक शरारती है; कुछ दिन के लिए तो सही गुण्डा कुट्टप्पन का आतंक न हो।

यद्यपि कुट्टप्पन भूल कर रहा था; अत्याचार कर रहा था तो भी वह उस समाज के प्रति उस का बदला चुकाना था। वह समाज से तिरुस्कृत किया गया। ऐसे निरभिमान एक युवक को इसके अलावा और कोई उपाय नहीं था। असंख्य चीज़ें कानून के खिलाफ़ उसने अपने अधीन कर लिया। उस के बारे में लोगों का विचार था कि अपना पेट भरने केलिए भूख मिटाने केलिए जूठे पत्ते के लिए कुत्तों के साथ छीना झपटी करने-वाला आवारा लडका है।

वहां नीति नहीं, कानून नहीं। इतिहास दुहरा गया। जो अपराध करता है उस को दण्ड देने केलिए कानून है। अफसोस! अपराध किये बिना जीवन निर्वाह करने का उपाय नहीं है। मनुष्य की रक्षा करने की अपेक्षा उस को दण्ड देने में समाज अत्यधिक व्यग्र है। कुट्टप्पन ने अपराध किया, सही गल्ती को मानते हुए भी खिलते हुए यौवन में ही प्रलोभनों से मन बहलाकर जिसने कुट्टप्पन की माँ का सर्वस्व अपहरण किया। क्या वे समाज के सामने अपराधी नहीं हैं?

पन्द्रह साल पहले इसी सडक से होकर दो पुलिस कुट्टप्पन की माँ को जबरदस्ती कर पकड ले गयी तो नागरिकों के मुख पर एक फीकी मुस्कुराहट दिखाई देती थी। बिना बाप के एक नन्हे से बच्चे की रक्षा केलिए उसने अपना सब कुछ समाज के सामने सुपुर्द कर दिया। अन्त में कानून के हाथ में वह फँस गयी। उस समय जूठन खाने वाले कुट्टप्पन को देख कर नागरिक कहते थे:- बेचारा.........! लडका।

आज हाथ में हथकडी पहने हुए कुट्टप्पन को देख कर वे ही लोग कहते हैं गुण्डा! कुट्टप्पन! ●

# एक जीवन की प्रत्याशा

**Kora Abraham**
**I. P. D. C.**

हरियाली से और छोटी पहाडों से भरा हुआ एक सुन्दर गाँव है। बालकों के और चिडियों के सुन्दर शब्दों से अन्तरीक्ष शब्दायमान है। उस गाँव को दीपक के समान एक झोंपडि में हेमा जीवन बिताती थी। उसकी आँखें बहुत बडी थी और नाक लंबी थी। कदाचित् वह अपने जन्म से ही सैन्दर्य और सत्स्वभाव से अलंकृत थी। वह अपने माता पिता की एकमात्र संतान थी। उसके घर की हालत बहुत शोचनीय थी। अपने माता-पिता के अथक परिश्रम से हेमा को कॉलेज में भेजी। छोटी उम्र से ही वह लडकी पढ़ने में बडी समर्थ थी।

अपने पिता के कठिनाई में हेमा के माँ को बहुत अनुभाव होते थे। इसलिये माँ भी किसी न किसी तरह घर की खर्च कम होना चाहती थी और वह भी अपने की किया काम करती। इस प्रकार माँ-बाप

---

हम तो तीन ही थे। इसलिए उसने सामने-वाले आदमी को खेलने केलिए बुलाया। मगर उसने जवाब दिया—''माफ कीजिए, मैं खेलना चाहता नहीं हूँ'' उसका विचित्र मानस देख कर मैं भी आश्चर्य में पड़ गया।

फिस ऐसे ही समय आनन्द में चला गया। स्टेशन आते ही उस सद्गृहस्थ्य ने चायवाले को बुलाया और सामनेवाले से भी पूछा। मगर 'ना' कहने पर हमने चाय ले ली। चाय कुछ गरम थी इसलिए गिलास की ज़रूरत थी। मगर गिलास न तो मेरी पास था और न इन लोगों के पास। मजबूरी के साथ सामनेवाले से गिलास देने की विनती की। मगर पत्थर पर पानी डालने से पत्थर नहीं पिघलता हैं। उसने गिलास देने को 'मना कर दी।' मैंने और भी आश्चर्य में आ गया।

कोई भी आदमी अकेलेपन तो ज़रूर पसंद नहीं करेगा। मगर सामने वाले युवक की विचित्रता देखकर मुझे भी दुःख हुआ।

तीसरे दिन शाम को बम्बई स्टेशन पर गाडी रुक गयी। अचानक सामनेवाला आदमी खड़ा हो गया और अपना सामान लेते-लेते बोला, ''माफ करना अगर बुरा लगा हो तो। मगर मैं एक टी. बी. पेश्यंट हूँ। इस बीमारी की गंभीरता जानने के कारण ही मैं आपसे बोलना चाहता नहीं था और साथ ही साथ गिलास भी नहीं देना चाहता था।'' उस आदमी की करुणाजनक बात सुनते ही मेरा आश्चर्य शोक में पलट गया। उसके लिए हमदर्दी तो ज़रूर हुई थी। आखिर एक प्रश्न हुआ कि इन दोनों में से सच्चा सज्जन कौन हो सकता है।

**जय हिन्द!**

# "सज्जन कौन"

तीन साल पहले मैं दिल्ली चला था। जाते समय ट्रेइन में एक घटना घटी थी जो मुझे आज भी याद आती है। वही घटना मुझे लिखने केलिए प्रेरणा देती है।

दो महीने की छुट्टी में दिल्ली जाने का निश्चय करके निकला था। साथ में घरवालों में से कोई नहीं था। शाम को छः बजे ट्रेइन निकली थी। पहले दिन तो मैं अकेला ही था। दूसरे दिन ट्रेइन में बहुत से लोग चढे।

मैं जिस कंपार्टमेंट में था उसी में एक क्रिस्त्यन सद्गृहस्थ्य अपनी पत्नी और बेटी के साथ चढ गया। वे भी दिल्ली जानेवाले थे। ट्रेइन बहुत तेज़ दौड़ रही थी। सूरज का ताप भी असह्य बनता जा रहा था। बहुत बड़ी भीड के कारण वे लोग खड़े हुए थे। थोड़ी ही देर में 'आरकोनम' स्टेशन आया और आधा कंपार्टमेन्ट खाली हो गया।

मेरी बैठक के पास थोड़ी जगह खाली थी। इसलिए मैंने उन्हें उस सद्गृहस्थ्य को वहाँ बैठने की जगह दी। लेकिन वह आदमी तो न बैठा, उसकी पत्नी पास ही बैठ गयी। सामने की बैठक पर जहाँ एक आदमी—दुबला-पतला एक आदमी—दो बैठक लेकर बैठा था वहाँ एक लड़की बैठने केलिए आगे बढी और उसी क्षण वह आदमी बोल उठा—"नहीं, नहीं........ यह तो मेरी जगह है।" यह सुनते ही मेरे पास बैठनेवाली महिला उठ गयी और अपनी बेटी को बैठने की जगह दी। लड़की तो मेरे पास ही आकर बैठ गयी।

थोड़ी देर केलिए लड़की तो चुपचाप बैठी रही। उसने देखा कि मैं बाहरी दृश्य देख रहा हूँ। अचानक लडकी ने मेरी किताब देखने के लिए माँगी जो मैं अपने दोस्त राजेश के पास से लाया था। मैं ने किताब तो दी, मगर कुछ बोल नहीं सका। यह देखते ही लडकी के पिता ने मेरा नाम पूछा। मैंने ज्यों नाम बताने को मुँह खोला तब उनकी लड़की, जो किताब देख रही थी, बोल उठी 'राजेश' जो मेरे दोस्त की किताब में लिखा था। और मेरी मज़ाक उडायी और कहा—'आज तो खुद मशहूर अभिनेता राजेश-खन्नाजी मेरे साथ बैठे हैं' और उसने भी अपना नाम 'हेलन रोज़ी' बताया। और मुझे यह सुनते ही आनंद के साथ कुछ हँसी भी आ गयी। और मैंने अपना ठीक नाम जो अरविन्द था, बताया और सुनते ही हम सब लोग ज़ोर से हँस पड़े। थोड़ी देर में तो हम दोनों अपने-अपने स्कूल और कॉलेज के बारे में बोलने लगे और मैंने उसे एक मन से अपना लिया।

लड़की खेलने के लिए कार्डस ले आयी थी। उसने कार्डस निकाले। उसके पिताजी भी एक पर बैठ गये। मगर

# Fierce Drill

FOR THE AVERAGE BOY AND GIRL, THE PERSUASIVE TUITION AND EXAMINATIONS AT MENON AND KRISHNAN ARE QUITE ENOUGH THERE'S A SPECIAL DRILL FOR YOUNG BLACK SHEEP.

IT INVOLVES FREQUENT IMPOSITIONS, EXTRA HOME-WORK AND WEEKLY SESSIONS WITH THE PRINCIPAL. THE COLLEGE IS ABLE TO CARRY OUT THIS TOUGH ROUTINE BECAUSE STUDENTS INSTINCTIVELY RESPECT MR. MENON AND MR. KRISHNAN

MENON AND KRISHNAN IS ALWAYS RESPONSIBLE: TO STUDENTS, TO THEIR GUARDIANS AND THEIR OWN HARD- EARNED REPUTATION. MENON AND KRISHNAN LOOKS AFTER ALL ITS STUDENTS AND GIVES THEM BETTER CHANCES.

GET MR. MENON TO PILOT YOU ACROSS THE ENGLISH CHANNEL. HIS ESSAYS ARE FASHIONABLE AND HIS STYLE IS EASILY REMEMBERED.MENON'S STUDENTS ARE THE BEST LOT IN THE UNIVERSITY

MR KRISHNAN IS A RESULT - MAKER. HE SERVES MATHEMATICS. SIT AT MR. KRISHNAN'S TABLE AND DIGEST MATHEMATICS.

MENON AND KRISHNAN HAS MATURE, WELL - GROOMED LECTURERS IN ALL SUBJECTS: CHEMISTRY PHYSICS BIOLOGY COMMERCE AND OTHER ARTS. EXCELLENT TRAINING IS IMPARTED IN SCIENCE PRACTICALS

ACCOMMODATION EXTENDED TO BOYS AND GIRLS

PRE - DEGREE CLASSES HAVE BEGUN AT CALICUT AND ERNAKULAM.



## MENON AND KRISHNAN

**Durbar Hall Road Ernakulam Cochin 16.**
**Tel. 32238**
**Opp. Corporation Office Calicut I Tel. 2124**

KERALA'S GREATEST TUTORIAL COLLEGE

aries:MK.179

VIMALA PRINTERS, COCHIN-11.